6794

ലോകമഹാൻമാർ

399

# എബ്രഹാം ലിങ്കൺ

MUNAVIRVL ISLAM HIGH SCHOOL
Date
ERNAKULAM

(C)

STATE INSTITUTE OF EDUCATION
TRIVANDRUM

1980

679A

ലോകമഹാൻമാർ

# ഏബ്രഹാം ലിങ്കൺ

ERNAKULAM

സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ടിന്റെ
ആഭിമുഖ്യത്തിൽ
ശ്രീ. പട്ടം മാർത്താണ്ഡൻ നായർ
തയ്യാറാക്കിയത്

(C)

STATE INSTITUTE OF EDUCATION
TRIVANDRUM

1980

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | അനർഘനിമിഷം | 1 |
| 2. | മരക്കുടിലിൽ മണിദീപം | 2 |
| 3. | പറക്കമുററാത്ത പൈങ്കിളികൾ | 7 |
| 4. | അദ്ധ്വാനശീലനും ധീരനുമായ ആബേ | 11 |
| 5. | ആദരണീയമായ സത്യസന്ധത<br>അടങ്ങാത്ത വിജ്ഞാനദാഹം | 13 |
| 6. | ദയാനിധിയായ ലിങ്കൺ | 15 |
| 7. | നേതൃത്വത്തിന്റെ പാതയിൽ | 17 |
| 8. | ഒരു പുതിയ ജീവിതവൃത്തിയിലേക്ക് | 20 |
| 9. | പ്രഗല്ഭനായ അഭിഭാഷകൻ | 22 |
| 10. | ജീവിതസഖിയെ കണ്ടെത്തി | 25 |
| 11. | ജനസേവനത്തിൽ ആനന്ദം | 30 |
| 12. | കുടിലിൽനിന്ന് കൊട്ടാരത്തിലേക്ക് | 37 |
| 13. | പുഷ്പകിരീടം — അത് ഒരു മുൾക്കിരീടമാണോ? | 43 |
| 14. | സ്വാതന്ത്ര്യത്തിന്റെ പ്രവാചകൻ | 49 |
| 15. | വീണ്ടും പ്രസിഡന്റു പദവിയിലേക്ക് | 52 |
| 16. | അദ്ദേഹം യുഗങ്ങളുടേതാകുന്നു | 56 |

# എബ്രഹാം ലിങ്കൺ

## 1

## അനർഘനിമിഷം

നിഷ്ക്കളങ്കനായ ആ ബാലൻ അവിടെ നിർന്നിമേഷനായി നിന്നു. അവന്റെ കണ്ണുകൾ നിറഞ്ഞുതുളുമ്പുന്നുണ്ട്. തോളിൽ പുസ്തകസഞ്ചി തൂക്കിഇട്ടിരിക്കുകയാണ്. പ്രശാന്തമായ ആ അന്തരീക്ഷം പ്രകാശത്തിൽ കുളിച്ചു നിൽക്കുന്നു. അവന്റെ തുടുത്ത കവിളിലൂടെ കണ്ണുനീർ ഒഴുകുന്നുണ്ട്.

അവൻ എന്നും രാവിലെ അവിടെ വരും. സ്ക്കൂളിലേക്കു പോകുന്ന വഴി, കുറച്ചുനേരം ആ മഹാപുരുഷന്റെ പ്രതിമ കൺകുളിർക്കെ കണ്ടാലേ അവന് തൃപ്തിയാവുകയുള്ളൂ.

അവൻ ഓർത്തു: ഇദ്ദേഹം ഇല്ലായിരുന്നെങ്കിൽ മററു കുട്ടികളെപ്പോലെ സ്ക്കൂളിൽ പോകാൻ തനിക്കു കഴിയുമായിരുന്നോ? തന്റെ വർഗ്ഗക്കാരുടെ നരകയാതനകളെക്കുറിച്ച് അമ്മ പറയാറുണ്ട്. മനുഷ്യരെന്ന നിലയിൽ തങ്ങളെ ആരും കരുതാറില്ലായിരുന്നു. അടിമകളായിരുന്നു തങ്ങൾ. മൃഗങ്ങളെപ്പോലെ തന്റെ പൂർവ്വികൻമാരെ ചന്തയിൽ വിററിരുന്നുപോലും! വെള്ളക്കാരായ കുട്ടികൾ പഠിച്ച് ഉല്ലസിച്ച് ആർത്തു നടക്കുമ്പോൾ നീഗ്രോബാലൻമാർ അടിമവേല ചെയ്യുകയായിരുന്നു.

ഇന്നും കഷ്ടപ്പാടുകളുണ്ട്. മററുള്ളവർക്കൊപ്പം നീഗ്രോബാലനായ തനിക്ക് തല ഉയർത്തി നടക്കാനാവില്ല. എന്നാലും ഒരു ആശ്വാസമുണ്ട്; സ്ക്കൂളിൽ പോകാം; പഠിക്കാം. സ്വന്തം ജീവിതമാർഗ്ഗം സ്വയം കണ്ടെത്താം. തങ്ങളും മനുഷ്യരാണെന്ന് മററുള്ളവർ കരുതുന്നുണ്ട്.

എത്ര പ്രകാശപൂർണ്ണവും കരുണാർദ്രവുമായ നയനങ്ങൾ! ആ ചുണ്ടിൽ ഒരു മന്ദസ്മേരം വിടർന്നുനിൽക്കുന്നു! നിശ്ചയദാർഢ്യം സ്ഫുരിക്കുന്ന ഫാലപ്രദേശം. ആറടിയിലേറെ ഉയരം. ദീർഘമായ ആ കൈയ്യിൽ ഒരു കടലാസു ചുരുൾ കാണാം. ധവളാഭമായ വേഷം. വാഷിംഗ്ടൺ നഗരത്തിൻെറ ഹൃദയഭാഗത്ത് നിവർന്നു നിൽക്കുന്ന പൂർണ്ണകായപ്രതിമ. ഒരു നെടുവീർപ്പോടെ ആ നീഗ്രോബാലൻ വിചാരിച്ചു: ഈ പരിസരം തൻെറ വിശുദ്ധ ദേവാലയമാണ്. ഇദ്ദേഹം തൻെറ ഈശ്വരനാണ്. ആ പാദങ്ങൾ തൊട്ടു വന്ദിച്ച് സ്ക്കൂളിലേക്കു പോകുമ്പോൾ അവൻ ദിവ്യമായ ഒരനുഭൂതിയിലായിരുന്നു.

നീഗ്രോകളുടെ വിമോചകൻ ആയ എബ്രഹാംലിങ്കൻെറ പ്രതിമയാണത്. അമേരിക്കൻ ഐക്യനാടുകളുടെ മഹാനായ പ്രസിഡൻറിൻെറ ചൈതന്യ പൂർണ്ണമായ ആ പ്രതിമ തലസ്ഥാനനഗരിയിൽ സ്ഥാപിച്ചിരിക്കുന്നു. അടിമവർഗ്ഗക്കാർക്ക് അദ്ദേഹം വിമോചകനാണ് — ദൈവമാണ്.

പരമദരിദ്രനായി ജനിച്ച്, സ്വപ്രയത്നം കൊണ്ട് അത്യുന്നത പദവിയിൽ എത്തിയ ഈ അതിമാനുഷൻെറ ജീവിതകഥ അനർഘമാണ് — ആവേശഭരിതവുമാണ്.!

## 2

## മരക്കുടിലിൽ മണിദീപം

കെൻട്രക്കി അമേരിക്കയിലെ ഒരു സംസ്ഥാനമാണ്. വനപ്രദേശങ്ങൾ ആ സംസ്ഥാനത്തിൻെറ പ്രത്യേകതയാണ്. ഇടതിങ്ങി വളരുന്ന മരങ്ങൾ. വളരെ ചുരുക്കം ആളുകളേ ആ വനപ്രദേശത്തു താമസിക്കുന്നുള്ളൂ. പരിഷ്ക്കാരം എത്തി നോക്കാത്ത പ്രദേശം. അവിടവിടെ കൊച്ചു കുടിലുകൾ കാണാം. അക്കൂട്ടത്തിലുള്ള, വെളിച്ചം കടക്കാത്ത ഒരു മരക്കുടിലിൽ 1809 ഫെബ്രുവരി 12—ാം തീയതി എബ്രഹാംലിങ്കൺ ജനിച്ചു.

പിതാവു തോമസ് ലിങ്കൺ ഒരു മരപ്പണിക്കാരനായിരുന്നു. അമ്മ നാൻസിഹാങ്ക്സ്. ആ ദമ്പതികൾക്ക് രണ്ടു കുട്ടികളേയുള്ളൂ. മൂത്തവൾ ഡാറ. ഇളയവനാണ് ലിങ്കൺ. 'ആബെ' എന്ന ഓമനപ്പേർ ചൊല്ലി അമ്മ അവനെ വിളിക്കും. ആബേക്കു കളിക്കൂട്ടുകാർ ആരുമില്ല. സഹോദരിയാണ് അവന്റെ ലോകം. അവളോടൊത്ത് ആ വനപ്രദേശത്ത് അവൻ കളിച്ചു നടന്നു.

ഒരു ദിക്കിലൊതുങ്ങിക്കഴിയുക ആബേയുടെ പിതാവിന്റെ സ്വഭാവമല്ല. കുറച്ചുനാൾ ഒരിടത്തു പാർക്കും. ജോലി അന്വേഷിച്ച് മറ്റൊരിടത്തു ചെല്ലും. അവിടെ വീണ്ടുമൊരു കുടിൽ കെട്ടിപ്പാർക്കും.

ആബേക്ക് മൂന്നു വയസ്സു തികഞ്ഞപ്പോൾ ഏഴെട്ടു മൈൽ അകലെയുള്ള 'നോബ്ക്രീക്ക്' എന്ന സ്ഥലത്തേക്കു താമസം മാററി. പ്രകൃതി സുന്ദരമായ പ്രദേശം. ചുററും ഹരിതാഭമായ കാടുകൾ. ഗാനമുതിർക്കുന്ന അരുവികൾ. ആബെയും സഹോദരിയും ആനന്ദം കൊണ്ടു തുള്ളിച്ചാടി. അവർ ഇടയ്ക്കിടെ കാട്ടിൽ കടന്നുചെല്ലും. കായ്കനികൾ ശേഖരിക്കും. നീർപൊയ്കകളിലിറങ്ങി മീൻ പിടിക്കും. കളികളിലൂടെ കാര്യവും നേടും. വിറകു ശേഖരിച്ച് വീട്ടിൽ എത്തിക്കും.

ഡാറ ഒരു കുസൃതിക്കുടുക്കയാണ്. തെന്നിച്ചാടി നടക്കുമ്പോൾ അവൾക്ക് അപകട ശങ്കയില്ല. ആബെ വിവേകശാലിയാണ്. ജ്യേഷ്ഠത്തിയെ പലപ്പോഴും ആപത്തിൽനിന്ന് രക്ഷപ്പെടുത്തും. അവൻ ഒന്നു പറഞ്ഞാൽ അവൾ അനുസരിക്കും. എന്തൊരാജ്ഞാശക്തിയായിരുന്നു അവന്റെ വാക്കുകൾക്ക്!

ആ വനപ്രദേശത്ത് ഒരു സൗകര്യവുമില്ല. നാഗരികത തൊട്ടുതീണ്ടിയിട്ടില്ലാത്ത പ്രദേശം. അവിടെയുണ്ടോ വിദ്യാഭ്യാസ സൗകര്യങ്ങൾ? മക്കൾ നിരക്ഷരരായി വളരുന്നതിൽ അമ്മ സങ്കടപ്പെട്ടു. താനത്ര പഠിച്ചവളൊന്നുമല്ല. എങ്കിലും കഴിയുംവണ്ണം മക്കളെ പഠിപ്പിക്കാൻ അവർ ശ്രമിച്ചു. ഒഴിവു സമയങ്ങളിൽ കുട്ടികളെ കഥ പറഞ്ഞു രസിപ്പിക്കും– ചെറുപ്പകാലം മുതലേ

താൻ കേട്ടുപഠിച്ച ബൈബിൾകഥകൾ! ആ കഥകൾ കേട്ടു കുട്ടികൾ രസിക്കും. ഒരു നാൾ അമ്മ യേശുവിൻെറ കഥ പറഞ്ഞു. യേശു! അന്യരുടെ ദുഃഖം സ്വയം ഏറെറടുത്ത് കുരിശേറിയ മനുഷ്യസ്നേഹി! ആ ജീവിതം വേദനാ നിർഭരമായിരുന്നു; ത്യാഗസുരഭിലവും.

ആബെ ആ കഥ കേട്ടുകരഞ്ഞു. ത്യാഗപൂർണ്ണമായ ആ ജീവിതത്തിൽ ആവേശം കൊണ്ടു. തനിക്ക് യേശു ഒരു വഴികാട്ടിയാണ്. തൻെറ ജീവിതത്തിൽ ആ മഹാവചനങ്ങൾ ആവേശം പകരും.

അക്ഷരമാല ആദ്യമായി പഠിപ്പിച്ചതും അമ്മ തന്നെ. എത്ര വേഗത്തിലാണ് ആബെ എല്ലാം പഠിച്ചത്! പഠിച്ച അക്ഷരങ്ങൾ മരക്കഷണങ്ങളിൻമേൽ കരിക്കട്ടകൊണ്ട് എഴുതി വയ്ക്കും. എഴുതിയതു ശരിയോ? മരക്കഷണവുമായി അമ്മയുടെ അടുക്കൽ ഓടി എത്തും. അമ്മ പുഞ്ചിരിച്ചു പുറത്തു തട്ടിയാൽ അവൻ സ്വയം മറക്കും.

അക്കാലത്താണ് ആ വന പ്രദേശത്ത് ഒരു പള്ളിക്കൂടം ആരംഭിച്ചത്. മനുഷ്യസ്നേഹിയായ ഒരദ്ധ്യാപകനാണ് അതു തുടങ്ങിയത്. 'ഭാഗ്യം തങ്ങളെ കൈയ്‌വിടില്ല.' നാൻസി വിചാരിച്ചു. തന്നെക്കൊണ്ട് എത്രമാത്രം മക്കളെ പഠിപ്പിക്കാനാവും? ആ വിദ്യാലയത്തിൽ അവരെ അയയ്ക്കണം. പക്ഷേ സ്ക്കൂളിൽ പോകണമെങ്കിൽ നല്ല വസ്ത്രം വേണ്ടേ? കീറിപ്പറിഞ്ഞ ഉടുപ്പുകളേ അവർക്കുള്ളൂ. തോമസ് ലിങ്കൻെറ അദ്ധ്വാനം കൊണ്ട് വീടുപുലർത്താൻ പോലും വിഷമം. എന്നിട്ടല്ലേ കുട്ടികൾക്ക് നല്ല വസ്ത്രം ഉണ്ടാക്കുന്നത്.?

"നല്ല വസ്ത്രങ്ങളില്ലെങ്കിലും ഞങ്ങൾ സ്ക്കൂളിൽ പൊയ്ക്കൊള്ളാം.'' ആബേയും ഡാറയും ഒപ്പം പറഞ്ഞു. അമ്മ സന്തുഷ്ടയായി.

അങ്ങനെ ലിങ്കൺ സ്ക്കൂളിൽ ചേർന്നു. വിദ്യാലയം അടുത്തൊന്നുമല്ല. അഞ്ചാറുമൈൽ അകലെ. കാടും മേടും കടന്നുവേണം അവിടെ എത്താൻ. ആവശ്യത്തിനുള്ള പുസ്തകങ്ങളോ

പെൻസിലോ ഇല്ല. കഷ്ടിച്ചു നാണം മറയ്ക്കാനുള്ള വസ്ത്രങ്ങളേയുള്ളൂ. വയറുനിറയെ കഴിക്കാൻ ഭക്ഷണവുമില്ല. പഠിക്കാനുള്ള ഉൽക്കടമായ ആവേശം മാത്രം ആ കുട്ടികൾക്കുണ്ട്. ആബെ എല്ലാം സഹിച്ചു. ഒരു പുതിയ ലോകം അവൻ കൺമുന്നിൽ കണ്ടു. വിജ്ഞാനത്തിൻെറ ലോകം! അവൻ ആവേശഭരിതനായി.

'പാഠങ്ങൾ ഉച്ചത്തിൽ ചൊല്ലിപ്പഠിക്കണം.' അതാണ് പിതാവിൻെറ ആജ്ഞ. ഗുരുനാഥനെ ബഹുമാനിക്കണം. സഹപാഠികളോടു സ്നേഹപൂർവ്വം പെരുമാറണം— അമ്മ എന്നും അവനോടു പറയും. സ്ക്കൂളിൽ പോകുമ്പോൾ അവർ കുറേ ദൂരം അനുയാത്ര ചെയ്യും. അകലെ എത്തിക്കഴിഞ്ഞാൽ ആബെ തിരിഞ്ഞുനോക്കും. ഇടതൂർന്നു നിൽക്കുന്ന മരങ്ങൾക്കിടയിൽ കണ്ണിമയ്ക്കാതെ നോക്കിനിൽക്കുന്ന അമ്മയെ അവൻ കാണും. അമ്മ തന്നെ എത്രമാത്രം സ്നേഹിക്കുന്നു— അവൻ ഓർക്കും!

വിദ്യാലയം ആകെ ശബ്ദമുഖരിതമാണ്. കുട്ടികൾ കൂട്ട കൂടിയിരുന്ന് പാഠങ്ങൾ ഉച്ചത്തിൽ ചൊല്ലും. ചിലർ അക്ഷരമാല ഉരുവിടുമ്പോൾ മററു ചിലർ എൺചുവടി ചൊല്ലും. 'സി. ഏ—ററി—ക്യാററ് എന്നൊരു കുട്ടി. ആർ — ഏ —ററി—റാററ് എന്ന് മറെറാരുവൻ. അങ്ങനെ ആകെ ബഹളമയം. ആബെ നന്നേ രസിച്ചു.

അധിക നാളൊന്നും അവിടെ തുടർന്നു പഠിക്കാൻ ഒത്തില്ല. അദ്ധ്യാപകൻ ജോലി മതിയാക്കി സ്ഥലം വിട്ടു. കുട്ടികളുടെ പഠിത്തവും നിലച്ചു.

ഇതിനിടയിൽ ലിങ്കൺ കുടുംബം കുറച്ചകലെയുള്ള ഇൻഡ്യാനയിലേക്ക് താമസം മാററി. അവിടെയാണ് തോമസ് ലിങ്കൺ ഇപ്പോൾ ജോലി. പതിവുപോലെ അവിടെയും താമസിക്കാനൊരു കുടിലുകെട്ടണം· ചുറുചുറുക്കുള്ള ബാലനാണ് ആബെ. മാതാപിതാക്കളെ കുടിൽ കെട്ടാൻ അവൻ സഹായിച്ചു. കോടാലികൊണ്ടു മരം മുറിച്ചു മൺവെട്ടികൊണ്ടു നിലം കിളച്ചു. അവൻ സ്ഥിരോൽസാഹിയാണ്. അദ്ധ്വാനം അവനെ

ആരോഗ്യവാനാക്കി. നേരം പുലർന്നാൽ അവൻ കാട്ടിലേക്കു പുറപ്പെടും. ആ കൈയിൽ ഒരു കോടാലിയും കാണും. മാൻ തോൽ കൊണ്ടുള്ള കാലുറകൾ ധരിച്ച് തെളിഞ്ഞ പുഞ്ചിരിയുമായി ആബെ കാട്ടിലെത്തും.

ശക്തനായ ആ കൊച്ചു കുമാരന്റെ വെട്ടേററ് മരങ്ങൾ തെരുതെരെ മുറിഞ്ഞുവീഴും. കുറേക്കഴിഞ്ഞാൽ പുണ്ടിൽ ഒരു മൂളിപ്പാട്ടുമായി അവൻ വിശ്രമിക്കും. വിയർപ്പൊന്നടങ്ങിയാൽ പിന്നെയും ജോലി തന്നെ. ജോലിക്കു പോകുമ്പോഴും കൈയ്യിലൊരു പുസ്തകം കാണും. ഇടവേളകളിൽ പുസ്തകം വായിച്ചു രസിക്കും.

പുതിയ താമസസ്ഥലത്ത് വിദ്യാലയമൊന്നുമില്ല. അമ്മ പഴയ പതിവു തുടർന്നു. ബൈബിൾക്കഥകളും മഹാൻമാരുടെ ജീവിതകഥകളും പൂർവ്വാധികം ഉൽസാഹത്തോടെ മക്കളെ പറഞ്ഞുകേൾപ്പിക്കും.

പിൽക്കാലത്ത് അമ്മയെ ഓർത്ത് ലിങ്കൺ പറയുമായിരുന്നു. ''അവരാണ് തന്നെ ജീവിതം പഠിപ്പിച്ചത്. അവർ അന്നു പറഞ്ഞ കഥകൾ അമൃതബിന്ദുക്കളായിരുന്നു.''.........

അന്ന് ആബേയ്ക്ക് ഒൻപതു വയസ്സാണ്. അവന്റെ ജീവിതത്തിൽ അമ്മയായിരുന്നു എല്ലാം. അച്ഛൻ മിക്കവാറും വെളിയിലായിരിക്കും. കുടുംബം പുലർത്താനുള്ള കഠിനാദ്ധ്വാനം! ഗൃഹഭരണം പൂർണ്ണമായും അമ്മയുടെ ചുമലിലാണ്; അതിനിടെ കുട്ടികളെ പഠിപ്പിക്കേണ്ട കർത്തവ്യവും. ജീവിതക്ലേശങ്ങൾ ആ മാതാവിനെ പരവശയാക്കി. ആരോഗ്യം ക്ഷയിച്ചുവരുന്നു. അക്കാലത്ത് അവിടെ ഒരു പകർച്ച വ്യാധി മഹാമാരിപോലെ പരന്നു. നാൻസി രോഗം ബാധിച്ചു കിടപ്പിലായി. സ്നേഹനിധിയായ മാതാവ് ജീവിതത്തിന്റേയും മരണത്തിന്റേയും ഇടയ്ക്കുള്ള നൂൽപ്പാലത്തിൽക്കിടന്നു പിടയുന്നത് ആബെ കണ്ടു. അവർ തനിക്കു നഷ്ടപ്പെട്ടാൽ..........! അതോർക്കാൻ പോലും അവനു വയ്യ. രാവും പകലും ഊണും ഉറക്കവും ഒഴിഞ്ഞ് അവൻ അമ്മയെ ശുശ്രൂഷിച്ചു. ആ കണ്ണു

കളിൽ നിഴലിക്കുന്ന വിഷാദം കണ്ട് അവൻ നടുങ്ങി. അമ്മ കരയുകയാണോ? ആ കണ്ണുനീരിൽ തൻെറ കഴിഞ്ഞകാല ജീവിതം പ്രതിഫലിച്ചു നിൽക്കുന്നത് അവൻ കണ്ടു.

എല്ലാം അവസാനിച്ചു. തനിക്കിനി അമ്മയില്ല. ആ ക്രൂരമായ സത്യം അവൻെറ മുന്നിൽ വന്നുനിന്നു. ആ ദു:ഖത്തിൽ നിന്ന് വളരെക്കാലം കഴിഞ്ഞേ അവൻ കരയ്ക്കു കയറിയുള്ളൂ.

## 3

## പറക്കമുററാത്ത പൈങ്കിളികൾ

വിധി എത്ര ക്രൂരനാണ്! ജീവിതം എന്താണെന്നറിയാത്ത ആ കിടാങ്ങളെ പെരുവഴിയിൽത്തള്ളി മാതാവിനെ പിടിച്ചു പറിച്ചു കൊണ്ടു പോയിരിക്കുന്നു! പറക്ക മുററാത്ത രണ്ടു പിഞ്ചോമനകൾ!— ഡാറയും ആബെയും. ഇനി തങ്ങളെന്തു ചെയ്യും? അവർ മണികൂറുകളോളം മുഖത്തോടു മുഖം നോക്കി നിൽക്കും. നിശ്ശബ്ദമായി കരയും.

രണ്ടാനമ്മയുടെ വരവോടു കൂടിയാണ് ഈ ദുഃഖം ഒന്നു തണുത്തത്. തോമസ്ലിങ്കൺ വീണ്ടും വിവാഹം ചെയ്തു. ''കുഞ്ഞുങ്ങളേ! ഞാനിതാ നിങ്ങൾക്ക് ഒരു അമ്മയെ കൊണ്ടു വന്നിരിക്കുന്നു.'' അച്ഛൻ മക്കളെ ആശ്വസിപ്പിച്ചു.

അവർ ഒരു വിധവയായിരുന്നു— മൂന്നു കുട്ടികളുടെ മാതാവു്. ചിററമ്മ തങ്ങളെ സ്നേഹിക്കുമോ? ആ സഹോദരീ സഹോദരൻമാർക്ക് ആശങ്കയായി: പക്ഷേ കുറച്ചുനാൾ കഴിഞ്ഞതേയുള്ളൂ: അവർക്കു മനസ്സിലായി; ചിററമ്മ സ്നേഹസമ്പന്നയാണ്. ഭർത്താവിൻെറ ആദ്യത്തെ മക്കളെ ആ അമ്മ സ്വന്തം മക്കളെന്നു തന്നെ കരുതി.

എന്തെല്ലാം സാധനങ്ങളാണ് ചിററമ്മ കൂടെകൊണ്ടു വന്നിട്ടുള്ളത്! നിറപ്പകിട്ടാർന്ന ഉടുപ്പുകൾ! പലതരം വീട്ടുപകരണ

ങ്ങാം! പിന്നെ ഒരു കെട്ടു പുസ്തകവും. ചിററമ്മ ആബെയെ നല്ലതുപോലെ മനസ്സിലാക്കിയോ? അവർ അവനുസമ്മാനമായി കൊടുത്തത് മനോഹരമായ പുറം ചട്ടയോടുകൂടിയ ഒരു ബൈബിൾ ആയിരുന്നു. എത്ര കാലമായി ആബെ കൊതിക്കുന്നു, സ്വന്തമായി ഒരു ബൈബിൾ കൈയ്യിൽകിട്ടാൻ! അവൻ ആഹ്ളാദഭരിതനായി. ഡാറയുടെ സന്തോഷം പറഞ്ഞറിയിക്കാൻ വയ്യ. എത്ര നല്ല പട്ടുടുപ്പുകളാണ് ചിററമ്മ തനിക്കു നൽകിയത്!

ആബെ വളരെ സമർത്ഥനാണ്, ബുദ്ധിമാനാണ്. കുറേക്കൂടി അവനെ പഠിപ്പിക്കണം. പക്ഷേ എന്താണൊരു മാർഗ്ഗം? ചിററമ്മ ആലോചിച്ചു.

പുസ്തകങ്ങളോട് അവന് വളരെയേറെ മമതയാണ്. അന്നൊരുനാൾ ആരുടെ കൈയിൽ നിന്നോ ഒരു പുസ്തകം കടം വാങ്ങിക്കൊണ്ടു വന്നു. പിറേറദിവസം തന്നെ പുസ്തകം തിരിച്ചു കൊടുക്കണമത്രേ. അന്നു രാത്രി മുഴുവൻ ഉറക്കമൊഴിച്ച് ആബെ പുസ്തകം വായിച്ചു തീർത്തു. കാശുകൊടുത്തു പുസ്തകം വാങ്ങാൻ കൈയ്യിൽ പണമില്ല. അവൻെറ വിഷമം ചിററമ്മ മനസ്സിലാക്കി.

യാദൃച്ഛികമായാണ് അവരതു കണ്ടത്. കുറച്ചു ചുള്ളിക്കമ്പുകൾ പൊട്ടിച്ചെടുക്കാൻ കാട്ടിൽ പോയതാണ്. ആബെ വിറകു ശേഖരിക്കുന്നു. ഉൽസാഹശാലിയായ ആ കുട്ടിയുടെ പ്രവൃത്തികൾ അവർ ഒളിഞ്ഞുനിന്നു ശ്രദ്ധിച്ചു. ജോലിചെയ്യുന്നതിനിടയിൽ അവനെന്തെല്ലാമോ മന്ത്രിക്കുന്നുണ്ട് പെട്ടെന്ന് കോടാലി താഴെവച്ച് മരങ്ങളെ നോക്കി പ്രസംഗിക്കുകയാണ്! കാട്ടിലുള്ള മരങ്ങളെല്ലാം ജീവനുള്ള മനുഷ്യരാണെന്നാണവൻെറ ധാരണ! ആവേശഭരിതനായി ആബെ പ്രസംഗിക്കുന്നു. ധാരമുറിയാതെ വാക്കുകൾ പ്രവഹിക്കുന്നു. ചിററമ്മയ്ക്കു കൗതുകം തോന്നി.

ഈ സ്വഭാവം ചെറുപ്പകാലത്ത് ലിങ്കൻെറ പ്രത്യേകതയായിരുന്നു. പിൽക്കാലത്ത് അദ്ദേഹം മഹാനായ ഒരു പ്രഭാഷ

കനായി· അദ്ദേഹത്തിന്റെ പരിശീലനരംഗം ആ വനപ്രദേശമായിരുന്നു. തലയാട്ടി നിൽക്കുന്ന മരങ്ങൾ അദ്ദേഹത്തിന്റെ ശ്രോതാക്കളും! ......

ചിററമ്മ അൽഭുതപ്പെട്ടു എന്തു ത്യാഗമനുഷ്ഠിച്ചും ആബെയെ പഠിപ്പിക്കണം. അവരുറച്ചു.

അങ്ങനെ ആബെ വീണ്ടും മറെറാരു വിദ്യാലയത്തിൽ ചേർന്നു. പഴയ പള്ളിക്കുടത്തിൽനിന്ന് അൽപ്പം കൂടി മെച്ചപ്പെട്ട സ്ഥാപനം. വിദ്യാർത്ഥികളുടെ കാര്യത്തിൽ അവിടത്തെ അധ്യാപകൻ നന്നായി താൽപര്യം പ്രകടിപ്പിച്ചു. അദ്ദേഹത്തിന് ഒരു നിർബ്ബന്ധമുണ്ട്. വടിവൊത്ത കൈയ്യക്ഷരത്തിൽ കുട്ടികൾ എഴുതണം. മഹാപുരുഷൻമാരായ ജോർജ്ജ് വാഷിംടൺ, ജെഫേഴ്സൺ തുടങ്ങിയവരുടെ കൈപ്പട അധ്യാപകൻ കുട്ടികളെ കാണിച്ചു. അന്ന് ആബേയ്ക്ക് ഒരുൽസവമായിരുന്നു. എത്ര മനോഹരമായ ചിത്രലിപികൾ! തനിക്കും അങ്ങനെ എഴുതാൻ കഴിയണം. ആ മാതൃകയിൽ അവനും എഴുതാൻ തുടങ്ങി. കഠിനമായി പ്രയത്നിച്ചു. പ്രയത്നത്തിനു ഫലമുണ്ടായി. ഒന്നാംതരം കൈപ്പടയുടെ ഉടമസ്ഥനായിത്തീർന്നു ആബെ.

പാഠപുസ്തകങ്ങൾ വാങ്ങാൻ അവനു പണമില്ല. ഇളയമ്മ സമ്മാനിച്ച ബൈബിൾ ഉപകാരപ്രദമായി. അത് ഒരു പാഠപുസ്തകമായിരുന്നു. പക്ഷേ, കണക്കു പുസ്തകമോ? ഓർമ്മയിൽ തങ്ങിനിൽക്കുന്നതല്ല കണക്കുപാഠങ്ങൾ പുസ്തകം എന്നും കൈയ്യിലുണ്ടാവണം. എന്തുവഴി? അവൻ നിരാശനായില്ല. സഹപാഠികളിൽ ഒരാളുടെ കൈയ്യിൽനിന്നും കണക്കുപുസ്തകം കടം വാങ്ങി. കടലാസു തുണ്ടിൽ പാഠങ്ങൾ പലപ്പോഴായി പകർത്തിവച്ചു. അവസാനം എല്ലാംകൂടി തുന്നിച്ചേർത്തു പുസ്തകമാക്കി. ഈ പുസ്തകം മരണംവരെ ഇളയമ്മ സൂക്ഷിച്ചിരുന്നു. അത് ഭൂതകാലത്തിന്റെ കോരിത്തരിപ്പിക്കുന്ന ഓർമ്മകളുടെ സ്മാരകമായിരുന്നു അവർക്ക്.

ഇളയമ്മയെക്കുറിച്ച് വികാരഭരിതനായി ലിങ്കൺ എഴുതി; ''ഇളയമ്മ എന്നിൽ വലിയ സ്വാധീനം ചെലുത്തി. എന്റെ

വളർച്ചയിൽ അവർ വലിയ പങ്കു വഹിച്ചു. ആ വാൽസല്യ നിധിയുടെ കീഴിലുള്ള പരിശീലനമാണ് എൻെറ വളർച്ചയ്ക്കു നിദാനം''.

ആബെയുടെ വിദ്യാർത്ഥി ജീവിതം ദീർഘകാലം നില നിന്നില്ല. പുതിയ വിദ്യാലയത്തിലെ അദ്ധ്യാപകൻ സ്ഥലം വിട്ടപ്പോഠം അവൻെറ വിദ്യാർത്ഥിജീവിതം അവസാനിച്ചു. എല്ലാവിദ്യാലയങ്ങളിലും കൂടി ആകെ പന്ത്രണ്ടു മാസക്കാലമേ അവൻ പഠിച്ചുളളൂ. എന്നിട്ടും, എബ്രഹാംലിങ്കൺ വിശ്വ വി ശ്രുതൻമാരുടെ മുന്നണിയിൽ എത്തിച്ചേർന്നു. എന്തായിരുന്നു കാരണം? അദ്ദേഹത്തിൻെറ ജീവിതം നിരന്തരമായ പരിശ്രമ ത്തിൻെറ രോമാഞ്ചജനകമായ കഥയാണ്. വിദ്യാലയത്തിൻെറ ചുമരുകഠംക്കുള്ളിൽ ഒതുങ്ങിനിന്നില്ല ആ വിജ്ഞാനദാനം.

എന്തുകഷ്ടപ്പാടുകഠം സഹിച്ചും മഹത്ഗ്രന്ഥങ്ങഠം ശേ ഖരിച്ചു വായിച്ചു. പുസ്തകങ്ങഠം കടം വാങ്ങി. സമയത്തി നുള്ളിൽ വായിച്ചു തീർക്കാൻ വേണ്ടി ഉറക്കമൊഴിച്ചു. വീട്ടിൽ മണ്ണെണ്ണ ഇല്ലെങ്കിൽ തെരുവു വിളക്കിൻെറ ചോട്ടിൽചെന്നി രിക്കും. പുലരും വരെ അവിടെയിരുന്നു പുസ്തകം വായി ച്ചുതീർക്കും.

ഒരുനാഠം ഒരു കൃഷിക്കാരൻെറ കൈയ്യിൽ അവനൊരു പു സ്തകം കണ്ടു. വായിക്കാനുള്ള കൊതിയോടെ അവൻ പുസ്ത കത്തിന് അപേക്ഷിച്ചു. പക്ഷേ കൃഷിക്കാരന് അവനെ വിശ്വാ സമില്ല. വിലപിടിച്ച പുസ്തകങ്ങഠം കൊണ്ടുപോയാൽ തിരി ച്ചുതരുമെന്ന് എന്താണുറപ്പ്? ''വില ഏൽപ്പിച്ചാൽ പുസ്തകം കൊണ്ടുപോകാം''— അയാഠം പറഞ്ഞു. പാവം ആബെ! അവ ൻെറ കൈയ്യിൽ പണമെവിടെ? ''അങ്ങനെ പറയരുതേ; എൻെറ കൈയ്യിൽ ഒന്നും ഇല്ല''. ആ ബാലൻ കേണു. ''എങ്കിൽ പു സ്തകത്തിൻെറ വിലയ്ക്കു പകരം എൻെറ പറമ്പു കിളച്ചു തരൂ''. ആബേക്കു സന്തോഷമായി. അവൻ നേരം വൈകുന്നതു വരെ പറമ്പു കിളച്ചു. അപ്പോഴെല്ലാം അവൻെറ മനസ്സു തുടി ച്ചു. ജോലി പൂർത്തിയാക്കിയാൽ പുസ്തകം തനിക്കു കൊ ണ്ടുപോകാമല്ലോ? എന്തൊരു വിജ്ഞാനദാഹം!

മറ്റൊരിക്കൽ, കടംവാങ്ങിയ പുസ്തകം അവൻ വായിച്ചു തീർത്തു. അന്നു പുലർച്ചെ കോരിച്ചൊരിയുന്ന മഴ. ഒടിഞ്ഞു കുത്തിയ കുടിൽ. ദരിദ്രരായ അവർക്ക് കുടിലിന്റെ അററകുററപ്പണി തീർക്കാനുണ്ടോ കഴിവ്? മഴവെള്ളം മുറിയിലാകെ ഒലിച്ചിറങ്ങി. ഞെട്ടിയുണർന്ന ലിങ്കൺ ഗ്രന്ഥം എടുത്തുനോക്കി. അവൻ പൊട്ടിക്കരഞ്ഞു. ഗ്രന്ഥമാകെ നനഞ്ഞു കുതിർന്നിരിക്കുന്നു. കടംവാങ്ങിയ പുസ്തകം! ഇനി ആരെങ്കിലും തന്നെ വിശ്വസിക്കുമോ? നനഞ്ഞ പുസ്തകവുമായി താനെങ്ങനെ ഉടമയുടെ അടുക്കൽ പോകും? പേടിയെക്കാളേറെ സങ്കടമാണ്. ആ മഹത്ഗ്രന്ഥം ചീത്തയായിപ്പോയല്ലോ?

ആശങ്കയോടെ ആബെ പുസ്തകവുമായി ഉടമസ്ഥന്റെ അടുക്കൽ ചെന്നു. എല്ലാം തുറന്നു പറഞ്ഞു. 'തന്നോടു ക്ഷമിക്കണം' ഉടമസ്ഥൻ കോപിഷ്ഠനായി. ''എന്തു ശിക്ഷയും സഹിക്കാൻ താൻ തയ്യാറാണ്., ''ആബെ പറഞ്ഞു.'' എങ്കിൽ രണ്ടു ദിവസം പുല്ലരിഞ്ഞു കൊണ്ടുവന്ന് എന്റെ നഷ്ടം നികത്തണം'' ഉടമസ്ഥൻ പറഞ്ഞു. ആബെക്കതിൽ സങ്കടമില്ല. അവൻ അതുപോലെ പ്രവർത്തിച്ചു.

## 4

## അദ്ധ്വാനശീലനും ധീരനുമായ ആബെ

അകലെ മിസ്സിസിപ്പിയുടെ മാറിലൂടെ അരയന്നപ്പിടപോലെ തുഴഞ്ഞു പോകുന്ന കൊച്ചോടങ്ങൾ. ലിങ്കൺ കൗതുകപൂർവ്വം നോക്കിനിന്നു. എത്ര മനോഹരമാണ് ആ കാഴ്ച! ചക്രവാളസീമയിലാരോ ചായം പൂശിയിരിക്കുകയാണ്. മുകളിൽ കാർമേഘപാളികൾ പീലി വിടർത്തുന്നു. ലിങ്കന്റെ യുവഭാവനയിൽ ഉണർന്ന മനോജ്ഞ ചിത്രങ്ങൾ!

തനിക്കും ഒരു കൊച്ചോടം ഉണ്ടായെങ്കിൽ? മിസ്സിസിപ്പി യിൽ തുഴഞ്ഞു നീങ്ങാമായിരുന്നു; ഒപ്പം ജീവിതത്തിന്നൊരു വഴിയും കണ്ടെത്താമായിരുന്നു. പക്ഷേ, അതിനെന്തു മാർഗ്ഗം? വള്ളം വാങ്ങാൻ പണം വേണ്ടേ? ആരുണ്ട് ഈ അനാഥനൊരാശ്രയം? എങ്കിലും അവൻ പതറിയില്ല. അതു തന്നെയായിരുന്നു തൻെറ വിജയരഹസ്യവും. അടുത്തുള്ള വനത്തിലേക്കു ലിങ്കൺ കടന്നു ചെന്നു. ആവശ്യമുള്ള മരം മുറിച്ചെടുത്തു. അദ്ധ്വാനം വിയർപ്പു നീരായി ഒഴുകി. തൻെറ അച്ഛൻ സമർത്ഥനായ ഒരു മരപ്പണിക്കാരനല്ലേ? അതിൻെറ ഒരംശം തന്നിലുമുണ്ടല്ലോ? പിന്നെ എന്തിനു മടിക്കുന്നു? നാളുകൾ കടന്നു പോയി. ലിങ്കൻെറ കൊച്ചുവള്ളം അതാ മിസ്സിസിപ്പിയിലൂടെ ഒഴുകുന്നു. അമരത്ത് തുഴയും പിടിച്ച് അഭിമാനിയായി ലിങ്കൺ ഇരിക്കുന്നു.

യാത്രക്കാർ വന്നു തുടങ്ങി. ലിങ്കൻെറ തോണി ഒരുങ്ങിനിൽക്കുന്നു. അന്നൊരു നല്ല ദിവസമായിരുന്നു. തോണിനിറയെ യാത്രക്കാർ. ലിങ്കൻെറ ഹൃദയം തുടിച്ചു. ആവേശത്തോടെ തുഴഞ്ഞു നീങ്ങി. മിന്നൽ വേഗത്തിൽ അക്കരെ എത്തി. കൈയ്യിൽ തിളങ്ങുന്ന നാണയത്തുട്ട്! ആ യുവാവ് ആഹ്ളാദം കൊണ്ടു തുള്ളിച്ചാടി. ഒരു ഡോളർ! തൻെറ ജീവിതത്തിലെ ആദ്യത്തെ സമ്പാദ്യം! അദ്ധ്വാനത്തിൻെറ ആദ്യത്തെ പുഞ്ചിരി ആ ചുണ്ടിൽ വിടർന്നു. നെററിയിലെഴുകുന്ന വിയർപ്പുതുള്ളികൾ തുടച്ചു നീക്കിക്കൊണ്ട് ലിങ്കൺ വീണ്ടും തോണിയിലേറി.

കറുത്തിരുണ്ട ഒരു രാത്രി. പകൽ മുഴുവൻ അദ്ധ്വാനിച്ച ക്ഷീണം കൊണ്ട് ലിങ്കണും, കൂട്ടുകാരനും തളർന്നുറങ്ങുകയാണ്. തൊട്ടടുത്ത് തൻെറ വള്ളവും വിശ്രമിക്കുന്നു. നിറയെ വിലപിടിപ്പുള്ള ചരക്കുകൾ. അങ്ങകലെയുള്ള കടകളിൽ നാളെ പ്രഭാതത്തിൽ എത്തിക്കണം. ആറേഴു കാപ്പിരികൾ അവിടെ കടന്നു വന്നു. ഭീകരമായ രൂപം. തീപ്പൊരി ചിതറുന്ന കണ്ണുകൾ. കൈയ്യിൽ വെട്ടുകത്തിയും കുറുവടികളും. ആ കാട്ടാളൻമാർ കൊള്ളയ്ക്കൊരുങ്ങുകയാണ്. ലിങ്കൻെറ വള്ളത്തിൽ

ചാടിക്കയറി, ലിങ്കൺ ഞെട്ടിയുണർന്നു. ആ കാട്ടാളൻമാർ ലിങ്കൻെറ നേർക്ക് കത്തിയുയർത്തി. വെട്ടേററ് മുഖത്തു നിന്നും രക്തം വാർന്നൊഴുകി. പക്ഷേ ലിങ്കൺ പൊരുതി നിന്നു. അവരുടെ ആയുധങ്ങാം പിടിച്ചു വാങ്ങി. സർവ്വശക്തിയുമുപയോഗിച്ചു പോരാടി.

വള്ളത്തിലുള്ളത് അന്യൻെറ സ്വത്താണ്. എത്രവിശ്വാസത്തോടെയാണ് അവ തന്നെ ഏൽപ്പിച്ചത്! ആ വിശ്വാസം എന്നും കാത്തു സൂക്ഷിക്കണം. അതിനുവേണ്ടി ജീവൻ പോലും ത്യജിക്കാൻ ലിങ്കൺ സന്നദ്ധനാണ്. ആ സത്യസന്ധത ലിങ്കനെ കൂടുതൽ ധീരനാക്കി. ലിങ്കൺ വിജയിച്ചു. കള്ളൻമാർ മിസ്സിസിപ്പിയുടെ മാറിൽ തൂത്തെറിയപ്പെട്ടു. എങ്കിലും അന്നു രാത്രി മുഴുവൻ ലിങ്കൺ ഉറങ്ങിയില്ല.

## 5

## ആദരണീയമായ സത്യസന്ധത അടങ്ങാത്ത വിജ്ഞാനദാഹം

അതൊരു യാദൃച്ഛിക സംഭവമായിരുന്നു. ലിങ്കൺ ഒരു കച്ചവടക്കാരനുമായി പരിചയപ്പെട്ടു. ലിങ്കനെ അയാാംക്കിഷ്ടമായി. ന്യൂസേലത്ത് തൻെറ കടയിൽ ഒരു വിൽപ്പനക്കാരനായി ലിങ്കനെ അയാാം നിയമിച്ചു. ഒരു സായംസന്ധ്യ. വൃദ്ധയായ ഒരു സ്ത്രീ കടയിൽ വന്നു. ദു:ഖം നിഴലിക്കുന്ന മുഖം. അത്യാവശ്യസാധനങ്ങാം വാങ്ങി. രണ്ടു ഡോളർ ഇരുപതുസെൻറ്. ലിങ്കൺ ബില്ലെഴുതി. വൃദ്ധ പണം കൊടുത്തു യാത്രയായി. അന്നത്തെ കച്ചവടം അവസാനിച്ചു. രാത്രിയിൽ കണക്കുകാംകൂട്ടി ശരിപ്പെടുത്തുകയാണ്. ഒരു ബില്ലിൽ ആറു സെൻറ് കൂടുതലാണ് താനെഴുതിയത്. അതാരുടേതാണ്? ലിങ്കൺ സംശയിച്ചു. ആ വൃദ്ധയുടെ മുഖം കൂടുതൽ തെളി

ഞ്ഞുകണ്ടു. അതെ, അവരുടേതുതന്നെ. പാപം സ്ത്രീ! ആറു സെൻറ് അവർക്കു വിലപ്പെട്ടതായിരിക്കും. താനെന്തിനതു കൂടുതൽ വാങ്ങി? ലിങ്കൻെറ മനസ്സിൽ അപരാധബോധം. പിന്നെ ഒട്ടും താമസിച്ചില്ല. ലിങ്കൺ ആ വൃദ്ധയുടെ വീടുതേക്കി ഇറങ്ങിനടന്നു. വളരെ പണിപ്പെട്ട് ആ കുടിൽ കണ്ടെത്തി. ആ വൃദ്ധ അൽഭുതപ്പെട്ടു. ആ വിൽപ്പനക്കാരൻെറ സത്യസന്ധതയിൽ വൃദ്ധയുടെ കണ്ണുകൾ തിളങ്ങി. ലിങ്കൻെറ മാപ്പു കൂടിയായപ്പോൾ അവരുടെ കണ്ണുകൾ നനഞ്ഞു.

അന്ന് കടയിൽ വലിയ തിരക്കായിരുന്നു. പാവപ്പെട്ടവരുടെ കച്ചവടമാണ് അവിടെ കൂടുതൽ. കട അടയ്ക്കാൻ സമയമായി. ഒരു സ്ത്രീ കടയിൽ വന്നു. അവർക്ക് ഒരു പൗണ്ടു തേയില വേണം. അവർ കുറച്ചു ധൃതിയിലാണ്. ലിങ്കൺ തിടുക്കത്തിൽ തേയില തൂക്കിക്കൊടുത്തു; പണം വാങ്ങി പെട്ടിയിലിട്ടു. കടയടച്ചു വീട്ടിലേക്കുപോയി. പിറേറ ദിവസം കട തുറന്നപ്പോൾ ത്രാസിൽ അരപൗണ്ടിൻെറ പടി കിടക്കുന്നു! പെട്ടെന്ന് ലിങ്കൺ ഓർത്തു ഇന്നലെ കൊടുത്തത് ഒരു പൗണ്ടു തേയിലയല്ലേ? ലിങ്കൻെറ മനസ്സു വല്ലാതെ വിഷമിച്ചു. തനിക്കുപററിയ ഒരു കൈയ്പിഴ. എങ്കിലും അതു വഞ്ചനയല്ലേ? ആ സ്ത്രീ തന്നെക്കുറിച്ച് എന്തു വിചാരിക്കും? അവരുടെ നഷ്ടം നികത്തിയേ പററൂ. ലിങ്കൺ അര പൗണ്ടു തേയിലയുമായി ആ വീടന്വേഷിച്ചു പുറപ്പെട്ടു. എത്ര ബുദ്ധിമുട്ടിയെന്നോ ആ സ്ത്രീയെ കണ്ടു പിടിക്കാൻ? എങ്കിലും അങ്ങനെ ചെയ്താലേ ആ മനസ്സ് സംതൃപ്തമാകൂ. സത്യസന്ധതയെ ലിങ്കൺ അത്രത്തോളം സ്നേഹിച്ചിരുന്നു, തൻെറ ജീവിതത്തിൻെറ വെളിച്ചവും വിജയവും അതു തന്നെയായിരുന്നു.

ലിങ്കന് അന്ന് ഇരുപത്തിരണ്ടു വയസ്സു പ്രായം. ആദ്യമായി സ്ഥിരമായ ജോലിയിൽ ഏർപ്പെട്ടതാണ്. കച്ചവടക്കാരനായി കടയിൽ ഇരിക്കുമ്പോഴും ലിങ്കൺ പുസ്തകങ്ങളെ മറന്നില്ല. കൈയ്യിൽ കിട്ടുന്ന പുസ്തകങ്ങളെല്ലാം കച്ചവടത്തിനിടയിൽ തന്നെ വായിച്ചുതീർക്കും.

ന്യൂസേലത്തെ ചെറുപ്പക്കാർ ലിങ്കൻെറ വിജ്ഞാനദാഹം കണ്ടറിഞ്ഞു. അദ്ദേഹം അവരുടെ നേതാവായി. ആ മഹത്താത്തിൽ നിന്ന് അവർ ആവേശം ഉൾക്കൊണ്ടു. ശനിയാഴ്ചതോറും കടയിൽ സാഹിത്യസമാജങ്ങൾ സംഘടിക്കപ്പെട്ടു. കവിതകൾ, കഥകൾ, പ്രസംഗങ്ങൾ — അങ്ങനെ അവിടെ ഒരു വിജ്ഞാനകേന്ദ്രം ഉടലെടുത്തു.

## 6

# ദയാനിധിയായ ലിങ്കൺ

ലിങ്കന് അന്നു പതിനേഴു വയസ്സാണ്. താനുണ്ടാക്കിയ ബോട്ടിൽ ചരക്കുകൾ എത്തിച്ചു കൊടുക്കുന്ന പതിവു തുടർന്നു. ലിങ്കൻെറ സത്യസന്ധത പല കച്ചവടക്കാരെയും ആകർഷിച്ചു. അവർ ചരക്കുമായി ലിങ്കനെ വിദൂരപ്രദേശങ്ങളിലേക്ക് അയയ്ക്കാൻ തുടങ്ങി. അത്തരത്തിലുള്ള ഒരു യാത്രയ്ക്കിടയിലാണ് ആ യുവാവ് ന്യൂഓർലിയൻസ് പട്ടണത്തിലെത്തിയത്. ന്യൂഓർലിയൻസ് ഒരു വാണിജ്യകേന്ദ്രമായിരുന്നു. വിവിധ രാജ്യക്കാരായ വെള്ളക്കാർ ഇടതിങ്ങിപ്പാർക്കുന്ന സ്ഥലം.

പുതിയ കാഴ്ചകൾ കാണാൻ ലിങ്കന് കൊതിയായി. വിടർന്ന കണ്ണുകളോടെ അദ്ദേഹം ന്യൂഓർലിയൻസിലെ തെരുവുകളിൽ ചുററിക്കറങ്ങി. കുഗ്രാമത്തിൽ ജനിച്ചു വളർന്ന ആ യുവാവ് ഉൽസാഹഭരിതനായി. പെട്ടെന്ന് ലിങ്കൻെറ ശ്രദ്ധ തെരുവിൻെറ ആ മൂലയിൽ പതിഞ്ഞു: ഒരു പുരുഷാരമുണ്ടവിടെ. ആകെ ബഹളമയം. ഇടയ്ക്ക് കരളലിയിക്കുന്ന രോദനങ്ങളും. ആ കാഴ്ച കാണുവാൻ ലിങ്കൺ തിരക്കിട്ടുചെന്നു. പുരുഷാരത്തിൻെറ നടുവിൽ കുറെ കറുത്ത വർഗ്ഗക്കാർ; യുവാക്കളും, സ്ത്രീകളും, കുട്ടികളും ആ നിർഭാഗ്യവാൻമാരുടെ കണ്ണുകളിൽ നിരാശ നിഴലിക്കുന്നു. ചുററും നിന്നവരുരട മു

ഖത്ത് അവർ നിസ്സഹായരായി മാറി മാറി നോക്കുന്നു. വെള്ള ക്കാർ അവർക്കു വില പറയുകയാണ്. കച്ചവടമുറപ്പാൽ അടിമ യെ പിടിച്ചു കൊണ്ടുപോകുന്നു. മാതാപിതാക്കളിൽനിന്നു പിടിച്ചു പറിക്കപ്പെടുന്ന പിഞ്ചോമനകരം ആ കൂട്ടത്തിലുണ്ട്. ആരുടെയും സഹായം ലഭിക്കാതെ, ക്രൂരമായ വിധിയുടെ താഡനത്തിൽ പിടയുന്ന ആ ഭാഗ്യഹീനരുടെ കദനകഥ മുഴു വൻ പൊടുന്നനെ ലിങ്കൺ ഓർത്തു.

പണ്ടു താൻ കേട്ടിട്ടുണ്ട്; ധനികരായ വെള്ളക്കാർ പാവ പ്പെട്ട നീഗ്രോയുവാക്കളെയും, കുട്ടികളെയും വിലയ്ക്കെടു ക്കുന്ന കഥ പക്ഷേ, ഇന്നാണ് അതദ്ദേഹം കൺ മുന്നിൽ കാണു ന്നത്. ആടുമാടുകളെ കയറിട്ടു കൊണ്ടുവന്ന്, ചന്തയിൽ വിൽക്കുന്നതുപോലെ, അടിമകളെ ചങ്ങലയിൽ ബന്ധിച്ച് പരസ്യമായി തെരുവിൽ വച്ചു വിൽക്കുക! എന്തൊരധഃപത നം! ലിങ്കൻെറ മനസ്സാക്ഷിപിടഞ്ഞു. ഈ കൊടും ക്രൂരകൃത്യം ചെയ്യുന്നത് തൻെറ വർഗ്ഗക്കാരാണെന്നോർത്തപ്പോരം അദ്ദേ ഹം ലജ്ജിച്ചു പോയി.

മറെറാരിക്കൽ ലിങ്കൺ ന്യൂഓർലിയൻസിലെ അടിമച്ചന്ത യിൽ നിൽക്കുകയാണ്. അടിമക്കച്ചവടക്കാർ ഒരു നീഗ്രോ യു വതിയെ ചങ്ങലയ്ക്കിട്ടു പിടിച്ചു കൊണ്ടു വരുന്നു. സുന്ദ രിയായ യുവതി.! ആ കണ്ണുകരം കാരുണ്യത്തിനു വേണ്ടി യാ ചിക്കുകയാണ്. മുഖത്ത് നിരാശയും നിസ്സഹായതയും നിഴ ലിക്കുന്നുണ്ട്. അവരംക്ക് അംഗഭംഗമോ ശക്തിക്കുറവോ ഇല്ലെ ന്നു തെളിയിക്കാൻ കച്ചവടക്കാരൻ ഉന്തുകയും തള്ളുകയു മാണ്. കൈയ്മുഷ്ടി ചുരുട്ടി ഇടിക്കുകയും കാൽ മുട്ടു കൊണ്ട് തൊഴിക്കുകയുമാണ്. വാങ്ങാന പോകുന്ന മുതലാ ളിക്ക് സംശയമുണ്ടാകരുത്. അതാണയാളുടെ ലക്ഷ്യം. ലിങ്കൺ അമർഷം കടിച്ചമർത്തി. തൻെറ ശബ്ദം ഇവിടെ വിലപ്പോവു കയില്ല. ഈ കിരാതൻമാർക്ക് മനുഷ്യത്വത്തിൻെറ ഭാഷ മനസ്സി ലാവില്ല. ''അമേരിക്കയുടെ മണ്ണിൽ നിന്നും മൃഗീയമായ ഈ സമ്പ്രദായം അവസാനിപ്പിക്കാൻ കഴിഞ്ഞെങ്കിൽ!'' — ആ മനു ഷ്യസ്നേഹി ആശിച്ചു. അന്നദ്ദേഹം മനസ്സിൽ പ്രതിജ്ഞയെ

ടുത്തു; "എനിക്കതിനൊരവസരം കിട്ടിയാൽ ഞാൻ ഈ വ്യവസ്ഥയുടെ ശവക്കുഴിതോണ്ടും. സംശയമില്ല."

## 7

# നേതൃത്വത്തിന്റെ പാതയിൽ

ചെറിയ ഒരു പട്ടണമായിരുന്നു, ന്യൂസേലം. കുറച്ചാളുകളേ അവിടെ പാർക്കുന്നുള്ളൂ. യോഗ്യരായ ചെറുപ്പക്കാരുടെ നേതാവാണ് ലിങ്കൺ. പക്ഷേ, ജോലിയില്ലാതെ അലഞ്ഞു തിരിയുന്ന കുറേ യുവാക്കളുണ്ട്; അവരുടെ നേതാവായി ഒരു ചട്ടമ്പിയും. ജാക്ക് ആം സ്ട്രോംഗ് എന്നാണയാളുടെ പേര്. മദ്യപാനവും പണം വച്ചുചീട്ടുകളിയുമാണ് സ്ഥിരം തൊഴിൽ. സത്യസന്ധരായ ആളുകൾക്ക് ആം സ്ട്രോംഗും കൂട്ടുകാരും ഒരു പേടി സ്വപ്നമായിരുന്നു. പക്ഷേ, ആരും എതിർത്തുനിൽക്കാൻ ധൈര്യപ്പെട്ടില്ല. കുറേക്കാലം ന്യൂസേലം ഈ ചട്ടമ്പികളുടെ വിഹാര രംഗമായി.

ലിങ്കനും കൂട്ടുകാരും ഈ റൗഡികളുടെ നോട്ടപ്പുള്ളികളാണ്. കുറേ ചെറുപ്പക്കാരുടെ നേതാവായി, എങ്ങു നിന്നോ കടന്നു വന്ന "ഒരുത്തൻ" വിലസി നിൽക്കുന്നത് ജാക്ക് എങ്ങനെ സഹിക്കും! അയാൾ ലിങ്കനെ പോരിനു വിളിച്ചു. ധൈര്യമുണ്ടെങ്കിൽ തന്നോടു ഗുസ്തി പിടിക്കണം: പരിഹാസ സ്വരത്തിൽ അയാൾ വെല്ലുവിളിച്ചു.

ലിങ്കന് യാതൊരു പരിഭ്രമവുമില്ല. മുൻപ് കെൻറക്കിയിൽ താമസിക്കുമ്പോൾ ആറേഴു മുഷ്ക്കരൻമാരെ ഒററയ്ക്കടിച്ചു വീഴ്ത്തിയ ആ ധീരന്, ജാക്ക് ഒരു പ്രശ്നമേയല്ല. ചട്ടമ്പിത്തലവന്റെ വെല്ലുവിളി അദ്ദേഹം സ്വീകരിച്ചു. കൂട്ടുകാർക്കാകെ പരിഭ്രമമായി. നാട്ടുകാരുടെ കണ്ണിലുണ്ണിയാണ് ലിങ്കൺ. മല്ലനായ ജാക്കിനോടെതിർക്കാൻ നിൽക്കരുതേ—അവർ അപേക്ഷിച്ചു.

പക്ഷേ, ലിങ്കൺ ചിരിച്ചു. അന്നു വൈകുന്നേരം പോരാളികൾ ഗോദയിലിറങ്ങി; റൗഡിത്തലവൻ പരമ പുച്ഛത്തോടെ എതിരാളിയെ സമീപിച്ചു. ഈ കുരുന്നു ചെറുക്കൻ തന്നോടു ഗുസ്തി പിടിക്കുന്നു!— അയാൾ ഒന്നു പൊട്ടിച്ചിരിച്ചു. ഒരു നിമിഷം! ലിങ്കൺ ശത്രുവിൻെറ മേൽ ഒരിടിവാൾ പോലെ പതിച്ചു. ചട്ടമ്പിയെ കോരിയെടുത്ത് മലർത്തിയടിച്ചു. ഇതെന്തൊരൽഭുതം! കാണികൾ അമ്പരന്നുപോയി. പൊടിമണ്ണിൽ കിടന്നു പിടയുന്ന ജാക്ക് എതിരാളിയുടെ കാൽ പിടിച്ചു. ''തനിക്കു മാപ്പു തരണം''— അയാളിരന്നു. അന്നു മുതൽ ആ മനുഷ്യൻ നല്ലവനായി. അയാൾ ലിങ്കൺെറ പ്രിയപ്പെട്ട ചങ്ങാതിയുമായി.

സത്യസന്ധനായ ആബേയെ നാട്ടുകാർക്കു മുൻപേ സ്നേഹമാണ്. കഷ്ടപ്പെടുന്നവരുടെ കണ്ണുനീരൊപ്പാൻ മനുഷ്യസ്നേഹിയായ ആ യുവാവ് എന്നും മുൻപന്തിയിൽ ഉണ്ടായിരുന്നു. ചട്ടമ്പികളെ നിലയ്ക്കുനിറുത്തിയ ആ സംഭവം കൂടിയായപ്പോൾ അദ്ദേഹം ജനങ്ങളുടെ ആരാധനാ പാത്രമായി.

ലിങ്കൺെറ സാന്നിദ്ധ്യം ജനങ്ങളിൽ ആവേശം പകർന്നു. ഹൃദയത്തെ പിടിച്ചടക്കുന്ന ആ പ്രസംഗപാടവം അവരെ ഉത്തേജിപ്പിച്ചു.

ഇല്ലിനോയി സ്റേററിലെ നിയമനിർമ്മാണസഭയിലേക്ക് തെരഞ്ഞെടുപ്പു നടക്കുകയാണ്. ന്യൂസേലത്തെ ജനങ്ങൾ ലിങ്കനെ തങ്ങളുടെ സ്ഥാനാർത്ഥിയായി നിർത്തി; ആദ്യമാദ്യം ലിങ്കൺ മടിച്ചു; എങ്കിലും അവസാനം ജനങ്ങളുടെ സ്നേഹമസൃണമായ നിർബ്ബന്ധത്തിനു വഴങ്ങി.

തെരഞ്ഞെടുപ്പു വിജ്ഞാപനത്തിൽ ലിങ്കൺ പറഞ്ഞു: ''എൻെറ നാട്ടുകാരെ സേവിച്ച് അവരുടെ സംതൃപ്തി സമ്പാദിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്, ഞാൻ ഒരു കുലീന കുടുംബത്തിൽ ജനിച്ചവനല്ല. പ്രമാണികളായ ബന്ധുക്കളോ മിത്രങ്ങളോ എനിക്കില്ല..................................................
എന്നെ തെരഞ്ഞെടുത്താൽ ഞാൻ നിങ്ങളോടു നന്ദിയുള്ളവനാ

യിരിക്കും. പരാജയപ്പെടുകയാണെങ്കിൽ അതിലെനിക്കു പരിഭവവുമില്ല.''

തെരഞ്ഞെടുപ്പിൽ ലിങ്കൺ പരാജയപ്പെട്ടു. പക്ഷേ, അദ്ദേഹത്തിന് ദു:ഖമില്ല. നിസ്സംഗമായ ഒരു മനസ്സോടെ അദ്ദേഹം പരാജയത്തെ സ്വീകരിച്ചു.

അനുയായികൾക്ക് സങ്കടമായി. എങ്കിലും അവർ നിരാശരായില്ല. അടുത്ത തെരഞ്ഞെടുപ്പിൽ (1834) അവർ വീണ്ടും ലിങ്കനെ സ്ഥാനാർത്ഥിയാക്കി. വാശിയേറിയ ആ മൽസരത്തിൽ ലിങ്കൺ വിജയിച്ചു. അങ്ങനെ ഒരു പുതിയ ജീവിതമേഖലയിലേക്ക് അദ്ദേഹം കടന്നുചെന്നു.

ഇക്കാലത്തെല്ലാം കടുത്ത ദാരിദ്ര്യത്താൽ അദ്ദേഹം വിഷമിക്കുകയായിരുന്നു. സ്ഥിരമായ ഒരു ജോലിയിൽ ഇതുവരെ ഏർപ്പെട്ടിട്ടില്ല. ഇടയ്ക്ക് ഒരു പോസ്റ്ററുമാസ്റ്ററായി. അതിൽ നിന്നു ശമ്പളം പോരാതെ വന്നപ്പോൾ തൊഴിലാളിയായി ജോലി ചെയ്തു. കുറേക്കാലം ഒരു സർവ്വേയറുടെ ജോലിയിലും ഏർപ്പെട്ടിരുന്നു. ജീവിക്കാൻ വേണ്ടി ഏതു തൊഴിൽ സ്വീകരിക്കാനും അദ്ദേഹത്തിനു മടിയില്ലായിരുന്നു. പലപ്പോഴും കടം വാങ്ങേണ്ടിവരും. കടക്കാർ വീട്ടു സാധനങ്ങൾ ജപ്തി ചെയ്തുകൊണ്ടു പോകും. പക്ഷേ, ലിങ്കൺ ഒന്നിലും പതറിയില്ല.

നരകയാതനകൾക്കിടയിലും അദ്ദേഹം മററുള്ളവരെ മറന്നില്ല. ദുഃഖിതരുടെ അടുത്തേക്ക് എപ്പോഴും ഉഴറി എത്തും. ഈ സേവന തൽപ്പരതയാണ് തങ്ങളുടെ പ്രതിനിധിയായി അദ്ദേഹത്തെ നിയമനിർമ്മാണ സഭയിലേക്കയ്ക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചത്. അദ്ദേഹം തങ്ങളുടെ ഹൃദയം മനസ്സിലാക്കുമെന്നും, ഭരണതലത്തിൽ തങ്ങൾക്കു വേണ്ടി വാദിക്കുമെന്നും അവർ വിശ്വസിച്ചു.

# 8

## ഒരു പുതിയ ജീവിത വൃത്തിയിലേക്ക്

ഇക്കാലത്ത് ലിങ്കന്റെ പിതാവ് ന്യൂസേലത്തുനിന്നു മാറി ത്താമസിക്കാൻ തീരുമാനിച്ചു. ഇരുനൂറുനാഴിക അകലെയുള്ള ഇല്ലിനോയിയിലാണ് പുതിയ താമസസ്ഥലം. സ്ഥലം മാറി പ്പോകുന്നതിൽ ലിങ്കനും സന്തോഷമാണ്. കുറേക്കാലമായി ന്യൂസേലത്തു ജീവിക്കുന്നു. അവിടത്തെ ജീവിതത്തിനിടയിൽ ഉണ്ടായ ആ ദു:ഖസംഭവം അദ്ദേഹം ഓർത്തു. തന്റെ ജീവിത ത്തിന്റെ ഭാഗമായി മാറിയിരുന്ന പ്രിയപ്പെട്ട സഹോദരി ഡാറ അവിടെ വച്ചാണ് മരിച്ചത്. അവൾ തന്റെ കളിക്കൂട്ടുകാരിയും സഹപാഠിയുമായിരുന്നു. അമ്മയുടെ മരണശേഷം തനിക്കെല്ലാ മായിരുന്നു ഡാറ. സഹോദരിയുടെ വേർപാട് ഏൽപ്പിച്ച പ്രഹ രം ലിങ്കന്റെ മനസ്സിൽ നെടുനാൾ നിലനിന്നു. ഈ ചുററുപാ ടിൽനിന്ന് ഒരു മാററം അവനിഷ്ടപ്പെട്ടു.

യാത്രയ്ക്കുള്ള ഒരുക്കമായി. വീട്ടുപകരണങ്ങളെല്ലാം ബോ ട്ടിൽ കൊണ്ടുവച്ചു. കന്നുകാലികളെ മുൻപുതന്നെ വിററി രുന്നു. കുടുംബാംഗങ്ങൾ ബോട്ടിൽ കയറി ഇരുന്നു. പിതാ വും, ചിററമ്മയും, അവരുടെ മൂന്നു മക്കളും. ലിങ്കൺ ബോട്ടി ന്റെ അമരത്താണ്. മഞ്ഞുമൂടിയ ഒരരുവി കടക്കണം. തുഴഞ്ഞ് അക്കരെയെത്തി. പെട്ടെന്ന് മറുകരയിൽ നിന്ന് ഒരു ദീനരോ ദനം ലിങ്കന്റെ കാതുകളിൽ വന്നലച്ചു.

തങ്ങളുടെ വളർത്തു പട്ടി! സ്ഥലം മാറിപ്പോകുമ്പോൾ വളർത്തു പട്ടിയുടെ കാര്യം ആരും ഓർത്തില്ല. അതു മറുകര യിൽക്കിടന്നു പിടയുകയാണ്. പട്ടിയെ തേടി പിന്നോട്ടു പോ കുന്നത് ശരിയല്ലെന്നു പറഞ്ഞ്, എല്ലാവരും യാത്ര തുട രാൻ തീരുമാനിച്ചു. പക്ഷേ, ലിങ്കന് അതു സമ്മതമായില്ല. ആ പാവപ്പെട്ട മൃഗം തങ്ങളെ എത്ര സ്നേഹിക്കുന്നു! 'തന്നെ കൈയ്യൊഴിച്ചു പോകല്ലേ', എന്ന് അത് വേദനയോടെ യാചി

ക്കുന്നതായി ലിങ്കന് തോന്നി. അദ്ദേഹത്തിന്റെ ഹൃദയം അലിഞ്ഞു. ഒരു നിമിഷം പോലും ആലോചിച്ചു നിന്നില്ല. അച്ഛനും ചിറ്റമ്മയും പിറുപിറുക്കുന്നുണ്ട്. എന്നാലും ദയാപൂർണ്ണനായ ലിങ്കൺ അരുവി നീന്തിക്കടന്ന് അക്കരെ എത്തി. പ്രിയപ്പെട്ട പട്ടിയെ കോരിയെടുത്തു കൊണ്ട് തിരിച്ചുവന്നു. കരയിലെത്തേണ്ട താമസം, പട്ടി തുള്ളിച്ചാടി; ലിങ്കന്റെ ചുററും ഓടി നടന്ന്, ആഹ്ളാദം പ്രകടിപ്പിച്ചു!

1834–ലാണ് ലിങ്കൺ ആദ്യമായി നിയമസഭാംഗമാകുന്നത്; ഇരുപത്തിയഞ്ചാമത്തെ വയസ്സിൽ. നിയമ നിർമ്മാണ സഭയിൽ ഒരംഗമായിരിക്കുമ്പോൾത്തന്നെ അദ്ദേഹം നിയമ പരീക്ഷയിൽ വിജയിച്ചു.

കച്ചവടക്കാരനായി ജോലി ചെയ്യുമ്പോൾ കിട്ടിയ ഒരു നിയമ പുസ്തകമാണ്, നിയമം പഠിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. കച്ചവടപ്പീടികയിൽ വില്പനയ്ക്കായി കൊണ്ടു വന്ന പാഴ്ക്കടലാസിന്റെ കൂട്ടത്തിൽ കണ്ടെത്തിയ നിയമ പുസ്തകം ലിങ്കന് ഒരു നിധിയായിരുന്നു.

നിയമപരീക്ഷയിൽ വിജയിയായതോടെ അദ്ദേഹം അഭിഭാഷകനായി ജീവിതം ആരംഭിച്ചു. പുതിയ ജീവിതവൃത്തിക്ക് പററിയ സ്ഥലം സ്പ്രിംഗ്ഫീൽഡാണ്. 1837 ഏപ്രിൽ മാസത്തിൽ ലിങ്കൺ ആ പട്ടണത്തിലേക്കു താമസം മാററി. ഒരു പെട്ടിയിൽ കൊള്ളുന്ന സാധനങ്ങൾ മാത്രമേ ലിങ്കനുണ്ടായിരുന്നുള്ളു. അതും ഏന്തിക്കൊണ്ടദ്ദേഹം സ്പ്രിംഗ്ഫീൽഡിലെത്തി. പുതിയ സ്ഥലം. പരിചയക്കാരാരുമില്ല. കിടക്കുവാനൊരു മെത്ത വേണം. ലിങ്കൺ ഒരു കടയിൽ കയറിച്ചെന്നു. കിടക്കയ്ക്ക് 17 ഡോളർ വില. പണം തന്റെ കൈയ്യിലില്ല. ലിങ്കൺ കച്ചവടക്കാരനോടപേക്ഷിച്ചു: "ഇവിടെ പ്രാക്ടീസ് ചെയ്യാൻ വന്ന ഒരഭിഭാഷകനാണു ഞാൻ. എന്റെ കൈയിൽ പണമില്ല. ആറുമാസത്തിനകം കിട്ടക്കയുടെ വില തന്നുകൊള്ളാം". ഒരുകാര്യം കൂടി ലിങ്കൺ ഓർമ്മിപ്പിച്ചു: "ആറുമാസത്തിനുള്ളിൽ എനിക്ക് പണമൊന്നും ലഭിച്ചില്ലെങ്കിൽ കിടക്ക

യുടെ വില തരാൻ സാധിക്കയില്ലെന്നും വരാം''. കച്ചവടക്കാരന് ആ യുവാവിൻെറ നിഷ്ക്കളങ്കതയിൽ മതിപ്പുണ്ടായി. അദ്ദേഹത്തിൻെറ കഷ്ടപ്പാടിൽ ദയ തോന്നിയ കച്ചവടക്കാരൻ പറഞ്ഞു: ''ഞാൻ ഇവിടെ അടുത്താണു താമസിക്കുന്നത്. നല്ലൊരു മുറിയും കിടക്കയും അവിടെയുണ്ട്. സമ്മതമാണെങ്കിൽ എൻെറകൂടെ പങ്കു ചേർന്നോളൂ''.

ലിങ്കന് വളരെ സന്തോഷമായി. അതദ്ദേഹത്തിൻെറ ജീവിതത്തിൽ ഒരു പുതിയ അനുഭവമായിരുന്നു. അപരിചിതനായ തന്നോട് ഇത്ര ദയയോടെ ഒരാൾ പെരുമാറുകയോ? ''അദ്ദേഹത്തെ ദൈവം രക്ഷിക്കട്ടെ''— ലിങ്കൺ മനസ്സിൽ മന്ത്രിച്ചു. ദയാലുവായ ആ കച്ചവടക്കാരൻെറ കൂടെ താമസിച്ചാണ് ലിങ്കൺ അഭിഭാഷകവൃത്തി ആരംഭിച്ചത്.

## 9

## പ്രഗല്ഭനായ അഭിഭാഷകൻ

ടോഡ്സ്റ്റുവർട്ട് എന്ന അഭിഭാഷകൻെറ പങ്കാളിയായി ലിങ്കൺ പ്രാക്ടീസ് തുടങ്ങി. സമർത്ഥനും അദ്ധ്വാനശീലനുമായ ചെറുപ്പക്കാരനാണ് ലിങ്കൺ. വളരെ ശ്രദ്ധിച്ചു കേസു പഠിക്കും. കോടതിയിൽ യുക്തിപൂർവ്വം വാദിക്കും. എതിരാളിക്ക് ഒരു പഴുതും കൊടുക്കില്ല. കക്ഷികളോടു വിനയത്തോടു കൂടിയേ പെരുമാറുകയുള്ളൂ. വളരെ വേഗം ആ അഭിഭാഷകൻ ജനങ്ങളുടെ മനം കവർന്നു.

കോടതി കഴിഞ്ഞാൽ വൈകുന്നേരം ജഡ്ജിമാരും അഭിഭാഷകരും ഒന്നിച്ച് സമ്മേളിക്ക പതിവാണ്. സംഭാഷണവേളയിൽ ലിങ്കൺ പ്രദർശിപ്പിച്ചിരുന്ന നർമ്മബോധം പ്രശംസനീയമായിരുന്നു. സകലരുടെയും ശ്രദ്ധ നിഷ്ക്കളങ്കനും ഊർജ്ജസ്വലനുമായ ഈ ചെറുപ്പക്കാരനിൽ പതിഞ്ഞു.

അഭിഭാഷക വൃത്തിയെ ധനം സമ്പാദിക്കാനുള്ള മാർഗ്ഗമായി ലിങ്കൺ കരുതിയില്ല. തനിക്കു സത്യമെന്നു തോന്നുന്ന കേസുകളേ അദ്ദേഹം സ്വീകരിക്കൂ. കക്ഷികളിൽ നിന്ന് അമിതമായി ഫീസ് വാങ്ങില്ല; പാവങ്ങളോട് പ്രതിഫലം പററിയിരുന്നില്ല.

ഒരിക്കൽ ഒരു കക്ഷി ലിങ്കന് 25 ഡോളർ ഫീസു കൊടുത്തു. എന്നാൽ മുഴുവൻ സംഖ്യയും സ്വീകരിക്കാൻ അദ്ദേഹത്തിൻെറ മനസ്സാക്ഷി അനുവദിച്ചില്ല. 10 ഡോളർ തിരിച്ചു കൊടുത്തു.

ചില പാവപ്പെട്ട കക്ഷികൾക്ക് അദ്ദേഹം ഭക്ഷണത്തിനും, യാത്രയ്ക്കും വേണ്ടി പണം സ്വന്തം കൈയ്യിൽ നിന്നു കൊടുക്കുക പോലും പതിവായിരുന്നു.

ഒഴിവാക്കാവുന്ന എല്ലാതർക്കങ്ങളും കക്ഷികളെ ഉപദേശിച്ച്, ലിങ്കൺ പരിഹരിക്കുമായിരുന്നു. കോടതി കയറി കഷ്ടപ്പെടുന്നതിൽ നിന്ന് അവരെ രക്ഷിക്കും.

ഇതൊന്നും മററ് അഭിഭാഷകർക്ക് ഇഷ്ടപ്പെട്ടില്ല. അവർ അസൂയാലുക്കളായി. കക്ഷികളെ പിഴിഞ്ഞ് പണം വസൂലാക്കുന്ന അവർക്ക് ഈ പുതിയ അഭിഭാഷകൻെറ ''വിഡ്ഢിത്ത''ത്തിൽ അമർഷം തോന്നി, പക്ഷേ ലിങ്കൺ തൻെറ ആദർശനിഷ്ഠയിൽ നിന്ന് അണു പോലും പിൻമാറിയില്ല.

ലിങ്കൺ പ്രഗല്ഭനായ ഒരഭിഭാഷകനായിരുന്നു. കുറിക്കു കൊള്ളുന്ന ചോദ്യങ്ങളും, പിടിച്ചു നിർത്തുന്ന വാദപ്രതിവാദകുശലതയും അദ്ദേഹത്തിൻെറ പ്രത്യേകതയായിരുന്നു. വിഷമം പിടിച്ച നിയമപ്രശ്നങ്ങൾ അതിചതുരമായി അദ്ദേഹം വ്യാഖ്യാനിക്കുമ്പോൾ, ജഡ്ജിമാരും മററഭിഭാഷകരും വിസ്മയം കൊള്ളും. അദ്ദേഹം നടത്തിയ ഒരു കൊലക്കേസ് വളരെ പ്രസിദ്ധമാണ്.

ഒരുനാൾ ഒരു വൃദ്ധ ലിങ്കനെ സമീപിച്ചു. തൻെറ മകൻ പ്രതിക്കൂട്ടിലാണ്. അവൻ ശിക്ഷിക്കപ്പെടുകയാണെങ്കിൽ താൻ നിരാധാരയാവും. കൊലക്കുററമാണ് അവൻെറ പേരിൽ

ആരോപിക്കപ്പെട്ടിട്ടുള്ളത്. തെളിവുകൾ എല്ലാം അവനെതിരാണ്. ദൃക്സാക്ഷികൾ പലരുമുണ്ട്. തന്നെയും തൻെറ മകനെയും രക്ഷിക്കണം — അവർ പൊട്ടിക്കരഞ്ഞു കൊണ്ടു പറഞ്ഞു.

ലിങ്കന് ആ പാവപ്പെട്ട വൃദ്ധയോടു ദയ തോന്നി. വിശദവിവരങ്ങൾ അന്വേഷിച്ചപ്പോഴാണ് മനസ്സിലാകുന്നത്; ന്യൂസേലത്ത് തൻെറ കൂട്ടുകാരനായിരുന്ന ആംസ്ട്രോംഗിൻെറ വിധവയാണവർ എന്ന്. ലിങ്കണ് ആ കഴിഞ്ഞ കാലങ്ങൾ ഓർമ്മ വന്നു. ജാക്കുമായി ഉള്ള യുദ്ധം; അവസാനം അയാൾ തനിക്കു കീഴടങ്ങിയത്! തുടർന്ന് തൻെറ കാൽ കെട്ടിപ്പിടിച്ചത്. എല്ലാം ഒരു ചലച്ചിത്രത്തിലെന്നോണം അദ്ദേഹത്തിൻെറ മനസ്സിൽ തെളിഞ്ഞു വന്നു. താനുമായി ബന്ധപ്പെട്ടതിനുശേഷം ആംസ്ട്രോംഗ് പരമയോഗ്യനായിത്തീർന്നു. എന്തൊരു വിശ്വസ്തനായ സുഹൃത്തായിരുന്നു, ആ മനുഷ്യൻ!

അദ്ദേഹത്തിൻെറ വിധവ ഇന്ന് തൻെറ മുൻപിൽ വന്നു നിൽക്കുന്നു! അവർക്കു ജീവിതത്തിൽ ഒററ ആഗ്രഹമേയുള്ളൂ. തൻെറ മകനെ കൊലക്കയറിൽ നിന്നു രക്ഷിക്കണം. ലിങ്കൺ ഉറച്ചു — ഈ കേസ് താൻ ജയിച്ചേ അടങ്ങൂ!

കോടതി മുറിയിൽ അദ്ദേഹം അക്ഷോഭ്യനായിരുന്നു. സാക്ഷികളുടെ നേരെ അദ്ദേഹത്തിൻെറ ചോദ്യശരങ്ങൾ പറന്നു ചെന്നു. അവരുടെ മൊഴി പരസ്പര വിരുദ്ധങ്ങളായിരുന്നു. ഒരു സാക്ഷി പറഞ്ഞു പ്രതി കുററം ചെയ്യുന്നത് താൻ നേരിട്ടു കണ്ടു എന്ന്. പൊടുന്നനെ, ലിങ്കൺ ചോദിച്ചു: "ഇരുട്ടത്തു നിങ്ങൾ എങ്ങനെ കാണും?" സാക്ഷി അറിയാതെ പറഞ്ഞുപോയി; "അന്ന് നല്ല നിലാവുണ്ടായിരുന്നു." പൊട്ടിച്ചിരിച്ചു കൊണ്ട് ലിങ്കൺ തൻെറ പാക്കററിൽ നിന്ന് പഞ്ചാംഗം പുറത്തെടുത്തു. കൊല നടന്ന ദിവസം കറുത്തവാവായിരുന്നു. കറുത്തവാവു നാളിൽ നിലാവു കണ്ട സാക്ഷിയാണ് ഈ നിൽക്കുന്നത്. — ലിങ്കൺ പൊട്ടിച്ചിരിച്ചു. ജഡ്ജി മന്ദഹസിച്ചു. കേസപ്പോഴേ ജയിച്ചു കഴിഞ്ഞു. ലിങ്കൺ കൃതാർത്ഥനായി.

## 10

# ജീവിതസഖിയെ കണ്ടെത്തി

അഭിഭാഷകനെന്ന നിലയിൽ ലിങ്കൻെറ പ്രശസ്തി നാടെങ്ങും പരന്നു. അദ്ദേഹം കേസ് വാദിക്കുന്നതു കേൾക്കാൻ ആളുകൾ കോടതിയിൽ തിങ്ങിക്കൂടും.

രാഷ്ട്രീയ കാര്യങ്ങളിലാണ് അദ്ദേഹത്തിനു കൂടുതൽ താൽപര്യം. ഇല്ലിനോയിയിലെ രാഷ്ട്രീയ രംഗത്ത് ലിങ്കൺ തൻെറ വ്യക്തിത്വം സ്ഥാപിച്ചു കഴിഞ്ഞു. ഇക്കാലത്ത് സ്ററീഫൻഡഗ്ളസ്സ് എന്നു പേരായ ഒരു രാഷ്ട്രീയ നേതാവ് ഇല്ലിനോയിയിൽ ജീവിച്ചിരുന്നു. ഡഗ്ളസ്സ് സുന്ദരനും, തന്ത്രജ്ഞനുമായിരുന്നു; ജനക്കൂട്ടത്തെ ആവേശം കൊള്ളിക്കുന്ന പ്രസംഗകനുമായിരുന്നു.

ജീവിതത്തിന് അടുക്കും ചിട്ടയും വന്നപ്പോൾ വിവാഹകാര്യത്തിലായി ലിങ്കൻെറ ശ്രദ്ധ. സ്നേഹിതനായ ജോഷ്വാ സ്പീഡ് അദ്ദേഹത്തെ ഇക്കാര്യത്തിൽ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ന്യൂസേലത്ത് ജീവിച്ചിരുന്ന കാലത്ത്, ലിങ്കൻെറ മനം കവർന്ന ഒരു യുവതിയുണ്ടായിരുന്നു; സുന്ദരിയും സുശീലയുമായ ആൻറൂട്ലഡ്ജ്. അവൾ പാവപ്പെട്ടവളായിരുന്നു. ആ യുവതിയിൽ തൻെറ ജീവിത സഖിയെ ലിങ്കൺ കണ്ടെത്തി.

1835—ലാണ് ആ സംഭവം. പെട്ടെന്ന് ഒരു പനി പിടിപെട്ട് റൂട്ലഡ്ജ് ഐഹിക ജീവിതം വെടിഞ്ഞു. ലിങ്കന് മറക്കാനാവാത്ത ഒരു സംഭവമായിരുന്നു, അത്. അദ്ദേഹം നിരാശനായി. അഭിഭാഷകനായി സ്പ്രിംഗ് ഫീൽഡിൽ പ്രാക്ടീസ് ചെയ്യുന്ന കാലത്തുപോലും, ദുഃഖിതനായ ആ യുവാവ് മരിച്ചുപോയ കാമുകിയുടെ ശവക്കല്ലറ ഇടയ്ക്കിടെ സന്ദർശിക്കുമായിരുന്നു. അഞ്ചു മൈലകലെ 'കോൺകോർഡ്'' എന്ന സ്ഥലത്തുള്ള സെമിററരിയിലേക്ക് കാമുകൻ നടന്നുചെല്ലും. —നീണ്ട മണിക്കൂറുകൾ റൂട്ലഡ്ജിൻെറ കുഴിമാടത്തിൽ

മുന്നിൽ അദ്ദേഹം കഴിച്ചുകൂട്ടും. ആ കവിളിലൂടെ ചുടു കണ്ണീർ ഒഴുകിവീഴും. പലപ്പോഴും സുഹൃത്തുക്കൾ അദ്ദേഹത്തെ അന്വേഷിച്ചുചെല്ലും. കരഞ്ഞുകലങ്ങിയ കണ്ണുകളോടെ അവിടെ നിൽക്കുന്ന ലിങ്കനെ അവർ ആശ്വസിപ്പിക്കും. മഴപെയ്യാൻ തുടങ്ങിയാൽ പ്രിയപ്പെട്ട ആനിന്റെ കുഴിമാടം നനഞ്ഞുപോകുമല്ലോ എന്നു പറഞ്ഞ്, അദ്ദേഹം വിതുമ്പിക്കരയും.

ആ നിമിഷത്തിന്റെ നിരാശയിൽ, ആത്മഹത്യയ്ക്കുപോലും ആ കാമുകൻ തുനിഞ്ഞിട്ടുണ്ട്. കൂട്ടുകാർ വിഷമിച്ചു. അവർക്കദ്ദേഹത്തിന്റെ ഭാവിയെക്കുറിച്ച് വലിയ പ്രതീക്ഷകളുണ്ട്. വികാരവിവശനായ ലിങ്കനെ ആശ്വസിപ്പിക്കാനുള്ള വഴി കണ്ടെത്താതെ അവർ കുഴങ്ങി. ഒരു ഗൃഹസ്ഥജീവിതത്തിലേക്ക് അദ്ദേഹത്തിന്റെ മനസ്സു തിരിച്ചുവിടാൻ അവർ തീരുമാനിച്ചു.

'മേരിടോഡ്' എന്നുപേരുള്ള ചെറുപ്പക്കാരിയെ അപ്രതീക്ഷിതമായാണ് ലിങ്കൺ പരിചയപ്പെട്ടത്.

കെൻറക്കിയിൽ ലക്സിംഗ്ടൺ എന്ന സ്ഥലത്തായിരുന്നു അവരുടെ കുടുംബം. വിദ്യാസമ്പന്നയും കലാകുതുകിയുമാണവർ. നല്ല കാര്യശേഷിയുള്ള സ്ത്രീ. പക്ഷേ, അവരുടെ നാക്കു വളരെ കടുത്തതായിരുന്നു. സൂര്യനു കീഴിലുള്ള എല്ലാററിനെക്കുറിച്ചും അവർ അഭിപ്രായം പറയും. ഒരു കുത്തുവാക്കിന് നാല് അങ്ങോട്ടു കൊടുക്കും. കുടുംബത്തിലുള്ളവരുമായി കലഹം ഉണ്ടാക്കി, സ്പ്രിംഗ് ഫീൽഡിൽ ഭർത്താവോടൊത്തു താമസിക്കുന്ന ജ്യേഷ്ഠത്തിയുടെ അടുക്കലെത്തിയിരിക്കുകയാണ് മേരി.

തന്റെ ഭാവിജീവിതത്തെക്കുറിച്ച് മേരിക്ക് വ്യക്തമായ കാഴ്ചപ്പാടുകളുണ്ട്. സമൂഹത്തിൽ ഉയർന്ന നിലയിലെത്താൻ സാദ്ധ്യതയുള്ള ചെറുപ്പക്കാരനാകണം, തന്റെ വരൻ. അമേരിക്കൻ പ്രസിഡൻറ് പദവിയിലെത്താൻ കെൽപ്പുള്ള ഒരാളാവണം തന്റെ ഭർത്താവ്.

അതിസമർത്ഥയായ മേരിയുടെ ശ്രദ്ധ പെട്ടെന്ന് ലിങ്കനിൽ പതിഞ്ഞു. എന്തുകൊണ്ടോ സ്ററീഫൻഡഗ്ലസ്സിനെ അവർ

കാര്യമാക്കിയില്ല. ലിങ്കൺ സുന്ദരനൊന്നുമല്ല; ഒററ നോട്ടത്തിൽ പ്രാകൃതനായ ചെറുപ്പക്കാരൻ. എന്നാലും മേരി അദ്ദേഹത്തെ ത്തന്നെ വിവാഹം കഴിക്കാനാണു തീരുമാനിച്ചത്. വളരെ സൂത്രത്തിൽ അവർ കരുക്കൾ നീക്കാൻ തുടങ്ങി.

ലിങ്കന് ആ വിവാഹാലോചന ഇഷ്ടപ്പെട്ടില്ല. തൻെറയും, മേരിടോഡിൻെറയും സ്വഭാവങ്ങൾ തമ്മിലുള്ള പൊരുത്തക്കേട് അദ്ദേഹം നല്ലവണ്ണം മനസ്സിലാക്കി.

പക്ഷേ, മേരി നിരാശയായില്ല. പലരെക്കൊണ്ടും ശുപാർശ പറയിച്ചു. ഒരു ദുർബ്ബല നിമിഷത്തിൽ ലിങ്കൺ സമ്മതിച്ചു പോയി. അങ്ങനെ 1841 ജനുവരി 1—ാം തീയതി ആ വിവാഹം നടത്താൻ തീരുമാനിച്ചു.

വിവാഹത്തിനുള്ള ഒരുക്കങ്ങൾ നടക്കുന്നു. ലിങ്കന് വീണ്ടും മനപ്രയാസമായി. ജീവിതത്തിലെ സുപ്രധാനമായ സന്ദർഭം. തനിക്കിഷ്ടപ്പെടാത്ത ആ വിവാഹം നടന്നു കഴി ഞ്ഞാൽ താൻ ഭ്രാന്തനായിപ്പോയേക്കുമെന്ന് അദ്ദേഹത്തിനു തോന്നി. ഒരിക്കലും പൊരുത്തപ്പെടാത്ത താത്പര്യങ്ങളാണ് തനിക്കും മേരിക്കും ഉള്ളത്.

വായാടിയായ ആ സ്ത്രീ തൻെറ ജീവിതം ഒരു നരക മാക്കി മാററും. വിവാഹത്തിനു സമ്മതിച്ച് പോയ നിമിഷ ത്തെ അദ്ദേഹം ശപിച്ചു. ഏറെക്കുറെ ഒരു ഭ്രാന്തനായി മാറിയ ലിങ്കൺ വിവാഹദിവസം ആരോടും പറയാതെ സ്ഥ ലം വിട്ടു. മുഹൂർത്തസമയത്ത് കല്ല്യാണപ്പന്തലിൽ വരൻ എത്തിച്ചേർന്നില്ല. ആകെ ബഹളമായി. ബന്ധുക്കൾക്കെല്ലാം പരിഭ്രമമായി. ലിങ്കന് എന്തു സംഭവിച്ചു......?

മേരിടോഡ് നിരാശയായില്ല. അവർക്കു ലിങ്കനെ നല്ലതു പോലെ അറിയാം. അവ അദ്ദേഹത്തിൻെറ ഹൃദയം പഠി ച്ചിരിക്കുന്നു! അതിബുദ്ധിമതിയായ ആ യുവതി അദ്ദേ ഹത്തിൻെറ ദൗർബല്യത്തെ ശരിക്കും ഉപയോഗിച്ചു. ലിങ്ക ന് ഒരു കത്തയച്ചു: ''വിവാഹദിവസം അങ്ങ് എത്തിച്ചേരാ ത്തതിൽ എനിക്കു പരാതിയില്ല. അങ്ങേക്കിഷ്ടമില്ലെങ്കിൽ

മുന്നിൽ അദ്ദേഹം കഴിച്ചുകൂട്ടും. ആ കവിളിലൂടെ ചുടു കണ്ണീർ ഒഴുകിവീഴും. പലപ്പോഴും സുഹൃത്തുക്കൾ അദ്ദേഹത്തെ അന്വേഷിച്ചുചെല്ലും. കരഞ്ഞുകലങ്ങിയ കണ്ണുകളോടെ അവിടെ നിൽക്കുന്ന ലിങ്കനെ അവർ ആശ്വസിപ്പിക്കും. മഴപെയ്യാൻ തുടങ്ങിയാൽ പ്രിയപ്പെട്ട ആനിന്റെ കുഴിമാടം നനഞ്ഞു പോകുമല്ലോ എന്നു പറഞ്ഞ്, അദ്ദേഹം വിതുമ്പിക്കരയും.

ആ നിമിഷത്തിന്റെ നിരാശയിൽ, ആത്മഹത്യയ്ക്കു പോലും ആ കാമുകൻ തുനിഞ്ഞിട്ടുണ്ട്. കൂട്ടുകാർ വിഷമിച്ചു. അവർക്കദ്ദേഹത്തിന്റെ ഭാവിയെക്കുറിച്ച് വലിയ പ്രതീക്ഷകളുണ്ട്. വികാരവിവശനായ ലിങ്കനെ ആശ്വസിപ്പിക്കാനുള്ള വഴി കണ്ടെത്താതെ അവർ കുഴങ്ങി. ഒരു ഗൃഹസ്ഥ ജീവിതത്തിലേക്ക് അദ്ദേഹത്തിന്റെ മനസ്സു തിരിച്ചുവിടാൻ അവർ തീരുമാനിച്ചു.

'മേരിടോഡ്' എന്നുപേരുള്ള ചെറുപ്പക്കാരിയെ അപ്രതീക്ഷിതമായാണ് ലിങ്കൺ പരിചയപ്പെട്ടത്.

കെൻറക്കിയിൽ ലക്സിംഗ്ടൺ എന്ന സ്ഥലത്തായിരുന്നു അവരുടെ കുടുംബം. വിദ്യാസമ്പന്നയും കലാകുതുകിയുമാണവർ. നല്ല കാര്യശേഷിയുള്ള സ്ത്രീ. പക്ഷേ, അവരുടെ നാക്കു വളരെ കടുത്തതായിരുന്നു. സൂര്യനു കീഴിലുള്ള എല്ലാററിനെക്കുറിച്ചും അവർ അഭിപ്രായം പറയും. ഒരു കുത്തുവാക്കിന് നാല് അങ്ങോട്ടു കൊടുക്കും. കുടുംബത്തിലുള്ളവരുമായി കലഹം ഉണ്ടാക്കി, സ്പ്രിംഗ് ഫീൽഡിൽ ഭർത്താവോടൊത്തു താമസിക്കുന്ന ജ്യേഷ്ഠത്തിയുടെ അടുക്കലെത്തിയിരിക്കുകയാണ് മേരി.

തന്റെ ഭാവിജീവിതത്തെക്കുറിച്ച് മേരിക്ക് വ്യക്തമായ കാഴ്ചപ്പാടുകളുണ്ട്. സമൂഹത്തിൽ ഉയർന്ന നിലയിലെത്താൻ സാദ്ധ്യതയുള്ള ചെറുപ്പക്കാരനാകണം, തന്റെ വരൻ. അമേരിക്കൻ പ്രസിഡൻറ് പദവിയിലെത്താൻ കെൽപ്പുള്ള ഒരാളാവണം തന്റെ ഭർത്താവ്.

അതിസമർത്ഥയായ മേരിയുടെ ശ്രദ്ധ പെട്ടെന്ന് ലിങ്കനിൽ പതിഞ്ഞു. എന്തുകൊണ്ടോ സ്ററീഫൻഡഗ്ലസ്സിനെ അവർ

കാര്യമാക്കിയില്ല. ലിങ്കൺ സുന്ദരനൊന്നുമല്ല; ഒററ നോട്ടത്തിൽ പ്രാകൃതനായ ചെറുപ്പക്കാരൻ. എന്നാലും മേരി അദ്ദേഹത്തെ ത്തന്നെ വിവാഹം കഴിക്കാനാണു തീരുമാനിച്ചത്. വളരെ സൂത്രത്തിൽ അവർ കരുക്കരം നീക്കാൻ തുടങ്ങി.

ലിങ്കന് ആ വിവാഹാലോചന ഇഷ്ടപ്പെട്ടില്ല. തൻെറയും, മേരിടോഡിൻെറയും സ്വഭാവങ്ങരം തമ്മിലുള്ള പൊരുത്തക്കേട് അദ്ദേഹം നല്ലവണ്ണം മനസ്സിലാക്കി.

പക്ഷേ, മേരി നിരാശയായില്ല. പലരെക്കൊണ്ടും ശുപാർശ പറയിച്ചു. ഒരു ദുർബ്ബല നിമിഷത്തിൽ ലിങ്കൺ സമ്മതിച്ചു പോയി. അങ്ങനെ 1841 ജനുവരി 1-ാം തീയതി ആ വിവാഹം നടത്താൻ തീരുമാനിച്ചു.

വിവാഹത്തിനുള്ള ഒരുക്കങ്ങരം നടക്കുന്നു. ലിങ്കന് വീണ്ടും മനപ്രയാസമായി. ജീവിതത്തിലെ സുപ്രധാനമായ സന്ദർഭം. തനിക്കിഷ്ടപ്പെടാത്ത ആ വിവാഹം നടന്നു കഴിഞ്ഞാൽ താൻ ഭ്രാന്തനായിപ്പോയേക്കുമെന്ന് അദ്ദേഹത്തിനു തോന്നി. ഒരിക്കലും പൊരുത്തപ്പെടാത്ത താത്പര്യങ്ങളാണ് തനിക്കും മേരിക്കും ഉള്ളത്.

വായാടിയായ ആ സ്ത്രീ തൻെറ ജീവിതം ഒരു നരകമാക്കി മാററും. വിവാഹത്തിനു സമ്മതിച്ച് പോയ നിമിഷത്തെ അദ്ദേഹം ശപിച്ചു. ഏറെക്കുറെ ഒരു ഭ്രാന്തനായി മാറിയ ലിങ്കൺ വിവാഹദിവസം ആരോടും പറയാതെ സ്ഥലം വിട്ടു. മുഹൂർത്തസമയത്ത് കല്ല്യാണപ്പന്തലിൽ വരൻ എത്തിച്ചേർന്നില്ല. ആകെ ബഹളമായി. ബന്ധുക്കരംക്കെല്ലാം പരിഭ്രമമായി. ലിങ്കന് എന്തു സംഭവിച്ചു......?

മേരിടോഡ് നിരാശയായില്ല. അവർക്കു ലിങ്കനെ നല്ലതു പോലെ അറിയാം. അവ അദ്ദേഹത്തിൻെറ ഹൃദയം പഠിച്ചിരിക്കുന്നു! അതിബുദ്ധിമതിയായ ആ യുവതി അദ്ദേഹത്തിൻെറ ദൗർബല്യത്തെ ശരിക്കും ഉപയോഗിച്ചു. ലിങ്കന് ഒരു കത്തയച്ചു: ''വിവാഹദിവസം അങ്ങ് എത്തിച്ചേരാത്തതിൽ എനിക്കു പരാതിയില്ല. അങ്ങേക്കിഷ്ടമില്ലെങ്കിൽ

ഞാൻ വിവാഹത്തിനു നിർബന്ധിക്കുന്നില്ല. എന്നോട് വാഗ്ദത്തം ചെയ്തുപോയല്ലോ, എന്നോർത്ത് അവിടുന്ന് ദുഃഖിക്കരുത്. ഏതു നിമിഷവും വിവാഹക്കരാർ ലംഘിക്കാൻ അങ്ങേക്ക് സ്വാതന്ത്ര്യമുണ്ട്''.

എഴുത്തു കൈപ്പററിയപ്പോൾ ലിങ്കന് മനഃപ്രയാസമായി. വാഗ്ദത്ത ലംഘനം നടത്തിയ തന്നോട് മേരി ക്ഷമിച്ചിരിക്കുന്നു. വിവാഹക്കരാറു ലംഘിക്കുവാൻ തനിക്കു പൂർണ്ണമായി സ്വാതന്ത്ര്യമുണ്ടെന്ന് അവർ അറിയിച്ചിരിക്കുന്നു. ആ ഹൃദയവിശാലത അദ്ദേഹത്തിൽ വലിയ മതിപ്പുണ്ടാക്കി.

മനശ്ശാസ്ത്രപടുവായ മേരി സന്ദർഭം വേണ്ടതുപോലെ ഉപയോഗിച്ചു. മദ്ധ്യസ്ഥൻമാർ മുഖേന അവർ വീണ്ടും വിവാഹാഭ്യർത്ഥന ആവർത്തിച്ചു. ഇത്തവണ ലിങ്കൺ ആ വലയിൽ വീണുപോയി. 1842 നവംബർ 4—ാം തീയതി മേരിയുടെ ജൻമനാളിൽ വിവാഹം നടന്നു. വിവാഹദിവസം ഉടുത്തൊരുങ്ങി ഇറങ്ങുമ്പോൾ ലിങ്കൺ പറഞ്ഞ ഒരു നേരമ്പോക്ക് രസാവഹമാണ്: അടുത്ത വീട്ടിലെ ഒരു കുട്ടി അദ്ദേഹത്തോടു ചോദിച്ചു, “എങ്ങോട്ടാണു പോകുന്നത്?'' ''നരകത്തിലേക്ക്'', അദ്ദേഹം മറുപടി പറഞ്ഞു. തമാശയ്ക്കു പറഞ്ഞതാണെങ്കിലും അതൊരു സത്യമായിരുന്നു. ലിങ്കൻെറ കുടുംബജീവിതം ഒരു നരകം തന്നെയായിരുന്നു. എന്നും അപശ്രുതികളും പൊരുത്തക്കേടുകളും.........

മിസിസ് ലിങ്കന് നല്ല കാര്യശേഷി ഉണ്ടായിരുന്നു. പണം സൂക്ഷിക്കാനും, വീട്ടുകാര്യങ്ങൾ വളരെ ചിട്ടയോടെ നടത്താനും അവർ മിടുക്കിയാണ്. ഭർത്താവിൻെറ രാഷ്ട്രീയ ജീവിതത്തെ വിജയത്തിലേക്കു നയിക്കാൻ പല പരിപാടികളും അവർ മനസ്സിൽ കണ്ടു. എന്നാൽ എന്നും അവർ വഴക്കുകൂടും. എത്ര അപരിഷ്കൃതനാണദ്ദേഹം! മുടി മിനുസപ്പെടുത്തുകയില്ല; ഉടുപ്പിലും നടപ്പിലും ചിട്ടയില്ല. വിരുന്നുകാരോട് ഉപചാരം കാണിക്കാൻ അറിയില്ല.........

അങ്ങനെ എല്ലാ കാര്യത്തിലും ഭാര്യയ്ക്ക് അതൃപ്തിയാണ്. ഭർത്താവിൻെറ കുടുംബക്കാരെ അവർക്കു കണ്ണെടുത്തു

കണ്ടുകൂടാ. ഈ പ്രകൃതരെയൊക്കെ വീട്ടിൽ താമസിപ്പിക്കാൻ അനുവദിക്കുകയില്ല– അവർ അറുത്തുമുറുത്തു പറഞ്ഞു.

വേഷവിധാനത്തിൻെറ കാര്യത്തിൽ ലിങ്കൺ എന്നും അമാന്തക്കാരനായിരുന്നു. സ്വന്തമായൊരു ക്ഷൗരക്കത്തിപോലും അദ്ദേഹം സൂക്ഷിക്കുമായിരുന്നില്ല. താടിയും മുടിയും വളർന്നാൽ അത്ര കാര്യമാക്കിയില്ല. പലനാരം ഭാര്യ നിർബ്ബന്ധിച്ചാൽ ഒരുനാരം ക്ഷൗരം ചെയ്യും. ഈ നിസ്സംഗഭാവം എക്കാലവും ലിങ്കൻെറ പ്രത്യേകതയായിരുന്നു.

ഒരിക്കൽ ചിക്കാഗോയിൽവച്ച് ഒരു ഫോട്ടോഗ്രാഫർ ലിങ്കൻെറ പടം എടുക്കുകയായിരുന്നു. മുടിയും താടിയും മിനുസപ്പെടുത്താൻ ഫോട്ടോഗ്രാഫർ ഉപദേശിച്ചു. പക്ഷേ, ലിങ്കൺ ചിരിച്ചുകൊണ്ടുപറഞ്ഞു: ''അങ്ങനെ സുന്ദരനായാൽ സ്പ്രിംഗ് ഫീൽഡിലുള്ളവർക്ക് തന്നെ മനസ്സിലാക്കാൻ കഴിയുകയില്ല!''

ലിങ്കന് നാലു മക്കളുണ്ടായിരുന്നു. റോബർട്ട്, എഡ്ഢി, വില്ലി, ടോഡ്. കുടുംബ വഴക്കുകളിൽപ്പെട്ട് മനം കലങ്ങുമ്പോഴെല്ലാം ലിങ്കനെ ആശ്വസിപ്പിച്ചിരുന്നത് പ്രിയപ്പെട്ട പുത്രൻമാരുമായുള്ള കളിയും ചിരിയുമാണ്.

മക്കളുടെ കുററങ്ങളൊന്നും അദ്ദേഹം ഗൗരവമായി കണക്കാക്കുകയില്ല. വളരെ ക്ഷമാശീലനായായിരുന്നു അദ്ദേഹം. കുട്ടികളോടൊപ്പം എന്നും കുസൃതി കളിക്കും. ഒന്ന് കണ്ണുരുട്ടുകപോലുമില്ല. മക്കരംക്ക് അദ്ദേഹം ഒരു കളിച്ചങ്ങാതയാണ്.

ചിലപ്പോരം ആഫീസിലിരുന്ന് കുഴഞ്ഞു മറിഞ്ഞ ചില കേസുകരം അദ്ദേഹം പഠിക്കുകയായിരിക്കും. അപ്പോഴായിരിക്കും ആ പിഞ്ചോമനകരം കുണുങ്ങിക്കുണുങ്ങിക്കൊണ്ടോടി വരിക. അവർ പിതാവിനെ പിച്ചും, നുള്ളും, മടിയിൽ കയറി ഇരിക്കും, ചുററും ഉഴറിയോടി കൂകിവിളിക്കും. മഷിക്കുപ്പി തട്ടിത്താഴെ ഇടും, ഫയലുകരം കുഴച്ചു മറിക്കും. വാൽസല്യനിധിയായ ആ പിതാവ് ഒരു മന്ദസ്മിതത്തോടെ എല്ലാം കാണും. കുസൃതിക്കുടുക്കകളായ മക്കളെ വാരിയെടുത്തുമ്മ വയ്ക്കും.

ഇതൊന്നും മേരിക്കിഷ്ടമല്ല. മക്കളെ വഷളാക്കുകയാണദ്ദേഹം. താന്തോന്നികളായ പിള്ളേരും പരുക്കനായ ഒരു പിതാവും!

ആകെ കുലുങ്ങിനടന്ന് ആ മാതാവ് നാക്കിട്ടടിക്കും. അമ്മയെ കോക്രികാട്ടി ആ കുസൃതിക്കുട്ടൻമാർ പരിഹസിക്കും. അതവരെ വിരളി പിടിപ്പിക്കും. അലറിക്കൊണ്ട് അവർ മക്കളുടെ പിന്നാലെ ഓടിയെത്തും. കുട്ടികൾ പൊട്ടിച്ചിരിച്ചുകൊണ്ട് ഒഴിഞ്ഞുമാറും.

പരിഷ്കൃത വനിതയായി നടക്കാനാണ് മേരിക്കു താൽപര്യം. ലിങ്കൺ അറിയാതെ വിലപിടിച്ച വസ്ത്രങ്ങൾ അവർ വാങ്ങും. ഈ സ്വഭാവം വലിയ പ്രയാസങ്ങളുണ്ടാക്കി. ഭാര്യയുടെ വസ്ത്രാലങ്കാരഭ്രമം അദ്ദേഹത്തെ ഒരു കടക്കാരനാക്കി മാററി.

## 11

## ജനസേവനത്തിൽ ആനന്ദം

ലിങ്കൻെറ പൊതുപ്രവർത്തനം ന്യൂസേലത്തെ ജനങ്ങളെ വളരെയേറെ ആകർഷിച്ചിരുന്നു. അതു കൊണ്ടാണവർ അദ്ദേഹത്തെ ഇല്ലിനോയി സ്ററേറിലെ നിയമസഭയിലേയ്ക്കു തെരഞ്ഞെടുത്തയച്ചത്. മഹാനായ ആ മനുഷ്യൻെറ ഹൃദയം എന്നും ജനങ്ങൾക്കു വേണ്ടി തുടിച്ചു. സ്പ്രിംഗ്ഫീൽഡിലും അദ്ദേഹം പൊതുപ്രവർത്തനരംഗത്ത് മായാത്ത വ്യക്തി മുദ്ര പതിപ്പിച്ചു. നിയമ സഭയിലേക്കുള്ള തെരഞ്ഞെടുപ്പിൽ ആര് സ്ഥാനാർത്ഥിയാവണം എന്ന കാര്യത്തിൽ ആർക്കും സംശയമേ ഉണ്ടായിരുന്നില്ല. ഒന്നു രണ്ടു തവണ അദ്ദേഹം നിയമസഭയിൽ അംഗമായി. പരമ ദരിദ്രനായ ലിങ്കന്, നിയമസഭയിൽ ആദ്യമായി പോകുമ്പോൾ പുതിയ ഉടുപ്പു പോലും ഉണ്ടായിരുന്നില്ല. കടം വാങ്ങിയ വസ്ത്രവും അണി

ഞ്ഞാണ് അദ്ദേഹം നിയമസഭയിൽ ഹാജരായത്. പരിഷ്കൃതരും കുലീനരുമായ നിയമസഭാസാമാജികൻമാർക്ക് പ്രാകൃതരൂപിയായ ലിങ്കനെ കണ്ടപ്പോഠം തമാശ തോന്നി. പക്ഷേ അധിക നാളൊന്നും കഴിഞ്ഞില്ല— അദ്ദേഹം രംഗം ആകെ പിടിച്ചടക്കി, ആ ആത്മാർത്ഥയും ആർജ്ജവവും അതീവചടുലമായി സകലരുടെയും മനസ്സിൽ കടന്നു കയറി.

വികാരഭരിതമായ ഭാഷയിൽ, അതിസൂക്ഷ്മമായ യുക്തി ബോധത്തോടെ അദ്ദേഹം പ്രസംഗിക്കാൻ തുടങ്ങിയാൽ സദസ്സ് ആകെ നിശ്ശബ്ദമാകും. മനോരഞ്ജകമായ ആ വാഗ്വിലാസത്തിൽ സകലരും മതിമറക്കും. ലിങ്കൺ ഇല്ലിനോയി സ്റേററിലെ ഏററവും പ്രശസ്തനായ അംഗമെന്ന ഖ്യാതി നേടി.

സ്റേററിൻെറ തലസ്ഥാനം സ്പ്രിംഗ്ഫീൽഡിലേക്ക് മാററാനുള്ള പ്രക്ഷോഭത്തിന് ലിങ്കൺ നേതൃത്വം നൽകി. ആ പ്രക്ഷോഭം വിജയിക്കുകയും ചെയ്തു.

പിൽക്കാലത്ത് അമേരിക്കൻ പ്രസിഡൻറ് എന്ന നിലയിൽ അദ്ദേഹം നേടിയ സ്തുത്യർഹമായ വിജയത്തിൻെറ അടിത്തറ പാകപ്പെട്ടത് ഇല്ലിനോയി സ്റേററിൽ വച്ചായിരുന്നു. അവിടത്തെ നിയമസഭ അദ്ദേഹത്തിൻെറ പരിശീലന രംഗമായിരുന്നു. നിയമസഭാസാമാജികനെന്ന നിലയിലുള്ള പ്രവർത്തനത്തിനിടയിൽ ഒട്ടേറെ പൊതുപ്രവർത്തകൻമാരുമായി ലിങ്കൺ പരിചയപ്പെട്ടു.

എന്നും അദ്ദേഹം വിദ്യാർത്ഥിയായിരുന്നു. രാഷ്ട്രീയ കാര്യങ്ങളെക്കുറിച്ചു മാത്രമായിരുന്നില്ല അദ്ദേഹം പഠിച്ചത്. സാഹിത്യവും കലകളും അദ്ദേഹത്തിന് ജീവനായിരുന്നു. ഷേക്സ്പീയരുടെ നാടകങ്ങഠം അദ്ദേഹം വായിച്ചുപഠിച്ചു. അത് അദ്ദേഹത്തിൻെറ അനുഭൂതിയായി മാറി.

ലിങ്കൺ ആദർശനിഷ്ഠനാണ്. സത്യസന്ധത അദ്ദേഹത്തിൻെറ വ്യക്തിത്വത്തിൽ അലിഞ്ഞു ചേർന്നിരുന്നു. പക്ഷേ,

പൊതുക്കാര്യങ്ങളിൽ വിട്ടുവീഴ്ചയ്ക്കദ്ദേഹം തയ്യാറായിരുന്നു. പൊതുപ്രവർത്തകൻമാർ അനുരഞ്ജനത്തിൻെറ മാർഗ്ഗം എപ്പോഴും സ്വീകരിക്കേണ്ടതാണെന്ന് അദ്ദേഹം പറയുമായിരുന്നു. എന്നാൽ ആ വിട്ടുവീഴ്ചയും അനുരഞ്ജനവും ഒരിക്കലും അവസരവാദമായിരുന്നില്ല.

ഇതുവരെ ലിങ്കൻെറ രാഷ്ട്രീയ ജീവിതം സ്റേററ് നിയമസഭകളിൽ ഒതുങ്ങിനിന്നു. ഇല്ലിനോയി സംസ്ഥാനത്തിൽ അദ്ദേഹം അതീവശ്രദ്ധേയനായി. ഒരു വലിയ സുഹൃദ്വലയം അവിടെ അദ്ദേഹത്തിനുണ്ട്. പൊതുജനങ്ങളുടെ പ്രിയപ്പെട്ട ലിങ്കണാണദ്ദേഹം. അക്കാലത്താണ് അമേരിക്കൻ കോൺഗ്രസ്സിലേക്ക് തെരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചത്.

രാഷ്ട്രത്തിൻെറ ഭാഗധേയം നിർണ്ണയിക്കുന്നതിൽ പങ്കുവഹിക്കുന്ന ജനപ്രതിനിധിസഭയിലേക്കുള്ള തെരഞ്ഞെടുപ്പ് സുഹൃത്തുക്കൾ ഉറച്ചു; തങ്ങളുടെ പ്രിയപ്പെട്ട നേതാവ് സംസ്ഥാനത്തിൻെറ നാലു ചുമരുകൾക്കുള്ളിലൊതുങ്ങി നിന്നാൽ പോരാ. അദ്ദേഹത്തെ കോൺഗ്രസ്സിലേക്കു തെരഞ്ഞെടുത്തയയ്ക്കണം.

അദ്ദേഹത്തെക്കാൾ സമർത്ഥമായി ജനങ്ങളുടെ വികാരം പ്രകാശിപ്പിക്കാൻ ആർക്കു കഴിയും? അതിനദ്ദേഹത്തേക്കാൾ അർഹത മററാർക്കുണ്ട്?

അമേരിക്കൻ കോൺഗ്രസ്സിന് രണ്ടു മണ്ഡലങ്ങളുണ്ട്. ഒന്ന് പ്രതിനിധിസഭ; മറെറാന്ന് സെനററ്. യൂണിയനിലെ ഓരോ സംസ്ഥാനവും ജനസംഖ്യയ്ക്ക് ആനുപാതികമായി പ്രതിനിധിസഭയിലേയ്ക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നു. അവരുടെ സേവനം രണ്ടു വർഷത്തേക്കായിരിക്കും. സെനററിലേക്കാകട്ടെ ജനസംഖ്യയുടെ അടിസ്ഥാനത്തിലല്ല തെരഞ്ഞെടുപ്പ്. ഓരോ സംസ്ഥാനവും ഈരണ്ടു പ്രതിനിധികളെ തെരഞ്ഞെടുക്കുന്നു. സെനറററൻമാരുടെ സേവനകാലാവധി ആറു കൊല്ലമാണ്.

ഇങ്ങനെ രണ്ടു മണ്ഡലങ്ങളും ചേർന്ന കോൺഗ്രസ്സത്രേ, അമേരിക്കൻ ഐക്യനാടിൻെറ നിയമങ്ങരം പാസ്സാക്കുന്നതും പ്രസിഡൻറിനെ ഉപദേശിക്കുന്നതും. നാലുകൊല്ലം കൂടുമ്പോഴാണ് അമേരിക്കൻ പ്രസിഡൻറിൻെറ തെരഞ്ഞെടുപ്പു നടത്തുക. പ്രസിഡൻറിന് പല പ്രത്യേക അധികാരങ്ങളുമുണ്ട്. എന്നാൽ പ്രസിഡൻറിൻെറ മേൽ കോൺഗ്രസ്സിന് വൻപിച്ച സ്വാധീനം ചെലുത്താൻ കഴിയും.

1844—ലെ കോൺഗ്രസ്സിലേക്കുള്ള തെരഞ്ഞെടുപ്പിൽ "വിഗ്ഗ്" കക്ഷിയുടെ സ്ഥനാർത്ഥിയായി ലിങ്കൺ രംഗപ്രവേശം ചെയ്തു. തെരഞ്ഞെടുപ്പിൽ പലപ്പോഴും അവസരവാദവും ,ധനശേഷിയുടെ സ്വാധീനവും വിജയിക്കുന്നത് നാം കാണാറുണ്ട്. ലിങ്കൺ ആ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു. പക്ഷേ അദ്ദേഹം നിരാശനായില്ല. ദു:ഖിതരായ സഹപ്രവർത്തകൻമാരെ നോക്കിച്ചിരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. "സാരമില്ല; അടുത്ത തവണ ഞാൻ കയറിപ്പററും;" അദ്ദേഹത്തിനതിൽ സംശയമില്ല. ദൃഢചിത്തനായ ആ മഹാപുരുഷന് ജനങ്ങളുടെ നൻമയിൽ വിശ്വാസമുണ്ടായിരുന്നു.

അദ്ദേഹം ഓർത്തു: പ്രസിഡൻറു തെരഞ്ഞെടുപ്പിൽ തൻെറ കക്ഷിയുടെ നേതാവായ ഹെൻട്രിക്ലേ പരാജയപ്പെട്ടില്ലേ? 'ഡെമോക്രാററിക്" കക്ഷിയിൽപ്പെട്ട എതിരാളി 'ജയിംസ് പോാക്ക്" എന്ന മനുഷ്യനേക്കാരം എത്ര മഹാനും ജനസമ്മതനുമായിരുന്നു, തൻെറ നേതാവ്? എന്നിട്ടും അദ്ദേഹം പരാജിതനായി. അതു പോലെ താനും, സാരമില്ല: അദ്ദേഹം സ്വമാശ്വസിപ്പിച്ചു.

1846, കോൺഗ്രസ്സിലേക്ക് വീണ്ടും തെരഞ്ഞെടുപ്പ്. രണ്ടു വർഷം മുൻപു പറഞ്ഞതു പോലെ വീണ്ടും ലിങ്കൺ സ്ഥാനാർത്ഥിയായി. സുഹൃത്തുക്കരം കൊണ്ടു പിടിച്ചു ശ്രമിച്ചു. ഇത്തവണ ലിങ്കൺ ബഹുഭൂരിപക്ഷത്തോടെ ജയിച്ചു.

ഒരു പുതിയ ജീവിതം ആരംഭിക്കുകയാണ്: അമേരിക്കൻ ഐക്യനാടുകളുടെ വിശാലമായ ലോകത്തിൽ എബ്രഹാം

ലിങ്കൺ അടിവച്ചു കടന്നുവരികയാണ്. അതൊരു മഹായജ്ഞത്തിന്റെ തുടക്കമായിരുന്നു—കോരിത്തരിപ്പിക്കുന്ന ഒരു ജൈത്രയാത്രയുടെ ആരംഭം!

കോൺഗ്രസ്സംഗമെന്ന നിലയിൽ തന്റെ ശ്രദ്ധ മുഴുവൻ വാഷിംഗ്ടണിലായിരിക്കണം. താമസം അങ്ങോട്ടേക്കു മാററിയേ പററൂ. ലിങ്കൺ കുടുംബസമേതം അങ്ങോട്ടു പോയി.

അമേരിക്കയും മെക്സിക്കോയും തമ്മിൽ യുദ്ധം കൊടുമ്പിരിക്കൊണ്ട കാലമായിരുന്നു, അത്. യുദ്ധത്തിന് അനുകൂലമായ പ്രകടനങ്ങളും മുദ്രാവാക്യങ്ങളും കൊണ്ടു അന്തരീക്ഷം മുഖരിതമായി. യുദ്ധത്തിനെതിരെ ആരെങ്കിലും ഒന്നു മിണ്ടിപ്പോയാൽ ജനങ്ങൾ പൊറുക്കുകയില്ല,

ഒഴുക്കു മുറിച്ചു നീന്തുന്നതിൽ ലിങ്കന് ഭയമില്ല. തനിക്കു ശരിയെന്നു തോന്നിയ കാര്യം ആരുടെ മുഖത്തു നോക്കിപ്പറയാനും അദ്ദേഹത്തിനു മടിയില്ല. കോൺഗ്രസ്സിൽ തന്റെ അഭിപ്രായം തുറന്നു തന്നെ അദ്ദേഹം പറഞ്ഞു: "ഈ യുദ്ധം അനാവശ്യമാണ്!"

ജനപ്രതിനിധികളും, പ്രസിഡൻറും അമ്പരന്നു. വളരെ അപ്രതീക്ഷിതമായ ഒരു ശബ്ദം! അപരിചിതമെങ്കിലും കരുത്തുള്ള ശബ്ദം!

പക്ഷേ, അപകടകരമായിരുന്നു അത്. "രാജ്യദ്രോഹി" 'വഞ്ചകൻ"— ലിങ്കണെതിരെ ശകാര വർഷങ്ങൾ മുഴങ്ങി. നാട്ടിൽ തിരിച്ചെത്തിയപ്പോൾ പ്രതിഷേധപ്രകടനമായി. രാജ്യദ്രോഹപ്രവർത്തനത്തിനു വേണ്ടിയാണോ തങ്ങൾ ഈയാളെ തെരഞ്ഞെടുത്തയച്ചത്?— സകലരും മുറുമുറുത്തു.

ലിങ്കൺ പതറിയില്ല, താൻ പറഞ്ഞതു ശരിയാണെന്നദ്ദേഹത്തിനറിയാം. ഒരു കാലം വരും; അദ്ദേഹം ആശ്വസിച്ചു. അന്നു തന്റെ വാക്കുകൾ ആളുകൾ മനസ്സിലാക്കും. തുടർന്നുള്ള അഞ്ചു കൊല്ലക്കാലം (1849 — 1854) ലിങ്കൺ രാഷ്ട്രീയരംഗത്ത് നിന്ന് ഒഴിഞ്ഞു മാറി.

അഭിഭാഷകവൃത്തിയിൽ ശ്രദ്ധ കൂടുതൽ കേന്ദ്രീകരിച്ചു, സുലഭമായി സമയം. പുസ്തകങ്ങൾ വായിക്കാനും പഠിക്കാനും അദ്ദേഹം സമയം വിനിയോഗിച്ചു, എങ്കിലും അദ്ദേഹത്തിന്റെ ശ്രദ്ധ രാഷ്ട്രീയ രംഗത്തു നിന്ന് ഒഴിഞ്ഞു മാറിയില്ല.

നെടുനാളായി തന്റെ കരളിനെ നൊമ്പരപ്പെടുത്തിക്കൊണ്ടിരുന്ന ആ ഓർമ്മ ഇന്നദ്ദേഹത്തിന്റെ മുന്നിൽ തെളിഞ്ഞുനിൽക്കുന്നു. അമേരിക്കൻ ഭരണഘടന വിരചിച്ച വീരമതികളായ ജോർജ്ജു വാഷിംഗ്ടൺ, തോമസ്ജെഫേഴ്സൺ എന്നിവരുടെ വാക്കുകൾ അദ്ദേഹം ഓർത്തു. അടിമ സമ്പ്രദായത്തിനെതിരെ പടപൊരുതാൻ എത്ര കാലമായി താൻ കൊതിക്കുന്നു! അവരുടെ വാക്കുകൾ തനിക്കെന്നും പ്രചോദന കേന്ദ്രങ്ങളാണ്.

വൃത്തികെട്ട ആ വ്യവസ്ഥയുടെ ശവക്കുഴി തോണ്ടാൻ അവർക്കും സാധിച്ചിട്ടില്ല. അതിന്റെ വിഷപ്പല്ല് ഒതുക്കിനിർത്താനേ അവർക്കു കഴിഞ്ഞുള്ളൂ. 1786-ൽ ജോർജ് വാഷിംഗ്ടൺ എഴുതി: ''അടിമത്തത്തെ മന്ദവും, ദൃഢവും, പരോക്ഷവുമായ പടികളിലൂടെ നിറുത്തലാക്കാവുന്ന ഒരു പദ്ധതിയേക്കുറിച്ചാണ് ഞാൻ വിഭാവന ചെയ്യുന്നത്'' വളരെ കരുതലോടുകൂടിയാണ് അവരെല്ലാം ഈ പ്രശ്നത്തെ സമീപിക്കുന്നത്. ഈ വിഷം അമേരിക്കൻ സമൂഹത്തിന്റെ രക്തത്തിൽ അലിഞ്ഞുചേർന്നിരിക്കുന്നു. അദ്ദേഹത്തിനു തോന്നി: എന്നെന്നേക്കുമായി ഈ വ്യവസ്ഥയെ അവസാനിപ്പിക്കുവാനുള്ള കർത്തവ്യം ദൈവം തന്നെയാണേൽപ്പിച്ചിട്ടുള്ളത്.

അടിമത്തത്തിനനുകൂലവും, പ്രതികൂലവുമായ വാദമുഖങ്ങൾ അന്നുണ്ടായിരുന്നു. ഏറെക്കുറെ എല്ലാററിൽനിന്നും ഒഴിഞ്ഞുമാറി അടങ്ങിക്കഴിയുകയാണ് ലിങ്കൺ. അങ്ങനെയിരിക്കുമ്പോഴാണ് ഒരുനാൾ അദ്ദേഹം കേട്ടത്, സ്പ്രിംഗ്ഫീൽഡിലെ ഒരു പൊതുയോഗത്തിൽ അടിമത്ത വ്യവസ്ഥയെ അനുകൂലിച്ചുകൊണ്ട് സ്ററീഫൻഡഗ്ലസ്സ് പ്രസംഗിക്കുന്നുണ്ടെന്ന്. ലിങ്കൺ പ്രസംഗം കേൾക്കാൻ സ്ഥലത്തെത്തി.

ആയിരക്കണക്കിന് ആളുകൾ ഡഗ്ലസ്സിൻെറ പ്രസംഗം കേൾക്കാൻ തടിച്ചുകൂടി; മൂന്നുമണിക്കൂർ നീണ്ടുനിന്ന വാചാലമായ പ്രസംഗം. വെള്ളക്കാരൻെറ മഹത്ത്വം; കറുത്തവൻെറ ലഘുത്വം—അതായിരുന്നു പ്രസംഗത്തിൻെറ വിഷയം. 'കറുത്തവൻ' വെള്ളക്കാരൻെറ പാദസേവയ്ക്കു വിധിക്കപ്പെട്ടിരിക്കുന്നു! ............ ഡഗ്ലസ്സിൻെറ വാദമുഖങ്ങൾ ഖണ്ഡിക്കണം. മനുഷ്യമഹത്ത്വത്തിൻെറ കൊടി നാട്ടിയേ തീരൂ— ലിങ്കൺ ഉറച്ചു. അദ്ദേഹം ആവേശഭരിതനായി പ്രഖ്യാപിച്ചു: 'നാളെ ഡഗ്ലസ്സിൻെറ വാദമുഖങ്ങൾക്കു ഞാൻ മറുപടി പറയും!'

ഡഗ്ലസ്സിൻെറ പ്രസംഗം ജനങ്ങൾക്കിഷ്ടപ്പെട്ടില്ല. മനുഷ്യത്വത്തെ ഇടിച്ചുതാഴ്ത്തുന്ന ആ വൃത്തികെട്ട വാചാലതയ്ക്കു മറുപടി പറയാൻ ആരുണ്ട്? അപ്പോഴാണവർ ലിങ്കൻെറ ശബ്ദം കേട്ടത്. അവർ ആഹ്ളാദഭരിതനായി.

അന്നു രാത്രി മുഴുവൻ തൻെറ പ്രസംഗവിഷയം ലിങ്കൺ തയ്യാറാക്കി. വസ്തുതകൾ എല്ലാം മനസ്സിൽ കുറിച്ചുവച്ചു.

പിറേറന്നു വൈകുന്നേരം ഒരു വലിയ ജനപ്രവാഹം അവിടെ എത്തി. കൃത്യസമയത്തിന് ലിങ്കൺ വേദിയിൽ കയറി, തുടർന്ന', അദ്ദേഹം നടത്തിയ പ്രഭാഷണം മറക്കാൻ കഴിയാത്ത ഒരനുഭവമായിരുന്നു. അടിമത്തത്തിൻെറ അനീതിയും, സ്വാതന്ത്ര്യത്തിൻെറ മഹത്ത്വവും സഹജമായ ആത്മാർത്ഥതയോടെ വിശദീകരിച്ചു കൊണ്ട് അദ്ദേഹം സംസാരിച്ചു: ''ഈ രാജ്യത്ത് അടിമകളോ അല്ല സ്വതന്ത്ര മനുഷ്യരോ വേണ്ടത്. അതു നിസ്സാരമായ ഒരു പ്രശ്നമല്ല. അടിമത്തത്തിന് ധാർമ്മികമായ എന്തെങ്കിലും ന്യായീകരണമുണ്ടോ! എല്ലാ നീതിക്കും ധർമ്മത്തിനും വിരുദ്ധമാണത്. പകുതി അടിമകളും, പകുതി സ്വതന്ത്രരും—ഇത്തരത്തിലുള്ള ഒരു വ്യവസ്ഥയിൽനമ്മുടെ രാജ്യം ഒരിക്കലും പുരോഗമിക്കുകയില്ല.''

അനുപമമായ വൈദഗ്ദ്ധ്യത്തോടെ ഡഗ്ലസ്സിൻെറ വാദമുഖങ്ങൾ എല്ലാം ലിങ്കൺ പറിച്ചെറിഞ്ഞു. അന്ന് അദ്ദേഹം ജനങ്ങളുടെ ചക്രവർത്തിയായി ഉയർന്നു.

# 12

# കുടിലിൽനിന്ന് കൊട്ടാരത്തിലേക്ക്

1860 ഫെബ്രുവരി 27. ന്യൂയാർക്കിലെ കൂപ്പർ ഇൻസ്ററിറ്റ്യൂട്ടിലെ വിശാലമായ ഹാൾ. റിപ്പബ്ളിക്കൻ പാർട്ടിയുടെ നേതൃത്വത്തിൽ വിളിച്ചുകൂടപ്പെട്ട മഹായോഗം. അമേരിക്കയിലെ പ്രസിദ്ധ കവി വില്യംബ്രാൻഡ് ആണ് അധ്യക്ഷൻ. സുപ്രസിദ്ധരായ പത്രപ്രവർത്തകൻമാരും സദസ്യർക്കിടയിലുണ്ട്. പ്രസിഡൻറ് ബുക്കാനൻെറ കാലാവധി അവസാനിക്കുന്ന വർഷം. പുതിയ പ്രസിഡൻറിൻെറ തെരഞ്ഞെടുപ്പ് ആസന്നമായിരിക്കുന്നു. രാഷ്ട്രത്തിൻെറ നിലവിലുള്ള സാഹചര്യത്തെക്കുറിച്ച് വിലയിരുത്താനും ആദർശപരമായ സമീപനം റിപ്പബ്ളിക്കൻ പാർട്ടിക്കു നേടിയെടുക്കാനും ഉള്ള ഒരു ശ്രമമായിരുന്നു ആ സമ്മേളനം.

മഹാരഥൻമാരായ പലരും പ്രസംഗകൻമാരായുണ്ട്. ലിങ്കൺ ഇക്കാലത്ത് റിപ്പബ്ളിക്കൻ പാർട്ടിയിലെ അംഗമാണ്. പക്ഷേ പാർട്ടിയിൽ അത്ര ഉന്നതമായ സ്ഥാനത്തൊന്നുമല്ല അദ്ദേഹത്തിൻെറ നില. സെനററിലേക്കുള്ള തെരഞ്ഞെടുപ്പിൽ റിപ്പബ്ളിക്കൻ കക്ഷി അദ്ദേഹത്തെ അവഗണിക്കുകയാണുണ്ടായത്. എങ്കിലും ഒരു പ്രഭാഷകനായി പങ്കെടുക്കുവാൻ ലിങ്കനും ക്ഷണം കിട്ടി.

പ്രസംഗപീഠത്തിൽ നിൽക്കുന്ന ഉണങ്ങി വരണ്ട ദീർഘകായനായ ആ പാവം മനുഷ്യനെ സദസ്യർ പുച്ഛഭാവത്തിലാണ് വീക്ഷിച്ചത്. പെട്ടെന്ന് ആരെയും ആകർഷിക്കുന്ന ശരീരദാർഢ്യമോ മുഖശോഭയോ അദ്ദേഹത്തിനില്ല. ലിങ്കൺ തൻെറ പ്രസംഗം ആരംഭിച്ചു.

ഇഴഞ്ഞമട്ടിലുള്ള ആ വാക്യശൈലി കേട്ട സദസ്യർ പരിഹാസദ്യോതകമായി ചിരിച്ചു. നിറഞ്ഞു നിൽക്കുന്ന ആ സദസ്സിൽ മുന്നിൽ മരം വെട്ടുകാരനായ ലിങ്കൺ പതറിപ്പോയെന്ന്

അവർക്കുതോന്നി. ആ നാടൻ മട്ടിലുള്ള ഉച്ചാരണം അരോചകമായിരുന്നു. 'ചെയർമാൻ' എന്നതിന് 'ചീർമാൻ' എന്നാണുച്ചരിച്ചത്. പലരും മന്ത്രിച്ചു കാണും. "ഹേ! പഴഞ്ചനായ മനുഷ്യാ! ഇതൊക്കെ തന്റെ കാട്ടു പ്രദേശത്തു മാത്രമേ പററൂ. ഇവിടെ ന്യൂയാർക്കിൽ വിലപ്പോവുകയില്ല." എന്നാൽ നിമിഷങ്ങൾ കഴിഞ്ഞില്ല; ആ രസനയിൽ വാഗ്ദേവത നർത്തനം ചെയ്യുന്നെന്നു തോന്നി. ആശയങ്ങൾ പടർന്നു കയറി. ശ്രോതാക്കളുടെ ഹൃദയത്തിൽ അദ്ദേഹത്തിന്റെ സ്വരം തുളച്ചുകയറി. അവരൊരു പുതിയ മനുഷ്യനെക്കണ്ടു. ആളിപ്പടർന്ന് അലറി ഉയരുന്ന ഒരഗ്നിശിഖയെപ്പോലെ ആ വാഗ് വിലാസം അന്തരീക്ഷമാകെ പിടിച്ചടക്കി. പ്രസംഗമഞ്ചത്തിൽ ഒരു തേജോഗോളമായി ലിങ്കൺ ജ്വലിച്ചു നിൽക്കുകയായിരുന്നു. ഹസ്തതാഡനങ്ങൾ കൊണ്ട് അന്തരീക്ഷം മുഖരിതമായി.

പ്രസംഗം കഴിഞ്ഞപ്പോൾ സദസ്സ് ഒന്നിച്ചെഴുന്നേററ് ആ മഹാപുരുഷന് ധന്യവാദം ചൊല്ലി. സെൻറുപോളിനു ശേഷമുണ്ടായ ഏററവും മഹാനായ വാഗ്മി എന്ന് സകലരും തലകുലുക്കി സമ്മതിച്ചു.

ഈ മനുഷ്യനെ റിപ്പബ്ളിക്കൻ പാർട്ടിയുടെ സ്ഥാനാർത്ഥിയാക്കിയാലെന്ത്? ആ ചോദ്യം സദസ്യരുടെയും മനസ്സിൽ കടന്നുചെന്നു.

ന്യൂയാർക്കിൽ ലിങ്കനുണ്ടായ വിജയം ഇല്ലിനോയിയിലെ പാർട്ടി അംഗങ്ങളുടെ കണ്ണു തുറപ്പിച്ചു. എതിരാളികൾപോലും ലിങ്കന്റെ പിന്നിൽ അണിനിരന്നു. പ്രസിഡൻറു സ്ഥാനത്തേക്കുള്ള റിപ്പബ്ളിക്കൻ സ്ഥാനാർത്ഥിയായി ലിങ്കന്റെ നാമം അവർ നിർദ്ദേശിച്ചു.

1860 മേയ് മാസത്തിൽ ചിക്കാഗോ നഗരത്തിൽ റിപ്പബ്ളിക്കൻ കക്ഷിയുടെ കൺവെൻഷൻ കൂടിയിരിക്കയാണ്. പ്രസിഡൻറു സ്ഥാനത്തേക്കു പാർട്ടിയുടെ സ്ഥാനാർത്ഥിയെ നിർണ്ണയിക്കുകയാണ് ലക്ഷ്യം. പ്രശസ്ത രാഷ്ട്രീയ നേതാവായ വില്യംസീവാർഡിന്റെ പേരാണ് മുഴങ്ങിക്കേൾക്കുന്നത്. ലിങ്കന്റെ പേരും പരാമൃഷ്ടമായി. അദ്ദേഹത്തിന്റെ

സുഹൃത്തുക്കരംകൊണ്ടുപിടിച്ചു ശ്രമിച്ചു. പക്ഷേ, സീവാർഡിനാണ് സ്വാധീനശക്തി കൂടുതൽ. കൺവെൻഷൻ നടന്ന ദിവസം സീവാർഡിൻെറ ജൻമദിനവുമായിരുന്നു. പ്രസിഡൻറു സ്ഥാനാർത്ഥിത്വം തനിക്കൊരു പിറന്നാരം സമ്മാനമായിരിക്കും— സീവാർഡുറച്ചു.

പക്ഷേ ദൈവനിശ്ചയം അങ്ങനെ ആയിരുന്നില്ല. സീവാർഡിന് പാർട്ടിയിൽ ശക്തനായ ഒരു എതിരാളിയുണ്ടായിരുന്നു. വലിയ സ്വാധീന ശക്തിയുള്ള ആരം! എന്തു വില കൊടുത്തും സീവാർഡിനെ പരാജയപ്പെടുത്തും എന്നയാരം തീരുമാനിച്ചു. അയാളുടെ സ്വാധീനശക്തി മുഴുവൻ ലിങ്കന് ഉപകാരപ്രദമായി. പാർട്ടി അംഗങ്ങരംക്കിടയിൽ നടത്തപ്പെട്ട വാശിയേറിയ തെരഞ്ഞെടുപ്പിൽ ലിങ്കൺ വിജയിയായി. അങ്ങനെ റിപ്പബ്ളിക്കൻ പാർട്ടി പ്രസിഡൻറ് സ്ഥാനാർത്ഥിയായി എബ്രഹാംലിങ്കൻെറ പേർ പ്രഖ്യാപിക്കപ്പെട്ടു.

''ഞങ്ങരം അതു സാധിച്ചിരിക്കുന്നു. ദൈവത്തിനു സ്തുതി'' ലിങ്കൻെറ സ്നേഹിതൻമാർ സ്പ്രിംഗ്ഫീൽഡിലേക്കു കമ്പിയടിച്ചു. തനിക്കു വേണ്ടി ചിക്കാഗോവിൽ പൊരിഞ്ഞ മൽസരം നടക്കുമ്പോരം ആ വിനയാന്വിതൻ സ്പ്രിംഗ്ഫീൽഡിൽ നിർമ്മമനായി സ്വന്തം ജോലിയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. സ്ഥാനാർത്ഥിത്വം ലഭിച്ചേ അടങ്ങൂ എന്നൊന്നും വാശിയില്ല. പരമാവധി ഒരു സെനററർ ആകാം. അതിലുപരി തന്നെക്കുറിച്ചൊരു വ്യാമോഹവുമദ്ദേഹത്തിനില്ല. ഏതു നിലയിലായാലും ജനങ്ങരംക്ക് ഉപകാരപ്രദമായി എന്തെങ്കിലും ചെയ്യണം. അതിലേ അദ്ദേഹത്തിനു താൽപ്പര്യമുള്ളൂ.

അമേരിക്കയുടെ പ്രസിഡൻറായി താൻ തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ നല്ലത്. ജനോപകാരപ്രദമായി എന്തെങ്കിലും ചെയ്യാമല്ലോ!

സുഹൃത്തുക്കളുടെ ഘോഷയാത്രയായി. അനുമോദനങ്ങളും ആശീർവാദങ്ങളും .................. വിനീതനായി ലിങ്കൺ എല്ലാവരോടും നന്ദിപറഞ്ഞു; ചിരിച്ചുകൊണ്ട് കൂട്ടിച്ചേർത്തു,

''ഈ വാർത്തയറിയാൻ കാത്തുകെട്ടിയിരിക്കുന്ന ഒരു സ്ത്രീയുണ്ട്; മേരി. അവൾക്കൊരു ഉൽസവമായിരിക്കും. അവളെ ഞാൻ അറിയിക്കട്ടെ.''

മേരിടോഡ് എത്ര കാലമായി അതു കേൾക്കാൻ കാത്തിരിക്കുന്നു! അമേരിക്കയിലെ പ്രഥമ വനിതയായി ജീവിക്കണം—അതായിരുന്നു അവളുടെ സ്വപ്നം. അതു സാക്ഷാൽക്കരിക്കാനുള്ള സന്ദർഭം അടുത്തിരിക്കുന്നു.

എതിർസ്ഥാനാർത്ഥി ആരായിരിക്കും? ഡെമോക്രാററിക് കക്ഷി പിളർന്നിരിക്കുന്നു. ലിങ്കൻെറ പഴയ എതിരാളിയായ സ്ററീഫൻ ഡഗ്ലസ്സാണ് ഒരു സ്ഥാനാർത്ഥി. അയാളെ എതിർക്കുന്ന മറുപക്ഷക്കാർ മറെറാരാളെയും സ്ഥാനാർത്ഥിയാക്കി. ഇവരെക്കൂടാതെ വേറൊരാളും സ്ഥാനാർത്ഥിയായിരുന്നു.

ലിങ്കൻ ഉൾപ്പെടെ നാലു സ്ഥാനാർത്ഥികൾ. ഡെമോക്രാററിക് കക്ഷി പിളർന്നില്ലായിരുന്നെങ്കിൽ ലിങ്കൺ പരാജയപ്പെട്ടേനെ. പക്ഷേ ദൈവകാരുണ്യമെന്നു പറയട്ടെ, ആ പിളർപ്പൊഴിവാക്കാൻ അവർക്കു സാധിച്ചില്ല. തെരഞ്ഞെടുപ്പു ഫലം ലിങ്കന് അനുകൂലമായിരുന്നു. 1860 നവംബർ 6–ാം തീയതി അത്യന്തം വാശിയോടെ നടന്ന തെരഞ്ഞെടുപ്പിൽ എബ്രഹാംലിങ്കൺ വിജയം കരസ്ഥമാക്കി.

അങ്ങനെ ആ വിറകുവെട്ടുകാരൻ അമേരിക്കയിലെ പ്രസിഡൻറ് പദവിയിൽ പദമൂന്നി.

അമേരിക്കൻ ഭരണഘടന പ്രകാരം, വിജയിയായ പ്രസിഡൻറ് മൂന്നു മാസം കഴിഞ്ഞാലേ സ്ഥാനാരോഹണം നടത്തുകയുള്ളൂ. 1861 മാർച്ച് നാലാം തീയതിയാണ് സ്ഥാനാരോഹണ കർമ്മത്തിന് നിശ്ചയിക്കപ്പെട്ട ദിവസം. അതുവരെ പഴയ പ്രസിഡൻറ് അധികാരത്തിൽ തുടർന്നു.

ലിങ്കൺ ഒരുക്കങ്ങളെല്ലാം പൂർത്തിയാക്കി. വീടും വീട്ടുപകരണങ്ങളുമെല്ലാം കിട്ടിയ വിലയ്ക്കു വിററു. വില നിർണ്ണയിക്കുന്ന സമ്പ്രദായമൊന്നുമില്ല. ആവശ്യക്കാർ വരും; തോന്നിയ

വിലകൊടുക്കും. സ്ഥാനാരോഹണച്ചടങ്ങിന് വാഷിംഗ്ടണി ലേക്കു പോകുന്നതുവരെ അദ്ദേഹം സ്പ്രിംഗ് ഫീൽഡിൽ തന്നെ താമസിച്ചു. അമേരിക്കൻ ഐക്യനാടുകളുടെ പ്രസിഡ ൻറായി തെരഞ്ഞെടുക്കപ്പെട്ട ഈ മഹാപുരുഷന് ഒരു മാററവു മില്ല. അദ്ദേഹം അന്നു പഴയ ലിങ്കൺതന്നെ

സന്ദർശകൻമാർ വരും. അവരോടെല്ലാം വളരെ സമഭാവന യോടെ പെരുമാറും. ഒരുനാൾ രണ്ടു യുവാക്കൻമാർ അദ്ദേഹ ത്തെ സമീപിച്ചു. അവർക്കാശങ്കയുണ്ട്: പ്രസിഡൻറിനോട് എങ്ങനെ തങ്ങളുടെ അഭിലാഷം അറിയിക്കും എന്ന് മടിച്ചു മടി ച്ച് അവർ അദ്ദേഹത്തിൻെറ മുന്നിൽ വന്നുനിന്നു. ലിങ്കൺ കാര്യം തെരക്കി. അവർ തമ്മിൽ ഒരു പന്തയം കെട്ടിയിരിക്കു ന്നു. എന്താണെന്നല്ലേ? ഒരാൾ പറയുന്നു പ്രസിഡൻറിനും തനിക്കും ഒരേ ഉയരമാണെന്ന്, മറേറയാൾ അല്ലെന്നും, കേട്ടപ്പോൾ ലിങ്കന് തമാശ തോന്നി. ഉടനേ അദ്ദേഹം ഒരു വടിയെടുത്ത് കൊണ്ടുവന്ന് ആ ചെറുപ്പക്കാരനെ ചുമരിനടുക്കെ നിറുത്തി കൃത്യമായി ഉയരം അളന്നു. എന്നിട്ട് പ്രസിഡൻറ് ചുമരിനോ ടു ചാരി നിന്നു. വടി കൈയിൽ കൊടുത്തു ചിരിച്ചുകൊണ്ടു പറഞ്ഞു "ഇനി എൻെറ ഉയരം അളന്നോളൂ." അവർ അളന്നു നോക്കി. എത്ര ശരി! ലിങ്കനും ആ ചെറുപ്പക്കാരനും ഒരേ ഉയ രം. ലിങ്കൺ സ്നേഹപുരസ്സരം ആ യുവാക്കളുടെ പുറം തലോടി.

അദ്ദേഹം എത്ര ഉയർന്ന സ്ഥാനത്തെത്തിയിട്ടും പഴയ ലിങ്കൺ തന്നെ.

എബ്രഹാംലിങ്കൺ പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ടി രിക്കുന്നു! ആ വാർത്ത തെക്കൻ സംസ്ഥാനങ്ങളിൽ ഒരശനി പാതം പോലെ തന്നെയായിരുന്നു. അടിമത്തവ്യവസ്ഥയുടെ ഏററവും വലിയ വക്താക്കളാണവർ. ലിങ്കൻെറ വിജയം അവർ ക്കസഹ്യമായിരുന്നു. അടിമത്തത്തിനെതിരെ ലിങ്കൻെറ ശബ്ദം ഉയർന്നതവർ കേട്ടിട്ടുണ്ട്. ഇയാൾ പ്രസിഡൻറായിത്തീർന്നാൽ തങ്ങളുടെ കഴുത്തിനു കത്തിവയ്ക്കും; സംശയമില്ല. അവർ ഒത്തുകൂടി. അമേരിക്കൻ ഐക്യനാടുകളുടെ ഭദ്രതയെതുരങ്കം

വച്ചു. ഏഴു തെക്കൻ സംസ്ഥാനങ്ങൾ രാഷ്ട്രത്തിൽ നിന്നു വിട്ടുപോയതായും ഒരു പുതിയ രാഷ്ട്രം രൂപീകരിച്ചതായും പ്രഖ്യാപിച്ചു. സൗത്ത് കരോലിന, ജോർജിയ, അലബാമ, ഫ്ളാറിഡ, ലൂസിയാന, മിസിസ്സിപ്പി, ടെക്സാസ്, എന്നീ തെക്കൻ സംസ്ഥാനങ്ങൾ ചേർന്ന് ജെഫേഴ്സൻഡേവിസ് എന്നൊരാളെ പുതിയ പ്രസിഡൻറായി തെരഞ്ഞെടുത്തു.

അടിമക്കച്ചവടം ഏററവുമധികം നടന്നിരുന്ന പ്രദേശമായിരുന്നു ആ സംസ്ഥാനങ്ങൾ. രാഷ്ട്രം ഇങ്ങനെ നെടുകെ പിളർന്നിട്ടും അധികാരത്തിൽ ഇരുന്ന പ്രസിഡൻറ് ബുക്കാനൻ അനങ്ങിയില്ല. തനിക്കെന്തു ചെയ്യാനാവും എന്നായിരുന്നു അദ്ദേഹം പറഞ്ഞത്.

പക്ഷേ അതുകേട്ട് എബ്രഹാംലിങ്കൺ പറഞ്ഞു ''എനിക്കെന്തുചെയ്യാൻ കഴിയുമെന്ന് ഞാനൊന്നു നോക്കട്ടെ.'' അന്ന് എബ്രഹാംലിങ്കൺ അഭിമുഖീകരിച്ച പരിതഃസ്ഥിതി എത്ര ഗൗരവാവഹമായിരുന്നു! ആഭ്യന്തര സമരത്താൽ നാടു തിളച്ചു മറിയുന്നു. രാജ്യം ഛിന്നഭിന്നമായിരിക്കുന്നു! വടക്കൻ പ്രദേശത്തുകാരാണെങ്കിൽ തെക്കർ പോകുന്നെങ്കിൽ പോകട്ടെ. തങ്ങൾക്ക് സൈ്വരമായല്ലോ എന്നൊരു ഉദാസീന ഭാവവും. ലിങ്കൻെറ രക്തം തിളച്ചു.

എന്തെങ്കിലും ഉടനടി ചെയ്തേ തീരൂ. അദ്ദേഹം അധികാരിയാണ്. പക്ഷേ അധികാരം കൈയ്യിലണഞ്ഞു കഴിഞ്ഞില്ല. അദ്ദേഹത്തിനെന്തു ചെയ്യാനൊക്കും?

ഭീഷണിക്കത്തുകളും താക്കീതുകളും ................ അധികാരം കൈയ്യേൽക്കാൻ വാഷിംഗ്ടണിലേക്ക് പോകാത്തതാണു നല്ലത്. പോയാൽ ''കാച്ചിക്കളയും''. അതായിരുന്നു എല്ലാ കത്തുകളുടെയും സാരം. പക്ഷേ ധീരനായ ലിങ്കൺ മന്ദഹസിച്ചതേയുള്ളൂ.

13

# പുഷ്പകിരീടം — അത് ഒരു മുൾക്കിരീടമാണോ?

സ്ഥാനാരോഹണ കർമ്മത്തിന് വാഷിംഗ്ടണിൽ പോകേണ്ട സമയമായി. എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. 1861 മാർച്ച് 4-ാം തീയതിയാണ് ആ അനർഘദിനം. ഫെബ്രുവരി 11-ാം തീയതി സ്പ്രിംഗ്ഫീൽഡിൽ നിന്നു യാത്ര പുറപ്പെടണം. പെട്ടെന്ന് ലിങ്കൺ തന്റെ ചിററമ്മയെ ഓർത്തു. തനിക്കൊരിക്കലും മറക്കാനാവാത്ത വാൽസല്യനിധിയായ തന്റെ ചിററമ്മ! അമ്മ മരിച്ചതിനുശേഷം അവരായിരുന്നു തന്നെ വളർത്തിയത്. അച്ഛനെന്നും ഒരു യാത്രക്കാരനായിരുന്നു. തൊഴിലന്വേഷിച്ചുപോകും. കുടുംബകാര്യം മുഴുവൻ ചിററമ്മയുടെ കൈയിലാണ്. ആബെയുടെ ഉന്നതി ഒന്നു മാത്രമായിരുന്നു, അവരുടെ ജീവിതാഭിലാഷം.

കുടുംബത്തിൽ അവർ മാത്രമാണ് ഇന്നു ജീവിച്ചിരിക്കുന്നത്. പത്തുവർഷങ്ങൾക്കു മുൻപ് അച്ഛൻ മരിച്ചുപോയിരുന്നു. സ്പ്രിംഗ്ഫീൽഡിൽ നിന്ന് എഴുപതു മൈൽ ദൂരെ ചാൾസ്ററൺ എന്ന സ്ഥലത്താണ് ആ വൃദ്ധ താമസിക്കുന്നത്. അവരെ ഒന്നു സന്ദർശിച്ച് ആ പാദധൂളിയണിഞ്ഞ്, അനുഗ്രഹം വാങ്ങിയതിനുശേഷം മാത്രമേ വാഷിംഗ്ടണിലേക്കു പോകാവൂ — ലിങ്കന്റെ ഹൃദയം മന്ത്രിച്ചു.

അദ്ദേഹം ചാൾസ്ററണിൽ ഓടിയെത്തി. ''അമ്മേ'' എന്നു വിളിച്ചു കൊണ്ട് സമീപത്തെത്തിയ മകനെ ഇളയമ്മ കെട്ടിപ്പിടിച്ചു. ആ വൃദ്ധയുടെ കണ്ണുകൾ നിറഞ്ഞു വഴിയുകയായിരുന്നു. പ്രിയപ്പെട്ട മകനെ അവർ ചുംബനം കൊണ്ടുമൂടി. അലൗകികമായ ഒരനുഭൂതിയിൽ അദ്ദേഹം കോരിത്തരിച്ചു. ''നമ്മൾ സ്വർഗ്ഗത്തു വച്ച് ഒത്തുചേരുന്നതു വരെ ഇനി

തമ്മിൽ കാണില്ല മോനെ'' — ആ വൃദ്ധ പൊട്ടിക്കരഞ്ഞു കൊണ്ടു പറഞ്ഞു. മകൻ ചിററമ്മയോടു യാത്ര ചോദിച്ചു.

ഫെബ്രുവരി 11–ാം തീയതി എബ്രഹാംലിങ്കൺ സകുടുംബം വാഷിംഗ്ടണിലേക്കു പുറപ്പെട്ടു. നിയുക്ത പ്രസിഡൻറിനു വേണ്ടി സജ്ജീകരിച്ചിരുന്ന തീവണ്ടിയുടെ സമയം കാത്ത് ആയിരക്കണക്കി നാളുകൾ സ്റേറഷനിൽ തടിച്ചുകൂടി. ലിങ്കൺ എല്ലാവരോടും കുശലപ്രശ്നം ചെയ്തു. ഹസ്തദാനം ചെയ്തു വിടചോദിച്ചു. വണ്ടി പുറപ്പെടുന്നതു വരെ ഫ്ളാററുഫാറത്തിൽ തന്നെ, ചാററൽ മഴയും നനഞ്ഞു കൊണ്ട് അദ്ദേഹം ജനങ്ങളുടെ ഇടയിൽ അവരിൽ ഒരാളായിനിന്നു.

സമയമായപ്പോൾ വികാരഭരിതനായി ജനങ്ങൾക്കു നന്ദി പറഞ്ഞു. ദീർഘകാലം താൻ ജീവിച്ച പരിസരത്തോടും, തന്നെ സ്നേഹിച്ച പ്രിയപ്പെട്ട സഹപ്രവർത്തകരോടും അദ്ദേഹം വിട ചോദിക്കുകയാണ്. മഹത്തായ ഒരു കർത്തവ്യം ദൈവം തന്നിലേൽപ്പിച്ചിരിക്കുന്നു! മാതൃഭൂമിയുടെ ഭദ്രത കാത്തുസൂക്ഷിക്കണം. കഷ്ടപ്പെടുന്നവരുടെ കണ്ണുനീരൊപ്പണം. താനതിന് സ്വയം സമർപ്പിക്കുകയാണ്. അതിന് തനിക്കെല്ലാപേരുടെയും അനുഗ്രഹാശിസ്സുകൾ വേണം— അദ്ദേഹം അഭ്യർത്ഥിച്ചു. വാഷിംഗ്ടണിലേക്കുള്ള യാത്രയ്ക്കിടയിൽ പത്തുപന്ത്രണ്ടു പട്ടണങ്ങൾ കടന്നുപോകണം. പല സ്ഥലത്തും അദ്ദേഹത്തിന് പ്രസംഗ പരിപാടികളുണ്ട്. തെക്കരുടെ അപകടകരമായ പ്രവർത്തനത്തെക്കുറിച്ചും, വടക്കരുടെ ഉദാസീന നയത്തെക്കുറിച്ചും അദ്ദേഹത്തിന് ജനങ്ങളെ ബോധവാൻമാരാക്കണം.

പക്ഷേ, യാത്രാമദ്ധ്യേയുള്ള പരിപാടികൾ നടത്തുന്നതാപത്താണ്. കുററാന്വേഷണ വകുപ്പുദ്യോഗസ്ഥൻ അദ്ദേഹത്തെ അറിയിച്ചു. നിയുക്ത പ്രസിഡൻറിനെതിരെ വൻപിച്ച ഗൂഢാലോചന നടക്കുന്നുണ്ട്. വഴിക്കുവച്ച് അദ്ദേഹത്തെ കൊലപ്പെടുത്താൻ പോലും അവർ മടിക്കില്ല. അതുകൊണ്ട് രഹസ്യമായി ലിങ്കൺ വാഷിംഗ്ടണിൽ എത്തിച്ചേരണം.

പക്ഷേ, ലിങ്കന് അത് സമ്മതമായിരുന്നില്ല. എന്തു വന്നാലും താൻ സഹിക്കാൻ തയ്യാറാണ്. ഒളിച്ചു പോകാൻ—സാദ്ധ്യമല്ല — അദ്ദേഹം തീർത്തു പറഞ്ഞു! റിപ്പബ്ളിക്കൻ കക്ഷിയിൽ തൻെറ എതിരാളിയായിരുന്ന സീവാർഡിൽ നിന്നും ഇതേ മട്ടിലൊരു സന്ദേശം എത്തി. കാര്യത്തിൻെറ ഗൗരവം ലിങ്കണു മനസ്സിലായി. പ്രസിഡൻെറന്നനിലയിൽ തന്നിലർപ്പിക്കപ്പെട്ട മഹത്തായ ചുമതലകൾ ഏറ്റെടുക്കുവാൻ അദ്ദേഹം ദൃഢപ്രതിജ്ഞനാണ്. കുററാന്വേഷണ ഉദ്യോഗസ്ഥൻെറ അഭിപ്രായം സ്വീകരിച്ചു ആർഭാടമൊന്നും കൂടാതെ സ്വകാര്യമായി അദ്ദേഹം വാഷിംഗ്ടണിൽ എത്തിച്ചേർന്നു.

എല്ലാവർക്കും അതൊരു അത്ഭുതമായിരുന്നു: നിയുക്ത പ്രസിഡൻറ് ജീവനോടെ തലസ്ഥാനനഗരിയിൽ എത്തിച്ചേർന്നിരിക്കുന്നു! എബ്രഹാംലിങ്കൺ താമസിക്കുന്ന ഗൃഹത്തിനു ചുററും വൻപിച്ച കരുതൽ സന്നാഹങ്ങൾ ഉണ്ടായിരുന്നു. പട്ടാളക്കാരുടെ അകമ്പടിയോടെ, സ്ഥാനമൊഴിയുന്ന പ്രസിഡൻറിനോടൊപ്പം അദ്ദേഹം വൈററ്ഹൗസിലേക്കു പ്രവേശിച്ചു.

വൈററ്ഹൗസ് — അമേരിക്കൻ രാഷ്ട്രപതിയുടെ ഔദ്യോഗിക വസതി. പ്രസിഡൻറിൻെറ സത്യപ്രതിജ്ഞാ ചടങ്ങു നടക്കുകയാണ്. ലിങ്കൺ സ്ഥാനാരോഹണച്ചടങ്ങിൽ പ്രസംഗിക്കാൻ എഴുന്നേററുനിന്നു. ഒരു നാടൻ കൃഷീവലനെപ്പോലെ പഴയ തൊപ്പിയും ധരിച്ചു നിൽക്കുന്ന അൻപത്തിരണ്ടുകാരൻ.

തൻെറ തൊപ്പിതലയിൽ നിന്നൂരി. പ്രസംഗമഞ്ചത്തിനു ചുററും അദ്ദേഹം കണ്ണോടിച്ചു. ഹൃദ്യമായ ഒരു പുഞ്ചിരിയോടെ അദ്ദേഹം പറഞ്ഞു: ''ഈ — തൊപ്പി തൂക്കാൻ എവിടെയും ഒരാണി കാണുന്നില്ലല്ലോ?'' സദസ്യർക്ക് ആ നർമ്മബോധം ഇഷ്ടപ്പെട്ടു. പെട്ടെന്ന് ഒരാൾ പ്രസംഗ പീഠത്തിൽ കയറിവന്നു. ചിരിച്ചുകൊണ്ട് അയാൾ ഇങ്ങനെ പറഞ്ഞു. ''എനിക്ക് അമേരിക്കൻ പ്രസിഡൻറാകാൻ ഒത്തില്ല. എങ്കിലും പ്രസിഡൻറിൻെറ തൊപ്പി ചുമക്കാനുള്ള അവസരം ഉണ്ടായ

ല്ലോ! പഴയ എതിരാളിയായ സ്ററീഫൻഡഗ്ലസ്സായിരുന്നു-അത്.

ലിങ്കൺ തൊപ്പിയും വടിയും എതിരാളിയുടെ കൈയിൽ കൊടുത്തു കൈ പിടിച്ചു കുലുക്കി. ആ നിമിഷം മുതൽ ഡഗ്ലസ്സ് ലിങ്കൻെറ ഉററചങ്ങാതിയായി മാറി. സ്നേഹത്തിന് പിടിച്ചടക്കാൻ കഴിയാത്തതായി എന്ത് ഉണ്ട്!

രാജ്യം അഭിമുഖീകരിക്കുന്ന ആപത്തിൻെറ നേരേ തൻെറ പ്രസംഗത്തിൽ പ്രസിഡൻറു വിരൽ ചൂണ്ടി. തെക്കർക്ക് ഒരു മനഃപ്രയാസവും വേണ്ട. നാമെല്ലാം സഹോദരൻമാരാണ്. സഹോദരൻമാർ തമ്മിൽ ഇണക്കവും പിണക്കവും സാധാരണമാണ്. ആർക്കുമെതിരെ അധികാരത്തിൻെറ ദണ്ഡു കാട്ടി ഭീഷണിപ്പെടുത്തുവാൻ താൻ ഒരുങ്ങുകയില്ല. സ്നേഹപൂർണ്ണമായിരിക്കും തൻെറ സമീപനം.

നാടിനെ നശിപ്പിക്കാൻ ആരും സ്വർഗ്ഗത്തിൻെറ പേരിൽ സത്യം ചെയ്തിട്ടൊന്നുമില്ലല്ലോ? പക്ഷേ, താനിതാ സ്വർഗ്ഗത്തിൻെറ പേരിൽ സത്യം ചെയ്യുന്നു; അമേരിക്കൻ ഐക്യനാടുകളുടെ ഭരണഘടനയും, ഭദ്രതയും കാത്തുസൂക്ഷിക്കാൻ ജീവാർപ്പണം ചെയ്യുമെന്ന്. ഒരു ശക്തിക്കും തന്നെ അതിൽ നിന്നു പിൻതിരിപ്പിക്കാനാവില്ല.

നാടിൻെറ ശബ്ദം സദസ്യർ അവിടെ മുഴങ്ങിക്കേട്ടു. പ്രസംഗാവസാനം ന്യായാധിപൻ മുന്നോട്ടു വന്ന് വിശുദ്ധ ബൈബിൾ നീട്ടി. ലിങ്കൺ ആ മഹദ് ഗ്രന്ഥം മുറുകെ പിടിച്ചു. അദ്ദേഹം ദൈവത്തിൻെറ പേരിൽ സത്യവാചകം ചൊല്ലി. അങ്ങനെ എബ്രഹാം ലിങ്കൺ അമേരിക്കയുടെ പതിനാറാമത്തെ പ്രസിഡൻറായി. ഒടുങ്ങാത്ത നിശ്ചയ ദാർഢ്യത്തോടും, തളരാത്ത ആത്മധൈര്യത്തോടും പുതിയ പ്രസിഡൻറ് പ്രശ്നങ്ങളെ അഭിമുഖീകരിച്ചു. ഈ സന്ദിഗ്ദ്ധ ഘട്ടത്തിൽ എതിരാളികളുടെ പോലും സഹകരണം തനിക്കാവശ്യമാണ്. രാഷ്ട്രത്തെ മുഴുവൻ ഒരൊററക്കൊടിക്കീഴിൽ കൊണ്ടുവരണം.

ഹിംസ അദ്ദേഹത്തിനിഷ്ടമല്ല. പക്ഷേ, വേണ്ടിവന്നാൽ ആയുധമെടുക്കാനും അദ്ദേഹം തയ്യാറാണ്.

എതിരാളികളിൽ പ്രമുഖൻ സീവാർഡുതന്നെ. റിപ്പബ്ലിക്കൻ കക്ഷിയുടെ സ്ഥാനാർത്ഥിത്വത്തിനുള്ള മത്സരത്തിൽ തന്റെ പ്രധാന പ്രതിയോഗിയായിരുന്നു സീവാർഡ്. പിന്നെ വേറെയും ചില നേതാക്കൻമാരുണ്ട്. എല്ലാവരോടും ലിങ്കൺ സഹകരണം അഭ്യർത്ഥിച്ചു. സീവാർഡിനെ സ്റേററ് സെക്രട്ടറി എന്ന പ്രധാന സചിവ പദത്തിൽ അവരോധിച്ചു. എന്നാൽ, ഒരു ദു:ഖസത്യം അദ്ദേഹം കണ്ടു. എതിരാളികൾ താൻ ദുർബ്ബലനാണെന്നു വിചാരിക്കുന്നു. ആദ്യമാദ്യം സീവാർഡും കൂട്ടരും ലിങ്കനെ ഒരു പാവയെന്നു ധരിച്ചു. ക്രമത്തിൽ അവരറിഞ്ഞു; ഇദ്ദേഹം അസാമാന്യ പ്രതിഭാധനനാണെന്ന്, ആ കരളുറപ്പും ദൃഢനിശ്ചയവും അവർക്കു മനസ്സിലായി. പിന്നീടവർ പടം അടക്കി. സീവാർഡ് ലിങ്കന്റെ വിശ്വസ്തനായ സഹചരനായി.

തെക്കരോട് സമാധാനത്തിന്റെ ഭാഷയിൽ അദ്ദേഹം സംസാരിച്ചു. തമ്മിൽ പോരടിക്കാൻ നിങ്ങൾ ഇടയാക്കരുതേ, എന്നദ്ദേഹം വിനീതനായി അഭ്യർത്ഥിച്ചു. അവർ പ്രസിഡൻറിന്റെ വിനയം ദൗർബ്ബല്യമായിക്കരുതി.

കേന്ദ്രഗവണ്മെൻറുദ്യോഗസ്ഥൻമാരിൽ നല്ലൊരു വിഭാഗം തെക്കരോട് അനുഭാവമുള്ളവരായിരുന്നു. വൈററ്ഹൗസിനു ചുററും അവരുടെ ചാരവലയവും ഉണ്ട്.

വാഷിംഗ്ടണിൽ നിന്ന് ഉദ്ദേശം നൂറുമൈലകലെ 'റിച്ച്മണ്ട്' എന്ന നഗരം ആസ്ഥാനമാക്കി തെക്കർ പ്രവർത്തിക്കുന്നു. അവർ കേന്ദ്രഗവണ്മെൻറിനെ പൂർണ്ണമായും ധിക്കരിച്ചിരിക്കയാണ്. ലിങ്കനെ പ്രസിഡൻറായി അംഗീകരിക്കുന്നില്ല. ജെഫേഴ്സൻഡേവിസ് ആണ്, അവരുടെ പ്രസിഡൻറ്. മുൻപു പറഞ്ഞ ഏഴു സംസ്ഥാനങ്ങൾ കൂടാതെ മററു ചില സംസ്ഥാനങ്ങളും അവരോടു ചേരുമെന്നാണു ശ്രുതി.

വീണ്ടും സമാധാനസംഭാഷണങ്ങൾ – യുദ്ധം ഒഴിവാക്കണമെന്നു അപേക്ഷകൾ, ലിങ്കനിൽ നിന്ന് അവർക്കു ലഭിച്ചു

കൊണ്ടേയിരുന്നു. ''ദുർബ്ബലനായ പ്രസിഡൻറിൻെറ സന്ദേശം അവരുണ്ടോ വകവയ്ക്കുന്നു? തെക്കരുടെ പ്രബലകേന്ദ്രമായ 'സൗത്ത് കരോലിന എന്ന സംസ്ഥാനത്തിൽ — 'സമ്പ്ററർ' എന്നൊരു കോട്ടയുണ്ട്. ആ കോട്ട കേന്ദ്രഗവണ്മെൻറിൻെറ അധീനത്തിലാണ്. വളരെ തന്ത്രപ്രധാനമായ ഒന്നാണത്. അടിയന്തിരമായി കോട്ട വിട്ടുപൊയ്ക്കൊള്ളണം എന്ന് അവിടത്തെ മേധാവിയായിരുന്ന മേജർ ആൻഡേർസന് തെക്കർ അന്ത്യശാസനം നൽകി. കോട്ടപിടിച്ചടക്കി പരസ്യമായി കേന്ദ്രഗവണ്മെൻറിനെ ധിക്കരിക്കണം. അതാണവരുടെ അഭിലാഷം. തിരക്കുപിടിച്ച പടപ്പുറപ്പാടാണ്. ആൻഡേർസനും സൈന്യവും വസ്തുത മുഴുവൻ കേന്ദ്രഗവണ്മെൻറിനെ അറിയിച്ചു.

പ്രകോപനം തൻെറ ഭാഗത്തുനിന്ന് ആകരുതെന്ന് ലിങ്കന് നിർബ്ബന്ധമുണ്ട്. അതുകൊണ്ട് പരസ്യമായി അവിടത്തേക്കു പട്ടാളത്തെ അയയ്ക്കാൻ അദ്ദേഹം മടിച്ചു. കടൽവഴി ആഹാരസാധനങ്ങൾ കോട്ടയിലേക്കു എത്തിക്കണമെന്ന് തീരുമാനിച്ചു. ഭക്ഷണ പദാർത്ഥങ്ങൾ അയയ്ക്കുന്ന കാര്യം അദ്ദേഹം തെക്കരെ അറിയിക്കുകയും ചെയ്തിരുന്നു.

പക്ഷേ, ലിങ്കൻെറ സമാധാന പ്രേമം തെക്കരുണ്ടോ വകവയ്ക്കുന്നു? ആദ്യത്തെ വെടി അവർ തന്നെ പൊട്ടിച്ചു. 1861 ഏപ്രിൽ 12–ാം തീയതി രാവിലെ നാലരമണിക്ക് ജെഫേർസൻെറ പട്ടാളം കോട്ടയിലേക്കു മാർച്ചുചെയ്തു കോട്ട പിടിച്ചടക്കി. ദേശീയപതാകയുമായി മേജർ ആൻഡേർസൻ പ്രാണഹാനി ഭയന്ന്, അനുയായികളോടൊത്ത് ന്യൂയാർക്കിലേക്കു പലായനം ചെയ്തു.

എല്ലാ ക്ഷമയും അസ്തമിച്ചിരിക്കുന്നു. സമാധാനാഭ്യർത്ഥന ഇനി വിലപ്പോവുകയില്ല. ഉരുക്കിൻെറ ഭാഷയേ തെക്കർക്കു മനസ്സിലാവുകയുള്ളൂ. എബ്രഹാംലിങ്കൺ ദൃഢപ്രതിജ്ഞ ചെയ്തു. എന്തു സംഭവിച്ചാലും നാടിൻെറ അഖണ്ഡത താൻ കാത്തുസൂക്ഷിക്കും! ആ പ്രതിജ്ഞ അദ്ദേഹം നിറവേററുക തന്നെ ചെയ്തു. ഈ തീരുമാനം രാജ്യം ഒട്ടാകെ വിളംബരം

ചെയ്തു. ഫെഡറൽ ഗവൺമെൻറിൻെറ സൈന്യം തെക്കോട്ടു നീങ്ങിത്തുടങ്ങി. ഇടയ്ക്കു തെക്കരുടെ ചില ദൂതൻമാർ ഒത്തുതീർപ്പു നിർദ്ദേശങ്ങളുമായെത്തി. അവർ എബ്രഹാംലിങ്കനെ മനസ്സിലാക്കിയിരുന്നില്ല. അദ്ദേഹം ദുർബ്ബലനാണെന്നവർ കരുതി.

വിയോജനവാദത്തിൻെറ അടിസ്ഥാനത്തിൽ ആരുമായും സംഭാഷണം നടത്താൻ താൻ തയ്യാറില്ല. രാഷ്ട്രത്തിൻെറ പൊതുവായ ഭദ്രത—അതിനെക്കുറിച്ചു മാത്രമേ സംസാരിക്കുകയുള്ളൂ. ആ രാജ്യസ്നേഹി തീരുമാനത്തിലുറച്ചു നിന്നു.

1865 ഏപ്രിൽ 14–ാംതീയതി ആൻഡേർസൻ കോട്ടയിൽ നിന്ന്, ദേശീയ പതാകയുമായി പലായനം ചെയ്തതിൻെറ അഞ്ചാം വർഷം പൂർത്തിയാവുന്ന അന്ന്, ആ സൈന്യാധിപൻ അതേ കോട്ടയിൽ ദേശീയപതാക പറപ്പിച്ചു. എബ്രഹാംലിങ്കൻെറ ആത്മധൈര്യത്തിൻെറ വിജയപതാകയായിരുന്നു അത്!

## 14

# സ്വാതന്ത്ര്യത്തിൻെറ പ്രവാചകൻ

അടിമകളുടെ വിമോചനം ലിങ്കൻെറ ജീവിതാഭിലാഷമായിരുന്നു. അവരുടെ വക്താവും നേതാവുമായാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. പക്ഷേ, പ്രസിഡൻറായപ്പോഴ ലിങ്കൺ അടിമകളെ വിസ്മരിച്ചു എന്ന് ചിലർ പരാതിപ്പെടാൻ തുടങ്ങി. സകലരും വിചാരിച്ചത്, പ്രസിഡൻറ് എന്ന നിലയിൽ ലിങ്കൻെറ ആദ്യത്തേ നടപടി അടിമത്തം അവസാനിപ്പിക്കൽ ആയിരിക്കുമെന്നാണ്. അദ്ദേഹം അതിൽ ഉദാസീനനാണോ? പലരും സംശയിച്ചു.

പക്ഷേ, ലിങ്കന് എല്ലാം വ്യക്തമായിരുന്നു. രാഷ്ട്രത്തിൻെറ ഭദ്രത നിലനിറുത്തുകയാണ് ആദ്യത്തെ ലക്ഷ്യം. ഇപ്പോഴ

തെല്ലൊന്ന് ആശ്വസിക്കാം. തെക്കർ പരിപൂർണ്ണമായും കീഴട ങ്ങിയിട്ടില്ല. എന്നാലും അദ്ദേഹത്തിന് ഒന്ന് ഉറച്ചു നിൽക്കാ മെന്ന് ഇപ്പോഴാം തോന്നുന്നു. ഛിദ്രശക്തികൾക്കെതിരെ രാ ജ്യത്തെ ജാഗരൂകമാക്കാൻ അദ്ദേഹം അക്ഷീണം ശ്രമിക്കു ന്നുണ്ട്.

ഇനി വൈകിച്ചുകൂടാ— ലിങ്കൺ അടിമത്തത്തെ അവസാനി പ്പിക്കുന്ന വിളംബരം എഴുതി ഉണ്ടാക്കി.

1863 ജാനുവരി ഒന്ന്. നവവൽസരാശംസകൾ അറിയിക്കാൻ സന്ദർശകൻമാർ പ്രസിഡൻറിൻെറ വസതിയിൽ എത്തിച്ചേർന്നു. ലിങ്കൺ എല്ലാവരോടും കുശലം പറഞ്ഞു. സരസസംഭാഷണ ങ്ങൾക്കുശേഷം അദ്ദേഹം തൻെറ പഠനമുറിയിൽച്ചെന്ന് ഒരു കടലാസുമായി തിരിച്ചുവന്നു. ആ മുഖം തിളങ്ങുന്നുണ്ടായി രുന്നു. ആ നയനങ്ങൾ ദയാർദ്രങ്ങളായിരുന്നു. ലിങ്കൺ കടലാ സുനിവർത്തി വായിച്ചു. ചരിത്രപ്രസിദ്ധമായ വിമോചന വിളംബരമായിരുന്നു അത്.

സുഹൃത്തുക്കൾ പലരും ഗുണദോഷിച്ചു: ഇതു വിവേക മല്ല. തെക്കരെ പ്രകോപിപ്പിക്കാനേ ഈ വിളംബരം സഹായി ക്കൂ. പക്ഷേ, ലിങ്കനെ സംബന്ധിച്ചിടത്തോളം അതു തൻെറ സ്വപ്നത്തിൻെറ സാക്ഷാൽക്കാരമായിരുന്നു. ന്യൂഓർലിയൻ സിലെ അടിമച്ചന്തയിൽ താൻ അന്നു കണ്ട ആ പാവപ്പെട്ട യുവ തിയുടെ ദീനരോദനങ്ങൾ അദ്ദേഹത്തിൻെറ പ്രാണനിൽ തേ ങ്ങിനിന്നിരുന്നു. നിരാലംബയായ ആ പെൺകിടാവ് തൻെറ ദുർവ്വിധിയോർത്ത് പൊട്ടിക്കരഞ്ഞ രംഗം അദ്ദേഹം ഒരിക്കലും വിസ്മരിച്ചില്ല. മനുഷ്യസ്നേഹിയായ ആ മഹാപുരുഷൻ അന്നേ തന്നെ സ്വർഗ്ഗത്തെ സാക്ഷിനിർത്തി, പ്രതിജ്ഞ എടുത്ത താണ്; തനിക്കൊരവസരം ലഭിക്കുകയാണെങ്കിൽ താനീവൃത്തി കെട്ട വ്യവസ്ഥ തൂത്തെറിയുമെന്ന്. ഇന്ന് തനിക്കതിന് സന്ദർ ഭം ലഭിച്ചിരിക്കുന്നു. ഒരു നിലയിലും അതിൽ നിന്നൊഴിഞ്ഞു മാറാൻ സാദ്ധ്യമല്ല.

ലിങ്കൺ പ്രസിഡൻറു പദവിയിൽ അഭിഷേകം ചെയ്യപ്പെട്ട പ്പോഴേ തെക്കർ കരുതിയതാണ്, ഇങ്ങനെയൊക്കെ സംഭവിക്കു

മെന്ന്. പക്ഷേ, ഇത്രവേഗം ഇതു ചെയ്യാനുള്ള മനക്കരുത്ത് അദ്ദേഹം കാണിക്കുമെന്നവർ വിചാരിച്ചില്ല. സകലശക്തിയും സമാഹരിച്ച് അവർ ഒരന്തിമസമരത്തിന് ഒരുങ്ങി, ജനറൽ 'ലീ' എന്ന സൈന്യാധിപൻെറ നേതൃത്വത്തിൽ പടയിളകി. വാഷിംഗ്ടൺ പിടിച്ചടക്കുകയാണ് അവരുടെ ലക്ഷ്യം.

ലിങ്കൺ കുലുങ്ങിയില്ല. അദ്ദേഹം ഉഗ്രമായി തിരിച്ചടിച്ചു. ഫെഡറൽ സൈന്യം ലഹളക്കാർക്കെതിരെ ഉറച്ചു നിന്നു പോരാടി. ലിങ്കൻെറ ആദർശധീരത ആ ധർമ്മഭടൻമാർക്ക് ഒടുങ്ങാത്ത പ്രചോദനമായിരുന്നു.

1863 നവംബർ 19. ജനറൽഗ്രാൻഡിൻെറ നേതൃത്വത്തിൽ ഉള്ള ലിങ്കൻെറ ധർമ്മഭടൻമാർ 'ഗററിസ്ബർഗ്ഗ്'' എന്ന സ്ഥലത്തുവച്ച്, തെക്കരുടെ സൈന്യവുമായി ഏററുമുട്ടി. ആ യുദ്ധത്തിൽ സമ്പൂർണ്ണവിജയം ലിങ്കൻേറതായിരുന്നു. അതോടെ ലഹളക്കാർ ഛിന്നഭിന്നമായി, ലഹളക്കാരുടെ സൈന്യം പലായനം ചെയ്തു.

'ഗററിസ്ബർഗ്ഗ്'', അമേരിക്കൻ ഐക്യനാടുകളിലെ ജനങ്ങളുടെ സ്വാതന്ത്ര്യ വാഞ്ഛയുടെ പ്രതീകമായി മാറി. സ്വാതന്ത്ര്യത്തിൻെറ ബലിപീഠത്തിൽ ജീവാർപ്പണം ചെയ്ത ധീരദേശാഭിമാനികളുടെ സ്മരണയെ ആദരിച്ച്, അവിടെ ഒരു രക്തസാക്ഷി മണ്ഡപം പണിതുയർത്തി. രക്തസാക്ഷി മണ്ഡപത്തിൻെറ മുന്നിൽനിന്ന് എബ്രഹാംലിങ്കൺ ചെയ്ത വിശ്രുതമായ പ്രഭാഷണം ചരിത്രപ്രസിദ്ധമാണ്. ഏഴുമിനിട്ടുനേരമേ അദ്ദേഹം സംസാരിച്ചുള്ളൂ. അത് ആംഗലഭാഷയിലെ അതിമനോഹരമായ ഒരു കാവ്യശകലമാണ്. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള മനുഷ്യാത്മാവിൻെറ ധർമ്മസമരത്തിൽ പൊട്ടിവിടർന്ന ചൈതന്യധാരയാണത്. ലിങ്കൺ ഇങ്ങനെ തുടങ്ങി:

''എൺപത്തേഴു വർഷങ്ങൾക്കു മുൻപ് നമ്മുടെ പൂർവ്വികൻമാർ ഒരു പുതിയ രാഷ്ട്രം സ്ഥാപിച്ചു. സ്വാതന്ത്ര്യമായിരുന്നു മുദ്രാവാക്യം. എല്ലാ മനുഷ്യരും സമൻമാരാണ് എന്ന ഭാവനയായിരുന്നു പ്രേരണാശക്തി. മഹത്തായ നമ്മുടെ

രാഷ്ട്രം അതിജീവിക്കാൻ അർഹമാണോ എന്നതാണ് ഇപ്പോഴ നമ്മുടെ മുന്നിലുള്ള പ്രശ്നം. നാം ഇന്നു പദം ഊന്നിനിൽക്കുന്നത് ആ ആദർശങ്ങരം നിലനിർത്താനുള്ള മഹാസമരം നടത്തിയ ഒരു പടക്കളത്തിലാണ്. രാഷ്ട്രത്തിനുവേണ്ടി സ്വന്തം ജീവൻ ബലിയർപ്പിച്ചവർക്കുള്ള ഒരന്തിമവിശ്രമസ്ഥാനം നാം ഇവിടെ പ്രതിഷ്ഠിച്ചിരിക്കുന്നു. ഇത് എത്ര യുക്തവും ഉചിതവുമായിട്ടുണ്ട്! മരിച്ചവരും ജീവിച്ചിരിക്കുന്നവരുമായ, അനേകായിരം ധീരമതികരം ഈ സ്ഥലത്തെ പവിത്രീകരിച്ചിരിക്കുന്നു. നമ്മുടെ ശക്തികൊണ്ട് അതിന് വർദ്ധനവ് ഉണ്ടാക്കാനോ കുറയ്ക്കാനോ സാദ്ധ്യമല്ല. നമുക്ക് ഒന്നേ കരണീയമായിട്ടുള്ളൂ. അവരെന്തിനുവേണ്ടി പോരാടിയോ, ആ മഹത്തായ ലക്ഷ്യത്തിനുവേണ്ടി സ്വയം സമർപ്പിക്കുക. സംപൂജ്യരായ ആ പരേതർ ജീവിതം ബലികഴിച്ചു പോരാടിയതെന്തിനു വേണ്ടിയാണോ, അതിനുവേണ്ടി തുടർന്നു പോരാടുക: അവരുടെ മരണം വ്യർത്ഥമാകാതിരിക്കട്ടെ! ഈ രാഷ്ട്രത്തിന് ദൈവാനുഗ്രഹത്താൽ സ്വാതന്ത്ര്യത്തിൻെറ ഒരു പുതിയ പുലരി ഉണ്ടാകട്ടെ! ജനങ്ങരംക്കു വേണ്ടി ജനങ്ങളാൽ നടത്തപ്പെടുന്ന ജനകീയഭരണം ഈ ഭൂമുഖത്തുനിന്ന് തിരോധാനം ചെയ്യാൻ ഇടവരുത്താതിരിക്കണം ..................... ഇതാവട്ടെ നമ്മുടെ പ്രതിജ്ഞ ''

## 15
## വീണ്ടും പ്രസിഡൻറു പദവിയിലേക്ക്

ആഭ്യന്തരസമരം പൂർണ്ണമായും അവസാനിച്ചില്ല. തെക്കർ തൽക്കാലം തോററു പിൻവാങ്ങി, പക്ഷേ, അവർ വീണ്ടും പടയ്ക്കു കോപ്പിട്ടു. 'ജൂബാൽഏർലിയുടെ നേതൃത്വത്തിൽ 15000 ഭടൻമാരോടു കൂടി, വാഷിംഗ്ടൺൻെറ നേരെ അത്യുഗ്രമായ ഒരാക്രമണം ഉണ്ടായി. ഒരു ദിവസം പൂർണ്ണമായി നടത്തപ്പെട്ട ഘോരമായ യുദ്ധം അത്യന്തം ഉൽക്കണ്ഠാകുലമായിരുന്നു.

യുദ്ധഗതി നിരീക്ഷിച്ചു കൊണ്ട് ലിങ്കൺ പടക്കളത്തിൽ നിന്നു. അദ്ദേഹത്തിൻെറ കൂടെ ഉണ്ടായിരുന്ന ഒരുദ്യോഗസ്ഥൻ വെടിയേററു മരിച്ചു. ജനറൽ ഗ്രാൻഡിൻെറ നേതൃത്വത്തിൽ രണ്ടു സേനാവ്യൂഹം പെട്ടെന്നു വന്നു ചേർന്നില്ലായിരുന്നുവെങ്കിൽ വാഷിംഗ്ടൺ തകർന്നു പോയേനെ.

പൊരിഞ്ഞ പോരാട്ടത്തിനുശേഷം തെക്കൻ സൈന്യം വീണ്ടും റിച്ച്മണ്ടിലേക്കു പലായനം ചെയ്തു.

കോൺഗ്രസ്സിലും, ലിങ്കൻെറ സ്വന്തം പാർട്ടിക്കുള്ളിലും യുദ്ധം നീണ്ടു പോകുന്നതിനെക്കുറിച്ച് അഭിപ്രായ വ്യത്യാസമുണ്ടായി. തനിക്കെതിരെ പ്രതിഷേധങ്ങൾ ഉയരുന്നതു കണ്ട്, ലിങ്കൺ ദുഃഖിതനായി. പക്ഷേ, കർത്തവ്യനിർവ്വഹണത്തിൽ നിന്ന് അദ്ദേഹം ഒട്ടും പിൻമാറിയില്ല.

ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനിടയിൽ അദ്ദേഹത്തെ സമാശ്വസിപ്പിച്ചത് മക്കളുടെ സ്നേഹപ്രകടനമാണ്. ക്യാബിനററ് കൂടിയിരിക്കുമ്പോൾ പോലും കുട്ടികൾ കടന്നു ചെന്ന് അച്ഛൻെറ മടിയിലിരിക്കും. ടോഡും, വില്ലിയും അദ്ദേഹത്തിൻെറ ഓമനക്കുട്ടൻമാർ ആയിരുന്നു. വില്ലി ഒരിക്കൽ മഴ നനഞ്ഞ് കുതിരസവാരി ചെയ്തു. പനിപിടിച്ച് കിടപ്പിലായി. ലിങ്കൺ പരവശനായി. മകൻെറ കിടക്കയ്ക്കരികെ ഉറക്കമൊഴിച്ചിരുന്ന്, അദ്ദേഹം ശുശ്രൂഷിക്കുമായിരുന്നു.

വില്ലിയുടെ മരണം ആ പിതാവിന് താങ്ങാനാവാത്ത പ്രഹരമായിരുന്നു. പട്ടാളക്കാരെ അദ്ദേഹം സ്വന്തം മക്കളെപ്പോലെ സ്നേഹിച്ചു. ആരെങ്കിലും ഒരു തെററു ചെയ്താൽ കഠിനശിക്ഷ നൽകുന്നതിന് അദ്ദേഹം എതിരായിരുന്നു. നല്ലവരാകാൻ ഒരിക്കലെങ്കിലും അവസരം കൊടുക്കണം. അതായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം.

വില്ലിസ്കോട്ട് എന്ന പട്ടാളക്കാരൻെറ അനുഭവം ലിങ്കൻെറ ഈ സ്നേഹവാൽസല്യത്തിന് നിദർശനമാണ്. ഒരിക്കൽ സ്കോട്ട് പട്ടാളക്യാമ്പിൽ കാവൽക്കാരനായിരുന്നു. അർദ്ധ

രാത്രി ക്ഷീണിച്ചുറങ്ങിപ്പോയി എന്നതിന്റെ പേരിൽ സൈന്യാധിപൻ അയാറംക്കു വധശിക്ഷ വിധിച്ചു. യുദ്ധരംഗം നിരീക്ഷിക്കാനെത്തിയ ലിങ്കൺ സംഭവം അറിഞ്ഞു. അദ്ദേഹം സ്കോട്ടിനെ സമീപിച്ചു പറഞ്ഞു: ''എന്റെ കുട്ടീ! നാളെ നിന്നെ ആരും വെടിവച്ചു കൊല്ലില്ല. വീണ്ടും നിന്നെ വിശ്വസിച്ച് ഞാൻ ഉത്തരവാദിത്വം ഏൽപ്പിക്കുകയാണ്. നിന്നെ രക്ഷിക്കാൻ വേണ്ടി ഇത്രദൂരം പണം ചെലവഴിച്ച് ഞാൻ യാത്രചെയ്തു. എന്റെ യാത്രക്കൂലി നീ തരണം''.

പാവപ്പെട്ട ആ പട്ടാളക്കാരൻ കൃതജ്ഞതാഭരിതനായി. പ്രസിഡൻറിനു പണം കൊടുക്കാൻ തന്റെ കൈയിലില്ല. ചങ്ങാതിമാരുടെ കൈയിൽ നിന്ന് വാങ്ങിച്ചു തരാം. അയാറം വിനയപൂർവ്വം അറിയിച്ചു. ചിരിച്ചു കൊണ്ട് ലിങ്കൺ പ്രതിവചിച്ചു: ''എന്റെ യാത്രക്കൂലി മററാർക്കും തരാൻ ആവില്ല. അത് വില്യംസ്കോട്ടിനു മാത്രമേ സാധിക്കൂ. നിന്നിൽ ഞാനർപ്പിച്ചിരിക്കുന്ന വിശ്വാസം നീ മറക്കരുത്. സത്യസന്ധമായി ജോലി ചെയ്യണം. അതാണ് എനിക്കു ലഭിക്കേണ്ട കൂലി.''

ആ ഭടൻ യുദ്ധ രംഗത്ത് വീരോചിതമായി പൊരുതി മരിച്ചുവീണു. അതിനു മുൻപേ അയാറം പ്രസിഡൻറിന് ഒരു സന്ദേശം എത്തിച്ചു കൊടുക്കാൻ സുഹൃത്തിനോടു പറഞ്ഞു. അതിതായിരുന്നു: ''അങ്ങ് എന്നിൽ അർപ്പിച്ചിരിക്കുന്ന വിശ്വാസത്തിന് അനുസരിച്ച് മരണം വരെ ഞാൻ പ്രവർത്തിച്ചു. എന്നോട് അങ്ങു കാണിച്ച ദയയ്ക്കു നന്ദി.''

ഇത്തരത്തിലുള്ള സംഭവങ്ങറം ലിങ്കന്റെ ജീവിതത്തിൽ നിരവധിയാണ്.

ലിങ്കൺ പ്രസിഡൻറായി സ്ഥാനാരോഹണം ചെയ്തിട്ട് നാലുവർഷം പൂർത്തിയാകുന്നു. പുതിയ പ്രസിഡൻറിന്റെ തെരഞ്ഞെടുപ്പ് അടുത്തു. റിപ്പബ്ളിക്കൻ കക്ഷിയിൽ ആദ്യമാദ്യം ലിങ്കന് കുറച്ചെതിർപ്പൊക്കെയുണ്ടായി. പക്ഷേ, അവസാനം അദ്ദേഹം തന്നെ വീണ്ടും സ്ഥാനാർത്ഥിയായി തെരഞ്ഞെടുക്കപ്പെട്ടു.

തെക്കർ അടങ്ങിയിരുന്നില്ല. അവർ ആഭ്യന്തരസമരം തുടർന്നു. ലിങ്കനെതിരെ പ്രസിഡൻറു സ്ഥാനത്തേക്ക് ഒരു സ്ഥാനാർത്ഥിയെ നിർത്തി. എല്ലാ സ്വാധീനശക്തിയുമുപയോഗിച്ചു. പക്ഷേ, ലിങ്കൺ വൻപിച്ച ഭൂരിപക്ഷത്തോടെ വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു.

താനിതുവരെ പ്രവർത്തിച്ചതിന് ജനങ്ങളുടെ അംഗീകാരമായിരുന്നു അത്. ലിങ്കൺ സന്തുഷ്ടനായി കൂടുതൽ ആവേശത്തോടെ തുടങ്ങിവച്ച കാര്യം പൂർത്തിയാക്കാനുള്ള ശ്രമത്തിന് സ്വയം സമർപ്പിച്ചു. വൻപിച്ച സന്നാഹം കൂട്ടി സൈന്യശേഖരം നടത്തി. സൈന്യം രണ്ടായി ഭാഗിച്ച് ജനറൽഗ്രാൻഡ്, ജനറൽ ഷെർമാൻ എന്നീ സൈന്യാധിപരെ ചുമതലപ്പെടുത്തി. തെക്കരുടെ സൈന്യാധിപൻമാരായ ലീയുടെ നേരെ ഗ്രാൻഡും, ജോൺസ്ററൻെറ നേരെ ഷെർമാനും പടനീക്കി. അതിഘോരമായ യുദ്ധത്തിനുശേഷം റിച്ച്മണ്ടും പീറേറഴ്സ്ബർഗ്ഗും ലിങ്കൻെറ സേന പിടിച്ചടക്കി.

1865 ഏപ്രിൽ ഒൻപതാം തീയതി ജനറൽ ലീ യൂണിയൻ സർവ്വസൈന്യാധിപനായ ജനറൽ ഗ്രാൻഡിൻെറ മുന്നിൽ നിരുപാധികം കീഴടങ്ങി. അതോടെ അമേരിക്കൻ ഐക്യനാടുകളുടെ ഭദ്രത കാത്തുരക്ഷിക്കപ്പെട്ടു.

എബ്രഹാംലിങ്കൺ തൻെറ ജീവിതദൗത്യം നിറവേററിക്കഴിഞ്ഞു. ജോർജ്ജുവാഷിംഗ്ടനും ജെഫേഴ്സനും താലോലിച്ചിരുന്ന ആ സ്വപ്നം — ഐക്യനാടുകളുടെ സ്വാതന്ത്ര്യം — എബ്രഹാംലിങ്കൺ അരക്കിട്ടുറപ്പിച്ചു.

## 16

# അദ്ദേഹം യുഗങ്ങളുടേതാകുന്നു!

ഇന്നദ്ദേഹം സന്തുഷ്ടനാണ്. വിദ്വേഷത്തിന്റെയും, മാൽസര്യത്തിന്റെയും അന്തരീക്ഷം അവസാനിച്ചിരിക്കുന്നു. ഇനി നാടിന്റെ അഭിവൃദ്ധിക്കു വേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ — അതിനെക്കുറിച്ചുള്ള പല സങ്കൽപ്പങ്ങളും അദ്ദേഹത്തിന്റെ ഭാവനയിലുണ്ട്. ആരോടും അദ്ദേഹത്തിന് വെറുപ്പില്ല. വഴിപിഴച്ചു പോയ കുറേ ആളുകളുടെ തെററായ ശ്രമം മാത്രമായിരുന്നു ആഭ്യന്തരസമരം. അവർ കീഴടങ്ങിക്കഴിഞ്ഞിരിക്കുന്നു. വിജയത്തിൽ ലിങ്കൺ അഹങ്കരിച്ചില്ല. ജേതാവിന്റെ ഹൃദയം കരുണാനിർഭരമായിരുന്നു. സകലർക്കും മാപ്പു കൊടുക്കാൻ അദ്ദേഹം തീരുമാനിച്ചു.

ലിങ്കന്റെ ഈ മനോഭാവം സഹപ്രവർത്തകൻമാർക്കു രസിച്ചില്ല. ജനങ്ങളും അതിഷ്ടപ്പെട്ടില്ല വിജയോൻമത്തരായ അവർ ശത്രുക്കളെ മാതൃകാപരമായി ശിക്ഷിക്കണമെന്ന് അഭിപ്രായപ്പെട്ടു.

പക്ഷേ, ലിങ്കൺ ഉറപ്പിച്ചുതന്നെ പറഞ്ഞു: രാജ്യം കണക്കിലേറെ രക്തം ചിന്തിക്കഴിഞ്ഞു. ഇനിയും രക്തം ചിന്താൻ താൻ തയ്യാറില്ല. എതിരാളികളെ നാം ശത്രുക്കളായി കണക്കാക്കരുത്.

അമേരിക്കൻ ഐക്യനാടുകൾ വിജയത്തിൽ മതിമറന്നാഹ്ളാദിച്ചു. എങ്ങും തോരണങ്ങളും ആനന്ദനൃത്തങ്ങളും! ഈ ആഹ്ളാദപ്രകടനങ്ങൾക്കിടയിൽ ഒരു ഗൂഢാലോചന കരുപ്പിടിക്കുന്നുണ്ടായിരുന്നു— ജനങ്ങളുടെ കണ്ണിലുണ്ണിയായ എബ്രഹാംലിങ്കനെ കൊലപ്പെടുത്താനുള്ള ഗൂഢാലോചന!

സുഹൃത്തുക്കൾ പലരും ലിങ്കന് മുന്നറിയിപ്പു നൽകി. അദ്ദേഹത്തിന് ധാരാളം ശത്രുക്കളുണ്ട്. തെക്കരിൽ പലരും ഇന്നും അദ്ദേഹത്തിന്റെ രക്തത്തിനു വേണ്ടി കൊതിക്കു

ന്നുണ്ട്. പാളയത്തിലും പടയുണ്ട്. ലിങ്കൻെറ ശാന്തിവാദം രസിക്കാത്ത പല വടക്കരും മുറുമുറുക്കുന്നുണ്ട്. പ്രസിഡൻറ് സൂക്ഷിച്ചിരിക്കണം — അതാണ് സുഹൃത്തുക്കളുടെ ഉപദേശത്തിൻെറ സാരം.

പക്ഷേ, പേടിച്ച് ഒളിച്ചിരിക്കാൻ അദ്ദേഹത്തിന് സാദ്ധ്യമല്ല. അദ്ദേഹം എന്നും ജനങ്ങളുടെ പ്രിയപ്പെട്ട ലിങ്കനാണ്. തൻെറ ജീവൻ ആർക്കെങ്കിലും വേണമെങ്കിൽ തനിക്കൊരു വിരോധവുമില്ല. പേടിക്കാൻ തുടങ്ങിയാൽ എന്നും പെട്ടിയിൽ ഒളിച്ചിരിക്കണം! മരിക്കുന്നെങ്കിൽ ഒരിക്കലേ മരിക്കൂ. മരണത്തെ പേടിക്കുന്ന ആരം ജീവിച്ചിരിക്കുമ്പോഴം തന്നെ പല വട്ടം മരിക്കുകയാണ്. നാടിൻെറ നൻമയിലും ഭദ്രതയിലും മാത്രമേ തനിക്ക് ആകാംക്ഷയുള്ളൂ. തൻെറ ജീവൻ സംരക്ഷിക്കാൻ താൻ നിശ്ചയിച്ചിട്ടൊന്നുമില്ല!

ലിങ്കൺ എന്നും പുറത്തിറങ്ങി നടക്കും. ജനങ്ങളോട് സ്വച്ഛന്ദം ഇടപഴകും. അതിൽ നിന്നദ്ദേഹത്തെ വിലക്കാൻ ഒരു ശക്തിക്കും സാദ്ധ്യമല്ല.

1865 ഏപ്രിൽ 14. അന്ന് ദുഃഖവെള്ളിയാഴ്ചയായിരുന്നു. രാവിലെ ക്യാബിനററ് യോഗം ചേർന്നു. ഭാവിപരിപാടികളെക്കുറിച്ചും, തൻെറ സങ്കൽപ്പത്തിലുള്ള പുനരുദ്ധാരണ പദ്ധതികളെക്കുറിച്ചും ലിങ്കൺ വിശദമായി സംസാരിച്ചു. നാട്ടിൽ സൗഹാർദ്ദത്തിൻെറ അന്തരീക്ഷം ഉണ്ടാകേണ്ടതിൻെറ അത്യാവശ്യം അദ്ദേഹം ഊന്നിപ്പറഞ്ഞു.

വൈകുന്നേരം ഭാര്യയുമൊന്നിച്ച് നടക്കാൻ പോയി. പലപ്പോഴും വഴക്കിടാറുണ്ടെങ്കിലും ഭർത്താവിൻെറ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തിയ മേരിടോഡ്— പാവം സ്ത്രീ! നാലുകൊല്ലമായി അമേരിക്കയിലെ പ്രഥമ വനിതയാണ്. അവരുടെ സ്വപ്നമായിരുന്നു, അത്. പക്ഷേ, എന്തൊരു കാലഘട്ടമായിരുന്നു, ആ നാലുവർഷം! മരണത്തെ മുഖത്തോടുമുഖം കണ്ട നിമിഷങ്ങൾ! ആപച്ഛങ്ക കൂടാതെ ഒരു ദിവസം പോലും കഴിച്ചുകൂട്ടാനൊത്തില്ല.

ലിങ്കന് ഭാര്യയോടു ദയ തോന്നി. അദ്ദേഹം അവരോടു പറഞ്ഞു: ''നാലുകൊല്ലംകൂടി വൈററ്ഹൗസിൽ ജീവിക്കണം. ഈ ഉത്തരവാദിത്വം വളരെ ഭാരിച്ചതാണ്. കാലാവധിയോടെ നമുക്ക് ഇവിടത്തെ ബഹളത്തിൽ നിന്നെല്ലാമകന്നു സ്പ്രിംഗ് ഫീൽഡിലേക്കു തിരിച്ചുപോകണം. ആ ശാന്തമായ അന്തരീക്ഷത്തിൽ ആശ്വാസം കണ്ടെത്തണം.'' മിസിസ് ലിങ്കൺ നെടുവീർപ്പിട്ടു.

സായാഹ്ന സവാരികഴിഞ്ഞ് തിരിച്ചെത്തി. അന്നത്തെ ഫയലുകളെല്ലാം നോക്കിത്തീർത്തു. പെട്ടെന്നാണ് ലിങ്കൺ ഓർത്തത്: നാടകശാലയിൽ ചെന്നെത്തുമെന്ന് താൻ വാഗ്ദത്തം ചെയ്തിരുന്നല്ലോ? പ്രസിഡൻറിൻെറ സാന്നിദ്ധ്യം പ്രതീക്ഷിച്ച് ആളുകൾ അവിടെ തടിച്ചുകൂടും. താൻ പോയില്ലെങ്കിൽ അവർക്കെന്തു നിരാശയായിരിക്കും! അദ്ദേഹം പോകാൻ തന്നെ തീരുമാനിച്ചു. മിസിസ് ലിങ്കന് സന്തോഷമായി.

നാടകശാലയിൽ ജനങ്ങൾ അക്ഷമരായി കാത്തിരിക്കുന്നു. അമേരിക്കയുടെ മഹാനായ ജേതാവും ജനങ്ങളുടെ പ്രിയപ്പെട്ട പിതാവും ആയ രാഷ്ട്രപതി നാടകം കാണാനെത്തുന്നു! എല്ലാവഴികളും നാടകശാലയിലേക്കൊഴുകിച്ചെന്നു. പ്രസിഡൻറിനിരിക്കാൻ ദേശീയ പതാക പറക്കുന്ന അലങ്കരിച്ച ഇരിപ്പിടം സജ്ജമാക്കിയിട്ടുണ്ട്. എല്ലാവരുടെയും ശ്രദ്ധ അവിടെയാണ്.

ഒൻപതടിക്കാൻ കൃത്യം ഇരുപതു മിനിട്ടുള്ളപ്പോൾ പ്രസിഡൻറും പരിവാരവും എത്തിച്ചേർന്നു. അന്തരീക്ഷം ശബ്ദമുഖരിതമായി. മഹാനായ എബ്രഹാംലിങ്കനെ ജനങ്ങൾ അഭിവാദ്യം ചെയ്തു. ലിങ്കൺ കൈ ഉയർത്തി പ്രത്യഭിവാദനം ചെയ്തു. പ്രസിഡൻറും ഭാര്യയും അലങ്കരിച്ച വേദിയിലിരുന്നു.

നാടകം ആരംഭിച്ചു. മനോഹരമായ ഒരു കലാസൃഷ്ടി. ജനങ്ങളുടെ ശ്രദ്ധ നാടകത്തിൽ ലയിച്ചു.

എങ്ങും പരിപൂർണ്ണമായ നിശ്ശബ്ദത! പുറത്തെ ഇരുളിൽ നിന്ന് പതുങ്ങിപ്പതുങ്ങി ഒരു ചെറുപ്പക്കാരൻ പ്രസി

ഡൻറിൻെറ വേദിയെ സമീപിച്ചു. ആരും അതു ശ്രദ്ധിച്ചില്ല. കാവൽക്കാരൻ ചെന്നുതടുത്തു. പക്ഷേ, അയാാം ഒരു പാസ്സെടുത്തു കാണിച്ച്, എന്തോ അടിയന്തിരകാര്യത്തിന് എന്നുള്ള ഭാവേന പൊടുന്നനെ മുറിയിലേക്കു കടന്നു. പിന്നെ കേട്ടത് അത്യുഗ്ര മായഒരു വെടിയുടെ ശബ്ദമായിരുന്നു. എബ്രഹാം ലിങ്കൻെറ തലയ്ക്കു വെടിയേററിരിക്കുന്നു. അദ്ദേഹം വിറച്ചു വിറച്ച് കസേരയിൽ കുഴഞ്ഞു വീണിരിക്കുന്നു. അടുത്തുനിന്നിരുന്ന അംഗരക്ഷകൻമാർക്ക് പെട്ടെന്ന് ഒന്നും മനസ്സിലായില്ല. ആ നടുക്കത്തിൽ നിന്ന് ഉണർന്നപ്പോാം ഒരാാം വിളിച്ചു പറഞ്ഞു: ''അവനെ പിടിക്കൂ; അവൻ പ്രസിഡൻറിനെ കൊന്നിരിക്കുന്നു.''

വെടിശബ്ദം നാടകത്തിലെ പടങ്ങാണെന്ന് ജനങ്ങാം കരുതി. അംഗരക്ഷകൻെറ നിലവിളി മുഴങ്ങിക്കേട്ടപ്പോാം അന്തരീക്ഷമാകെ പ്രകമ്പിതമായി. പ്രിയപ്പെട്ട ആബെ വധിക്കപ്പെട്ടിരിക്കുന്നു! ആ വാർത്ത ഒരിടിവാാംപോലെ അവരുടെ ബോധമണ്ഡലത്തിൽ പതിച്ചു!

ഘാതകനെ പിടിക്കാൻ ആർക്കും ഒത്തില്ല. അയാാം ഉഴറി ഓടി പുറത്തൊരുക്കി നിറുത്തിയിരുന്ന കുതിരപ്പുറത്തുകയറി ശരം വിട്ടപോലെ പാഞ്ഞു.

ആ ക്രൂരസത്യം തങ്ങളുടെ മുന്നിൽ വന്നുനിന്നപ്പോാം ജനങ്ങാം പൊട്ടിക്കരഞ്ഞു. മിസിസ് ലിങ്കൺ ബോധം കെട്ടുവീണു. എല്ലാം നഷ്ടപ്പെട്ടിരിക്കുന്നു! ഭിഷഗ്വരൻമാർ ഓടിയെത്തി. ഒരു പ്രയോജനവുമില്ല! ലിങ്കൺ ബോധരഹിതനാണ്. തലയ്ക്കു വെടിയേററ് രക്തം വാർന്നുപോയിരിക്കുന്നു.

കസേരയിൽ കിടന്നിരുന്ന ലിങ്കനെ അടുത്ത് ഒരു വീട്ടിലെ മുറിയിലേക്കു മാററി. പ്രിയപ്പെട്ട ലിങ്കനെ കാണാൻ ജനങ്ങാം തിക്കിത്തിരക്കി വന്നു. സകലരും വാവിട്ടു നിലവിളിച്ചു. ആ മഹാ പുരുഷൻ തങ്ങളെ വിട്ടു പിരിയുകയാണോ?

ലിങ്കൻെറ പ്രിയപുത്രൻ റോബർട്ടുലിങ്കൺ അച്ഛൻെറ കട്ടിലിനടുക്കൽ തന്നെ നിലകൊണ്ടു.

പിറ്റേന്നു പ്രഭാതമായി, ലിങ്കൺ അന്ത്യശ്വാസം വലിക്കുകയാണ്. ഡോക്ടർമാർ അടുത്തു തന്നെയുണ്ട്. എന്തു ചെയ്യണമെന്നവർക്കൊന്നും അറിഞ്ഞു കൂടാ. ശോകനിർഭരമായ നിമിഷങ്ങൾ! സമയം ഏഴുമണി കഴിഞ്ഞ് ഇരുപത്തിരണ്ടു മിനിട്ട്. ദയാർദ്രങ്ങളായ ആ കണ്ണുകളടഞ്ഞു. അതിനി തുറക്കില്ല. ഒരിക്കലും. സത്യസന്ധനായ ആബെ ലോകത്തോട് എന്നെന്നേക്കുമായി അന്ത്യയാത്ര പറഞ്ഞു!

അവിടെ സന്നിഹിതനായിരുന്ന യുദ്ധകാര്യ മന്ത്രിയായ സ്ററാൻടൺ പുറത്തു വന്നു, നിരുദ്ധകണ്ഠനായി ആ വാർത്ത കാത്തിരുന്ന ജനക്കൂട്ടത്തെ അറിയിച്ചു. ''ഇന്നലെ അദ്ദേഹം അമേരിക്കയുടേതായിരുന്നു .................. നമ്മുടേതുമാത്രമായിരുന്നു .............................. എന്നാൽ .................. ഇപ്പോഴദ്ദേഹം ലോകത്തിന്േറതായിക്കഴിഞ്ഞിരിക്കുന്നു ...... ............ഇപ്പോഴദ്ദേഹം യുഗങ്ങളുടേതാകുന്നു...........

6794

MUNAVVIRUL ISLAM HIGH SCHOOL
Date
ERNAKULAM

Printed at
City Press, Trivandrum.